# പതിമൂന്നാം കേരള നിയമസഭ

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്റ്റ് കമ്മിറ്റി III
# (SUBJECT COMMITTEE III)

## ജലവിഭവം

**(WATER RESEOURCES)**

## പീരിയോഡിക്കൽ റിപ്പോർട്ട്

(2013 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2013)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2013 June 24-ാം തീയതി സമർപ്പിച്ചത്

(Presented on 24th June, 2013)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2013

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി III

# (SUBJECT COMMITTEE III)

ജലവിഭവം

(WATER RESOURCES)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2013 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31ST MARCH 2013)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

840/2013.

# ഉള്ളടക്കം

*പേജ്*


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 34 |

## സബ്ജക്റ്റ് കമ്മിറ്റി III

### ജലവിഭവം

(2011–2013)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. പി. ജെ. ജോസഫ്,
ജലവിഭവ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. എ. എം. ആരിഫ്

ശ്രീ. വി. റ്റി. ബൽറാം

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. വർക്കല കഹാർ

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

ശ്രീ. റ്റി. എൻ. പ്രതാപൻ

ശ്രീ. തോമസ് ചാണ്ടി

ശ്രീ. തോമസ് ഉണ്ണിയാടൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

## അവതാരിക

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III (2011-2013)-ന്റെ, 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2011 ജൂൺ 28-ാം തീയതിയിലെ ബുള്ളറ്റിൻ 15 പ്രകാരം രൂപീകൃതമായ സമിതിയുടെ 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള പ്രവർത്തനങ്ങൾ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫ് സമിതി ചെയർമാനും നിയമസഭാംഗങ്ങളായ സർവ്വശ്രീ എ. എം. ആരിഫ്, വി. റ്റി. ബൽറാം, കെ. കെ. ജയചന്ദ്രൻ, ജി. എസ്. ജയലാൽ, വർക്കല കഹാർ, കെ. കുഞ്ഞിരാമൻ (ഉദുമ), കെ. മുഹമ്മദുണ്ണി ഹാജി, റ്റി. എൻ. പ്രതാപൻ, തോമസ് ചാണ്ടി, തോമസ് ഉണ്ണിയാടൻ എന്നിവർ സമിതി അംഗങ്ങളുമാണ്.

റിപ്പോർട്ട് കാലയളവിൽ 12-4-2012, 17-4-2012, 2-5-2012, 19-7-2012, 31-10-2012, 6-3-2013 എന്നീ തീയതികളിലായി സമിതിയുടെ ആറ് യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 12-4-2012, 17-4-2012 എന്നീ തീയതികളിലെ യോഗങ്ങൾ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുകയും 2-5-2012-ലെ യോഗം 2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ കരട് റിപ്പോർട്ട് പരിഗണിക്കുകയും ചെയ്തു. 19-7-2012-ലെ യോഗത്തിൽ 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. 31-10-2012-ലെ യോഗത്തിൽ (2011-12) സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേലും യോഗനടപടികുറിപ്പുകളിലെ സമിതി നിർദ്ദേശങ്ങളിന്മേലും ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടികൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. 6-3-2013-ൽ ചേർന്ന യോഗത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 A പ്രകാരം "രാജീവ് ഗാന്ധി കുടിവെള്ള സംരംഭം" സംബന്ധിച്ച വിഷയം ചർച്ച ചെയ്യുകയും, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേലും യോഗനടപടിക്കുറിപ്പിലെ സമിതി നിർദ്ദേശങ്ങളിന്മേലും സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 60% ആയിരുന്നു.

2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള കാലയളവിലെ ഈ റിപ്പോർട്ട് 5 ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം ഭാഗത്ത് സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും രണ്ടാം ഭാഗത്ത് സമിതി പരിഗണിച്ച ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റും മൂന്നാം ഭാഗത്ത്

യോഗനടപടിക്കുറിപ്പുകളിലെ ശുപാർശകളിന്മേൽ സമിതി പരിഗണിച്ച സർക്കാർ നടപടികളുടെ സ്റ്റേറ്റ്മെന്റും നാലാം ഭാഗത്ത് സമിതിയുടെ സ്പെഷ്യൽ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സമിതി പരിഗണിച്ച സർക്കാർ നടപടികളുടെ സ്റ്റേറ്റ്മെന്റും അഞ്ചാം ഭാഗത്ത് സഭയിൽ സമർപ്പിച്ച ഡിലേസ്റ്റേറ്റ്മെന്റുകളുടെയും ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകളുടെയും വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായും ചേർത്തിട്ടുണ്ട്.

ഈ റിപ്പോർട്ട് 2013 മേയ് 6-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

പി. ജെ. ജോസഫ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി III.*

തിരുവനന്തപുരം,
2013 മേയ് 6.

# റിപ്പോർട്ട്

## ഭാഗം I

2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2012 മേയ് മാസം 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു. പ്രസ്തുത റിപ്പോർട്ട് 2012 ജൂൺ 11-ാം തീയതി സഭയിൽ സമർപ്പിച്ചു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ | XX | —ശുദ്ധജലവിതരണവും ശുചീകരണവും |
| ധനാഭ്യർത്ഥന നമ്പർ | XXIX | —കൃഷി (ചെറുകിട ജലസേചനം) [2702, 2705, 4702, 6705 എന്നീ കണക്കിനങ്ങൾ മാത്രം] |
| ധനാഭ്യർത്ഥന നമ്പർ | XXXVIII | —ജലസേചനം |

2. സമിതിയുടെ 2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് 2012 ജൂൺ 28-ാം തീയതി സഭയിൽ സമർപ്പിച്ചു.

3. 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2012 ജൂലൈ 24-ാം തീയതി സഭയിൽ സമർപ്പിച്ചു.

## ഭാഗം II

### ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടികൾ

### I. (2006-2007)-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

#### പൊതു ശുപാർശ

ജലസേചന ശുദ്ധജല വിതരണ പദ്ധതികളുടെ ഭാഗമായ അണക്കെട്ടു കളുടെ വൃഷ്ടിപ്രദേശങ്ങളിലും ജലസംഭരണികളിലും എല്ലാ കനാലുകളിലും മണ്ണും ചെളിയും മറ്റു മാലിന്യങ്ങളും ക്രമാതീതമായി വന്നടിഞ്ഞ് അണക്കെട്ടുകളുടെ ജലസംഭരണ ശേഷി വളരെയധികം കുറയുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് വിഘാതമുണ്ടാക്കുന്നു. മാത്രമല്ല ഇത് ഗുരുതരമായ ആരോഗ്യ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുകയും കൂടി ചെയ്യും. ആകയാൽ അണക്കെട്ടുകളുടെ ജലസംഭരണികളിൽ അടിഞ്ഞുകൂടുന്ന ചെളിയും മണ്ണും മറ്റു മാലിന്യങ്ങളും നീക്കം ചെയ്ത് ജലസംഭരണികളുടെ പൂർണ്ണശേഷി കൈവരിക്കുന്നതിനാവശ്യമായ ഒരു ബൃഹത്പദ്ധതി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ ജലസംഭരണികളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലും മണലും നീക്കം ചെയ്യുന്നതിനുവേണ്ടി ജലവിഭവ സെക്രട്ടറി ചെയർമാനും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ കൺവീനറും ആയിട്ടുള്ള 9 അംഗങ്ങളുള്ള ഒരു കമ്മിറ്റി 4-10-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 117/12/ഐ.ഡി. ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി മണലും എക്കലും നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും പരിശോധിച്ച് സമഗ്രമായ നയം രൂപീകരിക്കുന്നതാണ്.

## II. (2007-2008)-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

<u>പൊതു ശുപാർശ</u>

2701-02-109-98—<u>തണ്ണീർമുക്കം പദ്ധതിയുടെ സംരക്ഷണ പണികൾ</u>

തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി 50 ലക്ഷം രൂപ മാത്രമേ ഈ വർഷം വകയിരുത്തിയിട്ടുള്ളു. ഈ തുക തികച്ചും അപര്യാപ്തമാണ്. സ്വാമിനാഥൻ കമ്മീഷൻ തണ്ണീർമുക്കം ബണ്ടിനെക്കുറിച്ച് പഠനം നടത്തിവരുന്ന സാഹചര്യത്തിൽ ഇത് കേന്ദ്രാവിഷ്കൃത പദ്ധതിയിൽപ്പെടുത്തി ഈ പദ്ധതി നടപ്പിലാക്കാനും പ്രത്യേക കാർഷിക പാക്കേജിന്റെ ഭാഗമായി സംസ്ഥാന വിഹിതം എന്ന നിലയിൽ ഈ ശീർഷകത്തിൽ 10 കോടി രൂപ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സ്വീകരിച്ച നടപടി</u>

സ്വാമിനാഥൻ കമ്മീഷൻ തണ്ണീർമുക്കം ബണ്ടിനേയും കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെന്നൈ ഐ.ഐ.ടി. ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തി അന്തിമ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി മണ്ണിന്റെ ഘടന പരിശോധിക്കുന്നതിനുള്ള എസ്റ്റിമേറ്റിന് സർക്കാരിന്റെ അനുമതി ഇതുവരെ നൽകിയിട്ടില്ല. ആയതിനാൽ ഈ സാമ്പത്തിക വർഷം അവശേഷിക്കുന്ന മൂന്ന് മാസങ്ങളിൽ കുട്ടനാട് പാക്കേജിൽ തുക വകയിരുത്തിയാൽത്തന്നെ അത് ചെലവഴിക്കാൻ സാധിക്കുകയില്ല എന്ന് ഇതിനാൽ സമിതിയെ അറിയിച്ചുകൊള്ളുന്നു.

## III. (2009-2010)-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

<u>ശുപാർശ</u>

2215-01-800-96—<u>ലോകബാങ്ക് സഹായത്തോടെയുള്ള കേരള ഗ്രാമീണ ശുദ്ധജല വിതരണ പരിസ്ഥിതി ശുചീകരണ പദ്ധതി</u>

കേരള ഗ്രാമീണ ശുചീകരണ പ്രോജക്ട് 451.40 കോടി രൂപ ചെലവ് കണക്കാക്കി ലോക ബാങ്ക് സഹായത്തോടെ നടത്തിവരികയാണ്. നാല് ജില്ലകളിലായി 80-100 ഗ്രാമപഞ്ചായത്തുകളിൽ പ്രോജക്ട് നടപ്പാക്കുന്നതിനായിരുന്നു ആദ്യം ലക്ഷ്യമിട്ടിരുന്നത്. പിന്നീട് സുനാമിബാധിത പ്രദേശങ്ങളിലെ ശുദ്ധജല മേഖലയിൽ കൂടി

പദ്ധതി വ്യാപിപ്പിക്കുകയുണ്ടായി. 3692 ചെറുകിട ശുദ്ധജല പദ്ധതികളും 11 ബൃഹത് കുടിവെള്ള പദ്ധതികളും ഇതിനകം പൂർത്തിയാക്കിക്കഴിഞ്ഞു. 2009-10 വർഷത്തിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള 4 ബൃഹത് കുടിവെള്ള പദ്ധതികളുടേയും (പാണഞ്ചേരി-തൃശ്ശൂർ, പാലക്കുഴ-എറണാകുളം, ആനക്കട്ടി-കോട്ടത്തറ-മട്ടത്തുകാട്-പാലക്കാട്, വള്ളിക്കുന്ന്-മലപ്പുറം) ചവറ-പന്മന സുനാമി റീഹാബിലിറ്റേഷൻ ബൃഹത് ശുദ്ധജല വിതരണ പദ്ധതികളുടെയും പണികൾ പൂർത്തിയാക്കുന്നതിനായി അനുവദിച്ച 1 കോടി രൂപ അപര്യാപ്തമായതിനാൽ ഈയിനത്തിൽ 29 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

ശുപാർശയിൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികളെല്ലാം 2009-10, 2010-11, 2011-12 എന്നീ വർഷങ്ങളിലായി പൂർത്തീകരിച്ചിട്ടുണ്ട്. ചവറ-പന്മന സുനാമി പുനരധിവാസ ബൃഹത് ശുദ്ധജലവിതരണ പദ്ധതി പൂർത്തിയാക്കുന്നതിന് 33.25 കോടി രൂപ 2009-10, 2010-11 വർഷങ്ങളിലായി അനുവദിച്ചിട്ടുണ്ട്. കൂടാതെ പാണഞ്ചേരി (തൃശ്ശൂർ), പാലക്കുഴ (എറണാകുളം), ആനക്കട്ടി-കൊട്ടത്തറ-മട്ടത്തുകാട് (പാലക്കാട്), വള്ളിക്കുന്ന് (മലപ്പുറം) എന്നീ പദ്ധതികൾക്കായി 2011-12 സ്റ്റേറ്റ് പ്ലാനിൽ നിന്നും 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2012-13 ബഡ്ജറ്റിൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 2 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്. മേൽ സൂചിപ്പിച്ച പദ്ധതികളുടെ ബാദ്ധ്യതകൾ തീർക്കുന്നതിന് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ പര്യാപ്തമായതിനാൽ ഈ പദ്ധതികൾക്കായി അധിക ഫണ്ട് വകയിരുത്തേണ്ടതില്ല.

## IV. (2011-12)-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

ശുപാർശ

### ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും

2215-01-190-99(18)—ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ

1-4-2009 മുതൽ പ്രാബല്യത്തിൽ വന്ന നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാമിന്റെ രൂപരേഖ പ്രകാരം പദ്ധതികളുടെ മുഴുവൻ തുകയും കേന്ദ്രസംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ നൽകേണ്ടതാണ്. ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന 83 പദ്ധതികളുടെ നടത്തിപ്പിലേക്കായി വകയിരുത്തിയിട്ടുള്ള 50 കോടി രൂപ തികച്ചും അപര്യാപ്തമായതിനാൽ 62 കോടി രൂപ കൂടി സംസ്ഥാന വിഹിതമായി വാട്ടർ അതോറിറ്റിക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 50 കോടി രൂപ '2215-01-99(18) ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ' എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

4215-01-800-99-01(പി)—നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ

നോൺ പ്ലാൻ ഇനത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ വാട്ടർ അതോറിറ്റിക്ക് വിവിധ ഇനങ്ങളിലുള്ള വരവ് കഴിച്ചുള്ള റവന്യൂ ചെലവായി കണക്കാക്കിയിട്ടുള്ളത് 507.65 കോടി രൂപയാണ്. എന്നാൽ 155.66 കോടി രൂപ മാത്രമാണ് ഈയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ തുക തികച്ചും അപര്യാപ്ത മായതിനാൽ 351.99 കോടി രൂപ കൂടി നോൺ പ്ലാൻ ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 155.66 കോടി രൂപയ്ക്ക് പുറമേ വരൾച്ചാദുരിതാശ്വാസ പദ്ധതി സഹായമായി അറ്റകുറ്റപ്പണികളുടെ കുടിശ്ശിക തീർക്കുവാൻ നോൺ പ്ലാൻ ഗ്രാന്റിനത്തിൽ 34.86 കോടി രൂപ അധികമായി അനുവദിച്ചു. ആകെ നോൺ പ്ലാൻ ഗ്രാന്റായി 190.52 കോടി രൂപ അനുവദിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി (ചെറുകിട ജലസേചനം)

ശുപാർശ

2702-01-001-99-21 (2)

ചെറുകിട ജലസേചന വിഭാഗത്തിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച 1 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദി ക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2702-03-101-98-01—പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ച ചെറുകിട ജലസേചനപ്രവൃത്തികൾക്കുവേണ്ട ചെലവ്

ക്രോസ് ബാറുകൾ, വിയറുകൾ തുടങ്ങിയവ നിർമ്മിച്ച് 50 ഹെക്ടർ വരെ ജലസേചനം ഏർപ്പെടുത്തുന്നതിനുള്ള ഈ പദ്ധതിക്കായി 1 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പുതിയ പ്രവൃത്തികൾ ചെയ്യുന്നതിനും ഏറ്റെടുത്ത പണികൾ ചെയ്ത് തീർക്കുന്നതിനും ഈ തുക തികച്ചും അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

2011-12-ലെ ബഡ്ജറ്റ് വിഹിതമായ 1 കോടി രൂപയ്ക്ക് പുറമേ 22,33,000 രൂപ അധികമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

2702-03-101-98-02—ചെറുകിട ജലസേചന പദ്ധതികളുടെ കോടുപാടുപോക്കൽ

ജലസേചന വകുപ്പിനുകീഴിലുള്ള നിരവധി ഇറിഗേഷൻ പദ്ധതികളുടെയും ചെറുകിട ജലസേചന പദ്ധതികളുടെയും കേടുപാടു തീർക്കുന്നതിനായി ഈയിനത്തിൽ വകയിരുത്തിയിട്ടുള്ള 1 കോടി രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷം ഈ കണക്കിനത്തിൽ വകയിരുത്തിയിട്ടുള്ള 1 കോടി രൂപയ്ക്കുപുറമേ 16,20,000 രൂപ അധികമായി സർക്കാരിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

ശുപാർശ

4702-101-99-01—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്

ചെക്ക് ഡാമുകൾ, റഗുലേറ്ററുകൾ, ബണ്ടുകൾ, ചെറുകിട തോടുകൾ, ക്രോസ് ബാറുകൾ മുതലായവ നിർമ്മിച്ച് 2000 ഹെക്ടർ വരെ ജലസേചനമേർപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിയാണിത്. നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പുതിയ പദ്ധതികൾക്കുവേണ്ടി തുകയൊന്നും വകയിരുത്തിയിട്ടില്ല. ഈയിനത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

നടപ്പു സാമ്പത്തിക വർഷം ഈ കണക്കിനത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിനു പുറമെ 2,05,80,000 രൂപ ഇതുവരെ അനുവദിച്ചു നൽകിയിട്ടുള്ളതാകുന്നു.

ശുപാർശ

4702-00-101-90—ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കൽ

നെൽകൃഷിക്ക് വേണ്ടിയുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ ഭൂരിഭാഗവും ഇപ്പോൾ പൂർണ്ണമായും പ്രവർത്തനക്ഷമമല്ല. ഇവയുടെ പുനരുദ്ധാരണത്തിനും അതുവഴി നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതിക്ക് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല, ഏറ്റെടുത്ത പണികൾ പൂർത്തീകരിക്കുന്നതിന് 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷം ഈ കണക്കിനത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിന് പുറമെ 2,09,91,000 രൂപ സർക്കാരിൽ നിന്നും അനുവദിച്ചു നൽകിയിട്ടുള്ള താകുന്നു.

ശുപാർശ

4702-00-101-89—മലബാർ ജലസേചന പാക്കേജ് (മിർപ)

ചെറുകിട ജലസേചനത്തിനായി മലബാർ പ്രദേശത്ത് നിലവിലുള്ള റഗുലേറ്ററുകളു ടേയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടേയും പുനരുദ്ധാരണ പണികൾക്ക് വകകൊള്ളിച്ചി ട്ടുള്ള 14.52 കോടി രൂപ അപര്യാപ്തമായതിനാൽ ഈയിനത്തിൽ 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

ഈ കണക്കിനത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ ആഗസ്റ്റ് മാസംവരെയാണ് കൊടുത്തുതീർത്തത്. സെപ്റ്റംബർ മാസം മുതൽ ഉള്ള ബില്ലുകൾ കൊടുക്കുന്നതിന് കൂടുതൽ തുക അനുവദിക്കേണ്ടതുണ്ട്.

ശുപാർശ

4702-00-101-88—മലബാർ ജലസേചന പാക്കേജ് (എറണാകുളം ജില്ലയ്ക്കുവേണ്ടിയുള്ള പ്രത്യേക പാക്കേജ്)

എറണാകുളം ജില്ലയിൽ നിലിവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണത്തിനായുള്ള ഈ പദ്ധതിക്ക് 9.90 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരു ത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ 15 കോടി രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമായിട്ടുള്ള 9.90 കോടി രൂപയ്ക്കുപുറമേ സർക്കാരിൽ നിന്നും ഈ കണക്കിനത്തിൽ 304.07 ലക്ഷം രൂപ അധികമായി അനുവദിച്ച് നൽകിയിട്ടുള്ളതാകുന്നു.

ശുപാർശ

4702-00-101-87—കുളങ്ങളുടെ നവീകരണം

ചെറുകിട ജലസേചനത്തിനായി സംസ്ഥാനത്തെ കുളങ്ങളുടെ നവീകരണത്തിനായി ആരംഭിച്ച ഈ പദ്ധതിക്കായി 10 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കരാറുകാരുടെ ബില്ലുകൾ കൊടുത്തുതീർക്കേണ്ടതിന് 10 കോടി രൂപ കൂടി അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

2011-12-ലെ ബഡ്ജറ്റ് വിഹിതമായ 185.49 ലക്ഷം രൂപയ്ക്കുപുറമേ 6,82,64,923 രൂപ അധികമായി നൽകിയിട്ടുള്ളതാകുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVIII—ജലസേചനം

ശുപാർശ

2700-01-101-98—പെരിയാർ നദീതട പദ്ധതി (വാണിജ്യപരം)

പെരിയാർ നദീതട പദ്ധതിയുടെ നിർമ്മാണം പൂർത്തിയായ ഭാഗങ്ങളുടെ സംരക്ഷണ പണികൾക്കായി 6 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കനാലുകളുടെ സംരക്ഷണ പണികൾ കാലാകാലം തീർക്കേണ്ടതാണെന്നതിനാൽ 60 ലക്ഷം രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

പെരിയാർ നദീതട പദ്ധതിയുടെ സംരക്ഷണ പണികൾക്ക് അധികമായി തുക ആവശ്യമായി വന്നില്ല.

ശുപാർശ

2700-02-101-98—മലമ്പുഴ പദ്ധതി (വാണിജ്യപരം)

പൂർത്തിയായ മലമ്പുഴ പദ്ധതിക്കുവേണ്ടിയുള്ള സംരക്ഷണ പണികൾക്ക് 5 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇത് തികച്ചും അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

ഇതിൽ 7.51 ലക്ഷം രൂപ അധികമായി അനുവദിച്ചു. ലഭ്യമായ തുക ഉപയോഗിച്ച് സംരക്ഷണ പ്രവൃത്തികൾ ഏർപ്പാടുചെയ്തു. 2011-12 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ 390.53 ലക്ഷം രൂപ ചെലവായി.

ശുപാർശ

2700-12-101-98—പഴശ്ശി പദ്ധതി (വാണിജ്യേതരം)

പഴശ്ശി പദ്ധതിയുടെ സംരക്ഷണ പണികൾക്ക് 1.21 കോടി രൂപയാണ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നത്. പദ്ധതിയുടെ മോശമായ 14 റേഡിയൽ ഗേറ്റുകൾ പുനഃസ്ഥാപിക്കുന്നതിന് ഈയിനത്തിൽ 8 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തിൽ പഴശ്ശി പദ്ധതിയുടെ സംരക്ഷണ പ്രവൃത്തികൾക്ക് വേണ്ടി 1.21 കോടി രൂപയായിരുന്നു അനുവദിച്ചിരുന്നത്. പ്രസ്തുത തുകയ്ക്കുള്ള പ്രവൃത്തികൾ ഏർപ്പാട് ചെയ്യുകയും ചെയ്തിരുന്നു. പഴശ്ശി പദ്ധതിയുടെ മോശമായ 14 റേഡിയൽ ഷട്ടറുകൾ പുനഃസ്ഥാപിക്കുന്നതിന് 8 കോടി രൂപ അനുവദിക്കുന്നതിന് സമിതി ശുപാർശ ചെയ്തിരുന്നു. ഈ ആവശ്യത്തിലേക്കായി 7 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2700-17-101-98—ചിറ്റൂർ പുഴ പദ്ധതി (വാണിജ്യേതരം)

ചിറ്റൂർ പുഴ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി ബഡ്ജറ്റിൽ വകകൊള്ളിച്ചി ട്ടുള്ള 2.86 കോടി രൂപ അപര്യാപ്തമായതിനാൽ 1.10 കോടി രൂപ അധികമായി അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തിൽ ചിറ്റൂർപുഴ പദ്ധതിയുടെ സംരക്ഷണ പ്രവൃത്തി കൾക്ക് വേണ്ടി 287 ലക്ഷം രൂപയായിരുന്നു അനുവദിച്ചിരുന്നത്. സ്പിൽ ഓവർ പ്രവൃത്തി കളും കൂടി കണക്കിലെടുത്താണ് ബഡ്ജറ്റ് നിർദ്ദേശം സമർപ്പിച്ചിരുന്നത്. ബഡ്ജറ്റ് വിഹിതത്തിൽ അപര്യാപ്തത കണക്കിലെടുത്ത് 1.10 കോടി രൂപ അധികമായി അനുവദി ക്കണമെന്ന് സബജക്ട് കമ്മിറ്റി III (ജലവിഭവം) ശുപാർശ ചെയ്തിരുന്നു. ഇതിൽ 0.14 ലക്ഷം രൂപ അനുവദിച്ചിരുന്നു. ലഭ്യമായ തുക ഉപയോഗിച്ച് സംരക്ഷണ പ്രവർത്തി കൾ ഏർപ്പാട് ചെയ്യുകയാണ് ചെയ്തത്. 2011-12 സാമ്പത്തിക വർഷത്തിൽ 2.76 കോടി രൂപ ചെലവായി.

ശുപാർശ

2700-18-101-98—കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

കാഞ്ഞിരപ്പുഴ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ള 2.4 കോടി രൂപ അപര്യാപ്തമായതിനാൽ 1 കോടി രൂപ കൂടി ഈയിനത്തിൽ അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

2011-2012 സാമ്പത്തിക വർഷത്തിൽ കാഞ്ഞിരപ്പുഴ പദ്ധതിയുടെ സംരക്ഷണ പ്രവൃത്തികൾക്കുവേണ്ടി 2.4 കോടി രൂപയായിരുന്നു അനുവദിച്ചിരുന്നത്. പ്രസ്തുത തുകയ്ക്കുള്ള പ്രവൃത്തികൾ ഏർപ്പാട് ചെയ്യുകയും ചെയ്തിരുന്നു. സ്പിൽ ഓവർ പ്രവൃത്തികളും കൂടി കണക്കിലെടുത്താണ് ബജറ്റ് നിർദ്ദേശം സമർപ്പിച്ചിരുന്നത്. ബജറ്റ് വിഹിതത്തിന്റെ അപര്യാപ്തത കണക്കിലെടുത്ത് 1 കോടി രൂപ അധികമായി അനുവദിക്കണ മെന്ന് സബ്ജക്ട് കമ്മിറ്റി III (ജലവിഭവം) ശുപാർശ ചെയ്തിരുന്നു. ഈയിനത്തിൽ

അധിക തുകയൊന്നും ലഭിച്ചിട്ടില്ല. ലഭ്യമായ തുക ഉപയോഗിച്ച് സംരക്ഷണ പ്രവൃത്തികൾ ഏർപ്പാടു ചെയ്യുകയാണ് ചെയ്തത്. 2011-2012 സാമ്പത്തിക വർഷത്തിൽ 128.05 ലക്ഷം രൂപ ചെലവായി.

ശുപാർശ

2701-02-101-98—ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യപരം)

ഈ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ച 1.6 കോടി രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

ഈ പദ്ധതിക്കുവേണ്ടി അധിക തുക ആവശ്യമായി വന്നില്ല.

ശുപാർശ

2701-03-101-98—ചീരക്കുഴി പദ്ധതി (വാണിജ്യപരം)

ചീരക്കുഴി പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ള 87 ലക്ഷം രൂപ തുലോം കുറവായതിനാൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സ്വീകരിച്ച നടപടി

ചീരക്കുഴി പദ്ധതിയുടെ സംരക്ഷണ പണികൾക്കായി 8.51 ലക്ഷം ലൂപ അധികമായി അനുവദിച്ചു.

ശുപാർശ

2701-80-001-95—കേരള ഡാം സുരക്ഷാ അതോറിറ്റി

അതോറിറ്റിയിലെ ജീവനക്കാരുടെ ശമ്പളത്തിനും മറ്റു ഓഫീസ് ചെലവുകൾക്കുമായി വകയിരുത്തിയിട്ടുള്ള 60.78 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 11.28 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തിൽ 2701-80-001-95—കേരള ഡാം സുരക്ഷാ അതോറിറ്റി എന്ന ശീർഷകത്തിൽ 1.5 ലക്ഷം (ഒന്നര ലക്ഷം രൂപ മാത്രം) അധികമായി അനുവദിക്കുകയുണ്ടായി.

ശുപാർശ

2701-80-004-96—ഗുണനിയന്ത്രണ യൂണിറ്റുകൾ

ഗുണനിയന്ത്രണ യൂണിറ്റിലെ 2 ഡിവിഷനുകളുടെയും 6 സബ് ഡിവിഷനുകളുടേയും ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കുമായി 5.2199 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഗുണനിയന്ത്രണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് അത്യാവശ്യമായ പരീക്ഷണശാലകളും മറ്റും സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സ്വീകരിച്ച നടപടി

പരീക്ഷണശാലയിലെ ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി 75,000 രൂപ ചീഫ് എഞ്ചിനീയർ, പ്രോജക്ട് 2-ന് അധികമായി അനുവദിച്ചു.

ശുപാർശ

2701-80-800-97—മറ്റു ജലസേചന പണികളുടെ സംരക്ഷണപ്പണികളും അറ്റകുറ്റപ്പണികളും

പൂർത്തിയായ ജലസേചന പദ്ധതികളിൽ സംരക്ഷണ പണികൾക്ക് പ്രത്യേകമായി തുക വകകൊള്ളിച്ചിട്ടില്ലാത്തവയുടെ സംരക്ഷണ പണികൾക്കും തൃശ്ശൂർ കോൾ നിലങ്ങളിൽ ജലസേചന വികസന പ്രവർത്തനങ്ങൾക്കുമായി 2 കോടി രൂപയാണ് നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

തുക അധികമായി അനുവദിച്ചില്ല.

ശുപാർശ

2701-80-800-94—കാവേരി ഉൾപ്പെടെയുള്ള അന്തർസംസ്ഥാന നദീജലം

കാവേരി നദീജലതർക്ക ട്രൈബ്യൂണലിനായി ഉണ്ടാക്കപ്പെട്ട പ്രത്യേക വിഭാഗത്തിലെ ഉദ്യോഗസ്ഥന്മാർക്ക് ശമ്പളത്തിനും ഓഫീസ് ചെലവുകൾക്കും വക്കീൽ ഫീസിനുമായി വകയിരുത്തിയിട്ടുള്ള 1.4248 കോടി രൂപ അപര്യാപ്തമായതിനാൽ 3.17 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സ്വീകരിച്ച നടപടി

2011-2012-ൽ 2701-80-800-94 ISW N/P എന്ന ശീർഷകത്തിൽ 142,48,000 രൂപ അനുവദിച്ചിരുന്നു. അധിക ഫണ്ട് ആയി 31,30,000 രൂപയും അനുവദിച്ചിരുന്നു. 2011-12-ൽ ഉണ്ടായ ചെലവ് 1,42,30,130 രൂപയാണ്.

ശുപാർശ

2701–80–800–92—അണക്കെട്ടു സുരക്ഷാസംഘടനയും സുരക്ഷാസന്നാഹങ്ങളും

ഭരണച്ചെലവിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ഈ ഹെഡ്ഡിൽ വകയിരുത്തിയിട്ടുള്ള 10 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 65 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സ്വീകരിച്ച നടപടി

2011 –2012 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതം 10 ലക്ഷം രൂപയും ചെലവ് 7.235 ലക്ഷം രൂപയും മാത്രമായിരുന്നു. ആകയാൽ സമിതി ശുപാർശ ചെയ്തതിൻപ്രകാരം അധികതുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ

4700–02—മലമ്പുഴ പദ്ധതി

നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈയിനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. മലമ്പുഴ ഉദ്യാനം രണ്ടാംഘട്ട പണിയുടെ പൂർത്തീകരണത്തിന് 16.75 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

മലമ്പുഴ ഉദ്യാനം രണ്ടാംഘട്ട പ്രവൃത്തിക്കായി 2011–2012 സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിരുന്നില്ല. പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 16.75 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. 2011–2012 സാമ്പത്തിക വർഷത്തിൽ 771.77 ലക്ഷം രൂപ അധികവിഹിതമായി അനുവദിച്ചിരുന്നു. 771.77 ലക്ഷം രൂപ ചെലവായി.

ശുപാർശ

4700–22—മൂവാറ്റുപുഴ പദ്ധതി

4.0001 കോടി രൂപയാണ് ഈ പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പണികൾക്ക് ഈ തുക അപര്യാപ്തമാണ്. 2011–2012 വർഷത്തിൽ എ.ഐ.ബി.പി. ഗ്രാന്റ് ലഭ്യമാക്കാനായി 35 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സ്വീകരിച്ച നടപടി

മൂവാറ്റുപുഴ പദ്ധതിക്ക് എ.ഐ.ബി.പി. ഗ്രാന്റ് ലഭ്യമാക്കാനായി 6.92 കോടി രൂപയും സ്ഥലമെടുപ്പ് കേസുകൾക്കായി 113.40 ലക്ഷം രൂപയും കൂടാതെ മറ്റു പ്രവൃത്തികൾക്കായി 524.68 ലക്ഷം രൂപയും അധികമായി അനുവദിച്ചു.

ശുപാർശ

4700-80-800-99—വൻകിട ജലസേചന പദ്ധതികളിന്മേൽ പര്യവേഷണം

ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1.2 കോടി രൂപ അപര്യാപ്തമായതിനാൽ 4.3 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സ്വീകരിച്ച നടപടി

ഈ ഇനത്തിൽ 2011-12-ലെ ബഡ്ജറ്റ് വിഹിതം 120.00 ലക്ഷം രൂപ അനുവദിച്ചതിൽ 79,87,822 രൂപ ചെലവായിട്ടുണ്ട്. എന്നാൽ സബ്ജക്റ്റ് കമ്മിറ്റി ശുപാർശ അനുസരിച്ച് അധിക തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല.

ശുപാർശ

4701-18—ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ് (വാണിജ്യേതരം)

ഈ പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം 35.5 കോടി രൂപയാണ്. എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിലും മരാമത്തു പണികൾക്കുമായി 12.7 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തിൽ ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രവൃത്തികൾക്ക് വേണ്ടി 3550 ലക്ഷം രൂപയായിരുന്നു അനുവദിച്ചിരുന്നത്. ബഡ്ജറ്റ് വിഹിതത്തിന്റെ അപര്യാപ്തത കണക്കിലെടുത്ത് 1.10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സബ്ജക്റ്റ് കമ്മിറ്റി 3 (ജലവിഭവം) ശുപാർശ ചെയ്തിരുന്നു. ഇതിൽ 1.36 ലക്ഷം രൂപ അധികമായി അനുവദിച്ചു. 2011-12 സാമ്പത്തിക വർഷത്തിൽ 2746.23 ലക്ഷം രൂപ ചെലവായി.

ശുപാർശ

4701-80-800-96—നടപ്പാക്കിയ പദ്ധതികളെ വിലയിരുത്താനുള്ള പഠനം

പണി പൂർത്തിയായ ജലസേചന പദ്ധതികളെ വിലയിരുത്താനുള്ള പഠനത്തിനായി വകകൊള്ളിച്ചിട്ടുള്ള 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സ്വീകരിച്ച നടപടി

2011-12-ലെ ബഡ്ജറ്റ് വിഹിതം 5.00 ലക്ഷം രൂപയാണ്. ഇതിൽ 3.25 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ഈ ഇനത്തിൽ സബ്ജക്റ്റ് കമ്മിറ്റി ശുപാർശ അനുസരിച്ച് അധിക തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല.

ശുപാർശ

4701-80-800-93—നാഷണൽ ഹൈഡ്രോളജി പ്രോജക്ട്

ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതിയുടെ രണ്ടാംഘട്ട പരിപാടിക്കായി 2.45 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പ്രധാന പ്രവൃത്തി കളെല്ലാം 2011-12 കാലഘട്ടത്തിൽത്തന്നെ തീർക്കേണ്ടതായിട്ടുള്ളതുകൊണ്ട് 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സ്വീകരിച്ച നടപടി

ലോകബാങ്കിന്റ സഹായത്തോടുകൂടി നടപ്പാക്കുന്ന നാഷണൽ ഹൈഡ്രോളജി പ്രോജക്ടിനുവേണ്ടി അധികമായി തുക ചീഫ് എഞ്ചിനീയർ, പ്രോജക്ട് 2-ന് ആവശ്യമായി വന്നില്ല.

ശുപാർശ

"4711-01-103-93—മലബാർ ജലസേചന പായ്ക്കേജ്" (മിർപ)

മലബാർ ഭാഗത്ത് നിലവിലുള്ള ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ എന്നിവയുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ഹെഡ്ഡിൽ വകയിരുത്തിയിട്ടുള്ള 7.5 കോടി രൂപ അപര്യാപ്തമാണ്. ഭരണാനുമതി ലഭിച്ച പണികൾ പൂർത്തീകരിക്കുന്ന തിന് 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ നിലവിലുള്ള പദ്ധതികളോടൊപ്പം ടെണ്ടർ, റീ-ടെണ്ടർ സ്റ്റേജിൽ ഉള്ള പണികൾക്കും ആവശ്യമായ തുക പ്രത്യേകമായി വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ 7,57,73,000 രൂപ ധനാഭ്യർത്ഥന മുഖേനയും 20,40,000 രൂപ ധന പുനർവിനിയോഗത്തിലൂടെയും ആകെ 7,78,13,000 രൂപ (ഏഴ് കോടി എഴുപത്തിയെട്ട് ലക്ഷത്തി പതിമൂവായിരം) അധികമായി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)ക്ക് അനുവദിക്കുകയുണ്ടായി.

## V. 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

പൊതുശുപാർശ 1

1. പഴശ്ശി പദ്ധതിയുടെ ഷട്ടറുകളെല്ലാം ദ്രവിച്ച് കുടിവെള്ളം പോലും കിട്ടാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും ആഴത്തിൽ ഷട്ടറുകൾ ഡിസൈൻ ചെയ്തതാണ് പ്രശ്നമെന്നും സമിതി അഭിപ്രായപ്പെട്ടു.

പഴശ്ശി ഡാമിന്റെ ഷട്ടറുകളുടെ പണി സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പഴശ്ശി പദ്ധതിയുടെ മോശമായ 14 റേഡിയൽ ഗേറ്റുകൾ സമയബന്ധിതമായി മാറ്റി സ്ഥാപിക്കുന്നതിന് പതിമൂന്നാം ധനക്കമ്മീഷന്റെ അവാർഡിൽ ഉൾപ്പെടുത്തി സർക്കാർ സ്ഥാപനമായ കെല്ലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

പൊതുശുപാർശ നമ്പർ 3

മുല്ലപ്പെരിയാർ പോലെ അപകടാവസ്ഥയിലാണ് ചിമ്മിനി ഡാമെന്ന് സമിതി വിലയിരുത്തി. ഈ ഡാമിന്റെ സുരക്ഷിതത്വം എത്രമാത്രമാണെന്ന് വിദഗ്ദ്ധമായ പരിശോധന നടത്തി ഇതു സംബന്ധിച്ച് റിപ്പോർട്ട് ഒരു മാസത്തിനകം ലഭ്യമാക്കുന്നതിനുവേണ്ട നടപടി ഡാം സേഫ്റ്റി അതോറിറ്റി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അപകടാവസ്ഥയിലായ ചിമ്മിനി ഡാമിന്റെ സുരക്ഷിതത്വം എത്രമാത്രമുണ്ടെന്ന് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി ചെന്നൈ ഐ.ഐ.റ്റി. യെ സർക്കാർ ചുമതലപ്പെടുത്തുകയുണ്ടായി.

## ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും

ശുപാർശ

4215-01-102-98—നബാർഡ് സഹായത്തോടെ ഗ്രാമീണ ജലവിതരണ പദ്ധതികൾ

നബാർഡ് സഹായത്തോടെ RIDF XIV-ൽ 36 സ്കീമുകളും RIDF XVI-ൽ പമ്പുകൾ മാറ്റിവയ്ക്കുന്നതിനുവേണ്ടിയും RIDF XVII -ൽ 2 പദ്ധതികളുമാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 36 കോടി രൂപ അപര്യാപ്തമായതിനാൽ 164 കോടി രൂപ കൂടി 4215 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

നബാർഡ് സഹായത്തോടെ RIDF സ്കീമുകൾക്കുവേണ്ടി 2012-13-ലെ ബഡ്ജറ്റ് വിഹിതമായ 36 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ചു കഴിഞ്ഞു. നടപ്പുസാമ്പത്തിക വർഷം (2012-13) അധികം വേണ്ടിവരുന്ന തുക ഉപധനാഭ്യർത്ഥന/അഡീഷണൽ ആതറൈസേഷൻ വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശുപാർശ

2215-01-102-97

കുമരകത്തും പാറശ്ശാലയിലും പുതിയ കുടിവെള്ള പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 10 കോടി രൂപ അപര്യാപ്തമായതിനാൽ 40 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

കുമരകത്തും പാറശ്ശാലയിലും പുതിയ കുടിവെള്ള പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 10 കോടി രൂപ അപര്യാപ്തമായതിനാൽ Supplementary Demand for Grant ആയി 50 കോടി രൂപ അനുവദിക്കുന്നതിലേക്കായി ധനകാര്യ വകുപ്പിലേക്ക് അയച്ച നിർദ്ദേശം നിരാകരിച്ചതിനാൽ ഈ തുക ഉപധനാഭ്യർത്ഥന/അഡീഷണൽ ആതറൈസേഷൻ മുഖേന കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി (ചെറുകിടജലസേചനം)

ശുപാർശ

2702-02-005-77—രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി

കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഉറപ്പുവരുത്തുവാൻ സാധിക്കാത്ത സ്ഥലങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുള്ള ഈ പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം 1 കോടി രൂപയാണ്. ഈ തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡി 7, ഇടക്കാല മറുപടി)

സ്വീകരിച്ച നടപടി

രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ഭൂജല വകുപ്പു ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് Reappropriation Grant-ൽ നിന്നും മതിയായ തുക കണ്ടെത്തി പുതുക്കിയ പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കുവാൻ 2-11-2012-ലെ 14941/ഭൂജല1/12/ജ.വിവ. നമ്പർ കത്ത് പ്രകാരം ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.

ശുപാർശ

2702-02-005-99—(എം.ആന്റ്.ഇ.) പുതിയ റിഗ്ഗുകൾ വാങ്ങുവാനുള്ള അധിക തുക സംബന്ധിച്ച്

സംസ്ഥാനത്ത് കുടിവെള്ള ലഭ്യതയ്ക്ക് കുഴൽ കിണറുകളെയും ആശ്രയിക്കുന്നുണ്ട്. എന്നാൽ വിവിധതരം റിഗ്ഗുകളുടെ അപര്യാപ്തതമൂലം കുഴൽ കിണർ നിർമ്മാണം സമയബന്ധിതമായി നടത്തുവാൻ കഴിയുന്നില്ല. ആയതിനാൽ വിവിധതരം ആധുനിക റിഗ്ഗുകൾ വാങ്ങുവാൻ 11.5 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8, ഇടക്കാല മറുപടി)

സ്വീകരിച്ച നടപടി

പുതിയ റിഗ്ഗുകൾ വാങ്ങുന്നതിന് അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ 24837/ഭൂജല1/12/ജ.വിവ. നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചു വരികയാണ്.

ശുപാർശ

2702-03-101-98-01—പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ച ചെറുകിട ജലസേചന പണികൾ നന്നാക്കുന്നതിന് മറ്റ് പരിപാടികൾ

ക്രോസ് ബാറുകൾ, വിയറുകൾ തുടങ്ങിയവ നിർമ്മിച്ച് 50 ഹെക്ടർവരെ ജലസേചനം ഏർപ്പെടുത്തുന്നതിനുള്ള ഈ പദ്ധതിക്കായി ഒരു കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. പുതിയ പ്രവൃത്തികൾ ചെയ്യുന്നതിനും ഏറ്റെടുത്ത പണികൾ ചെയ്തു തീർക്കുന്നതിനും ഈ തുക തികച്ചും അപര്യാപ്തമായതിനാൽ 1 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

ഈ ഇനത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2702-03-101-98-02—ചെറുകിട ജലസേചന പണികളുടെ കേടുപാടു പോക്കൽ

ജലസേചന വകുപ്പിൻകീഴിൽ നിരവധി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും ചെറുകിട ജലസേചന പദ്ധതികളുടെയും കേടുപാട് തീർക്കുന്നതിനായി ഈയിനത്തിൽ വകയിരുത്തിയിട്ടുള്ള 1 കോടി രൂപ അപര്യാപ്തമായതിനാൽ ഒരു കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

ഈ ഇനത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

4702-00-101-99—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനം

ചെക്ക്ഡാമുകൾ, റഗുലേറ്ററുകൾ, ബണ്ടുകൾ, ചെറിയ തോടുകൾ, ക്രോസ് ബാറുകൾ മുതലായവ നിർമ്മിച്ച് 2000 ഹെക്ടർ വരെ ജനസേചനമേർപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിയാണിത്. ഈ പദ്ധതിയിൻകീഴിൽ ഏറ്റെടുത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പണികൾ പൂർത്തിയാക്കുന്നതിനും ബില്ലുകൾ കൊടുത്തുതീർത്തശേഷം പുതിയ പണികൾ ഏറ്റെടുക്കുന്നതിനുമായി നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 2 കോടി രൂപ അപര്യാപ്തമായതിനാൽ 5 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതത്തിനുപുറമേ 82.64 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ

4702-00-101-93—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് നബാർഡ് സഹായ പദ്ധതി

നബാർഡിന്റെ സഹായമുള്ള പ്രവൃത്തികൾക്ക് ഈ കണക്കിനത്തിൽ നിന്നും ചെലവ് വഹിക്കുന്നു. കർഷക ആത്മഹത്യ കൂടുതലായുള്ള വയനാട്, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകൾക്കായി കേന്ദ്രസർക്കാർ അംഗീകരിച്ച സ്പെഷ്യൽ പാക്കേജിൻകീഴിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 15 കോടി രൂപ അപര്യാപ്തമായതിനാൽ 10 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനയിൽ 10 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നെങ്കിലും അനുവദിച്ചില്ല.

ശുപാർശ

4702-00-101-90—ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കൽ

നെൽകൃഷിക്കുവേണ്ടി അനേകം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ സംസ്ഥാനത്ത് ഉള്ളതിൽ ഭൂരിഭാഗവും പൂർണ്ണമായും പ്രവർത്തനക്ഷമമല്ല. ഇവയുടെ പുനരുദ്ധാരണത്തിനും നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതിക്ക് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഏറ്റെടുത്ത പണികൾ പൂർത്തീകരിക്കുന്നതിനും കുടിശ്ശിക ബില്ലുകൾ കൊടുത്തുതീർക്കുന്നതിനും 75 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

കരാറുകാരുടെ ബില്ലുകൾ കൊടുത്തുതീർക്കുന്നതിനായി ഈ കണക്കിനത്തിൽ 175.96 ലക്ഷം രൂപ ഇതുവരെ അനുവദിച്ചു.

## ധനാഭ്യർത്ഥന XXXVIII—ജലസേചനം

ശുപാർശ

2700-16-101-98—പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)

പമ്പാ ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകകൊള്ളിച്ചിട്ടുള്ള 4 കോടി രൂപ അപര്യാപ്തമായതിനാൽ ഒരു കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

പമ്പാ ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകകൊള്ളിച്ചിട്ടുള്ള 4 കോടി രൂപ അപര്യാപ്തമായതിനാൽ ഒരു കോടി രൂപ കൂടി അനുവദിക്കുന്നതിലേക്കായി നടപടി സ്വീകരിച്ചുവരുന്നു.

ശുപാർശ

2700-27-101-98—കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം)

കമ്മീഷൻ ചെയ്ത ഈ പദ്ധതിയുടെ പൂർത്തീകരിക്കുവാനുള്ള കനാൽ പണികൾക്കു വേണ്ടി 3 കോടി രൂപയും കനാൽ റോഡുകളുടെ നവീകരണത്തിനുവേണ്ടി 2 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

ഈ വർഷം 2700-27-10-98—കെ.ഐ.പി. ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ കനാൽ പണികൾക്കുവേണ്ടി മൂന്നുകോടിയും കനാൽ റോഡുകളുടെ നവീകരണത്തിന് 2 കോടി രൂപയും അധികമായി അനുവദിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു

ശുപാർശ

2711-01-103-99—വെള്ളപ്പൊക്ക നിയന്ത്രണ പണികളുടെ സംരക്ഷണം

2711-01-103-98—വെള്ളപ്പൊക്കക്കെടുതികൾമൂലമുള്ള അറ്റകുറ്റപ്പണികൾ

സംസ്ഥാനത്തെ പൂർത്തിയാക്കപ്പെട്ട വെള്ളപ്പൊക്കനിയന്ത്രണ പണികളുടെ പ്രത്യേകമായ സംരക്ഷണത്തിനും വെള്ളപ്പൊക്കംമൂലം ഉണ്ടാകുന്ന കെടുതികളുടെ അറ്റകുറ്റപ്പണികൾക്കുമായി 10 കോടി രൂപ വീതമാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ രണ്ട് കണക്കിനങ്ങളിലും 5 കോടി രൂപ വീതം അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സ്വീകരിച്ച നടപടി

രണ്ട് ശീർഷകങ്ങളിലും അധിക തുകയൊന്നും അനുവദിച്ചില്ല.

ശുപാർശ

2711-02-103-99—കടലാക്രമണ നിരോധന പണികൾ—സംരക്ഷണം

നിരന്തരമായി കടലാക്രമണംമൂലം കടൽഭിത്തികൾ നേരിടുന്ന കെടുതികളുടെ സംരക്ഷണ പണികൾക്കും കൂടാതെ പ്രകൃതിക്ഷോഭത്തിൽനിന്ന് കടൽ തീരത്തെ രക്ഷിക്കു

ന്നതിനുള്ള അടിയന്തര പണികൾക്കുമായി വകയിരുത്തിയിട്ടുള്ള 7.0001 കോടി രൂപ അപര്യാപ്തമായതിനാൽ 5 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 1,69,24,000 (ഒരുകോടി അറുപത്തൊമ്പത് ലക്ഷത്തി ഇരുപത്തിനാലായിരം) രൂപ അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ചിട്ടുണ്ട്.

ശുപാർശ

4711-01-103-98—തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ

തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കക്കെടുതികൾ ഒഴിവാക്കുന്നതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ഈ കണക്കിനത്തിൽ 2012-13 വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ഭരണാനുമതി ലഭിച്ച 27 കോടി രൂപയുടെ പണികൾ പൂർത്തീകരിക്കുന്നതിന് 27 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2,21,25,000 (രണ്ടുകോടി ഇരുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തയ്യായിരം) രൂപ അഡീഷണൽ ആതറൈസേഷൻ മുഖാന്തിരം അനുവദിച്ചിട്ടുണ്ട്.

ശുപാർശ

4711-01-103-90—കുട്ടനാട് പാക്കേജ്

എം.എസ്. സ്വാമിനാഥൻ റിസേർച്ച് അഡ്മിനിസ്ട്രേഷന്റെ നിർദ്ദേശപ്രകാരം കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ നിലവിലുള്ള ബണ്ടുകൾ ഉയർത്തുകയും വശങ്ങൾ ബലപ്പെടുത്തുകയും ചെയ്ത് ഭാവിയിൽ വരുന്ന വെള്ളപ്പൊക്കത്തിൽ നിന്ന് പാടശേഖരങ്ങളെ സംരക്ഷിക്കാനുള്ള ജോലികൾക്കായുള്ള ഈ കണക്കിനത്തിൽ 200 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 75% കേന്ദ്രഗവൺമെന്റിൽനിന്നും ഗ്രാന്റ് ലഭിക്കുന്ന ഈ പദ്ധതിക്ക് ഗ്രാന്റ് ലഭിക്കുന്നതിന് അനുസരിച്ച് കൂടുതൽ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സ്വീകരിച്ച നടപടി

കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ സംരക്ഷണത്തിനായി കേന്ദ്രവിഹിതമായി (2012-13 സാമ്പത്തികവർഷത്തിൽ) 41.25 കോടി രൂപ ലഭിക്കുകയും സംസ്ഥാന വിഹിതമായി 17.60 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

4711-01-103-89—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികളുടെ മുൻഗണനാ പ്രവൃത്തികൾ

നോൺ പ്ലാൻ ശീർഷകത്തിൽ അനുവദിച്ച ഈ പുതിയ കണക്കിനത്തിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ കണക്കിനത്തിലേക്ക് 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിച്ചില്ല.

ശുപാർശ

4711-02-103-99—കടലാക്രമണനിരോധന പദ്ധതികൾ

കടലാക്രമണം സംഭവിക്കുന്ന സ്ഥലങ്ങളിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും പഴയവ പുതുക്കിപ്പണിയുന്നതിനുമായി വകയിരുത്തിയിരിക്കുന്ന 35 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 50 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധികതുകയൊന്നും അനുവദിച്ചില്ല.

**ഭാഗം III**

യോഗനടപടിക്കുറിപ്പിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ

I. 25-11-2010-ലെ യോഗം

ശുപാർശ

സബ്ജക്റ്റ് കമ്മിറ്റി III-ന്റെ 25-11-2010-ലെ യോഗനടപടിക്കുറിപ്പിൽ എ.ആർ.പി. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്നരീതിയിൽ നടപടികൾ ആവിഷ്കരിക്കണമെന്നും വാട്ടർ അതോറിറ്റിയുടെ ബോർഡിന്റെ അധികാര പരിധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നുമാണ് സമിതി ശുപാർശ ചെയ്തിരുന്നത്.

സ്വീകരിച്ച നടപടി

എ.ആർ.പി. വിഭാഗത്തിൽപ്പെടുന്ന ടെണ്ടറുകളിൻമേൽ സമയബന്ധിതമായി തന്നെ നടപടികൾ സ്വീകരിക്കാറുണ്ടെന്നും റേറ്റ് റിവിഷൻ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ എസ്റ്റിമേറ്റ് പുതുക്കേണ്ടിവരുന്നതിനാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ കാലതാമസം ഉണ്ടാകാറുണ്ടെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഇ-ടെണ്ടറിംഗ് മുഖാന്തിരം ടെണ്ടർ നടപടികൾ ത്വരിതപ്പെടുത്തു

ന്നതിലേക്ക് 22-12-2011-ലെ സർക്കുലർ പ്രകാരം ഓഫീസർമാർക്ക് മാനേജിംഗ് ഡയറക്ടർ നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റി ബോർഡിന്റെ സാമ്പത്തിക അധികാരപരിധി 5 കോടി രൂപയിൽനിന്നും 10 കോടി ആക്കുന്നതിനുവേണ്ടി 1986-ലെ കേരള വാട്ടർ സപ്ലൈ & സ്വീവറേജ് ആക്ടിന്റെ സെക്ഷൻ 15, കൂടാതെ കേരള വാട്ടർ സപ്ലൈ സ്വീവറേജ് ആക്ട് (അമെന്റ്മെന്റ്) 2005-ഉം ഭേദഗതി ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധനയ്ക്കായി ധനകാര്യവകുപ്പിലേക്ക് അയച്ചിരിക്കുകയാണ്.

## II. 3-8-2011-ലെ യോഗം

### ശുപാർശ

സംസ്ഥാനത്തെ ജില്ലതിരിച്ചുള്ള ഭൂജലലഭ്യത സംബന്ധിച്ച പഠനറിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

### സ്വീകരിച്ച നടപടി

21-11-2012 തീയതിയിലെ 26669/ഭൂജല1/11/ജ.വി.വ. നമ്പർ കത്ത് മുഖേന സംസ്ഥാനത്തെ ജില്ലതിരിച്ചുള്ള ഭൂജലലഭ്യത സംബന്ധിച്ച പഠന റിപ്പോർട്ട് ജലവിഭവ (ഭൂജല) വകുപ്പ് ലഭ്യമാക്കി.

### ശുപാർശ

കഴിഞ്ഞ 2 വർഷത്തിനകം തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ പുതിയ വാട്ടർ ബോട്ടിലിംഗ് പ്ലാന്റുകൾ അനുവദിച്ചതിന്റെ റിപ്പോർട്ട് അടുത്ത യോഗത്തിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

### സ്വീകരിച്ച നടപടി

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ കഴിഞ്ഞ 2 വർഷത്തിനകം പുതിയ വാട്ടർ ബോട്ടിലിംഗ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഭൂജലവകുപ്പിൽനിന്നും എൻ.ഒ.സി. നൽകിയിട്ടില്ല.

## III. 25-1-2012-ലെ യോഗം

### ശുപാർശ

മുല്ലപ്പെരിയാർ പ്രദേശത്ത് നിലവിലുള്ള അനലോഗ് ടൈപ്പ് മാറ്റി പകരം ആധുനിക ഡിജിറ്റൽ ടൈപ്പ് ഭൂകമ്പമാപിനികൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. നടപടിക്രമങ്ങൾ ആരംഭിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും 5 മാസത്തിനകം ഭൂകമ്പമാപിനികൾ സ്ഥാപിക്കണമെന്ന് ബോർഡിന് കർശനനിർദ്ദേശം നൽകുകയും ചെയ്തു.

### സ്വീകരിച്ച നടപടി

മുല്ലപ്പെരിയാർ ഡാമിന്റെ പരിസരത്ത് ഡിജിറ്റൽ ഭൂകമ്പമാപിനി സ്ഥാപിക്കുന്നതിനുവേണ്ടി 1-9-2011-ലെ ദുരന്തനിവാരണ (റവന്യൂ കെ.) വകുപ്പിന്റെ സർക്കാർ ഉത്തരവ് നമ്പർ 3722/11/DMD) പ്രകാരം 3 കോടി രൂപ അനുവദിക്കുകയുണ്ടായി. അതനുസരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും

ചെയ്തു. DPR തയ്യാറാക്കി, ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്തുകഴിഞ്ഞാൽ അവ സ്ഥാപിക്കുന്നതിന് മൂന്നുമാസം വേണ്ടിവരും. അതിനാൽ 25-1-2012-ലെ സബ്ജക്റ്റ് കമ്മിറ്റി മുമ്പാകെ 6 മാസസമയ പരിധിക്കുള്ളിൽ (2012 ജൂലൈ അവസാനത്തോടെ) സ്ഥാപിക്കുവാൻ കഴിയുമെന്ന് ബോർഡ് അറിയിച്ചിരുന്നു.

ഡിജിറ്റൽ ഭൂകമ്പമാപിനികൾ സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുകയും, 14-2-2012-ൽ ബോർഡ് അംഗീകരിക്കുകയും ചെയ്തു. 15-2-2012-ൽ തന്നെ ഇതിനുള്ള ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. രണ്ടുസ്ഥാപനങ്ങൾ ടെണ്ടർ വാങ്ങിയെങ്കിലും, അതിൽ ഒരു സ്ഥാപനം മാത്രമാണ് ടെണ്ടർ തിരികെ സമർപ്പിച്ചത്.

11-10-2011-ൽ അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം & വിജിലൻസ്) വിളിച്ചു കൂട്ടിയ യോഗതീരുമാനമനുസരിച്ച് രൂപീകരിച്ച സാങ്കേതികവിദഗ്ധർ അടങ്ങിയ ഒരു പർച്ചേസ്/ടെക്നിക്കൽ കമ്മിറ്റി 4-4-2012-ൽ തുറന്ന ടെണ്ടറിന്റെ പ്രീ ക്വാളിഫിക്കേഷൻ ബിഡ് 18-4-2012, 15-5-2012 എന്നീ തീയതികളിൽ വിശദമായി പരിശോധിക്കുകയും ലഭിച്ച ഏക ടെണ്ടറിൽ സാങ്കേതികവിവരങ്ങൾ വ്യക്തമല്ലാത്തതിനാലും ഓട്ടോമേഷനുവേണ്ട അനുബന്ധ സോഫ്റ്റ്വെയറും മറ്റുവിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും കൂടുതൽ മെച്ചപ്പെട്ട ഓഫർ ലഭിക്കുന്നതിനുമായി പ്രസ്തുത ടെണ്ടർ റദ്ദുചെയ്ത് ലിമിറ്റഡ് ടെണ്ടർ അടിസ്ഥാനത്തിൽ വീണ്ടും ടെണ്ടർ ക്ഷണിക്കണമെന്ന് ബോർഡിനോട് ശുപാർശ ചെയ്യുകയും, അതിന് ബോർഡ് 1-6-2012-ൽ അനുമതി നൽകുകയും ചെയ്തു.

അതനുസരിച്ച്, ലിമിറ്റഡ് ടെണ്ടർ അടിസ്ഥാനത്തിൽ 5-7-2012-ൽ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. 4 കമ്പനികൾ ദർഘാസുകൾ വാങ്ങുകയും ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതിയായ 3-9-2012-ന് മുമ്പായി 3 ടെണ്ടറുകൾ ലഭിക്കുകയുമുണ്ടായി. ഇവയുടെ പ്രീ ക്വാളിഫിക്കേഷൻ ബിഡ് തുറക്കുകയും, മേൽപ്പറഞ്ഞ പർച്ചേസ്/ടെക്നിക്കൽ കമ്മിറ്റി 29-9-2012-ൽ കൂടിയ മീറ്റിംഗിൽ ലഭിച്ച മൂന്ന് ടെണ്ടറുകളുടെ പ്രീ ക്വാളിഫിക്കേഷൻ ബിഡ് വിശദമായി പരിശോധിക്കുകയും 2 ടെണ്ടറുകൾ നിബന്ധനകൾക്ക് വിധേയമായി പ്രീ ക്വാളിഫൈ ചെയ്യുവാൻ തീരുമാനിച്ചു. പ്രൈസ് ബിഡ് 10-10-2012-ൽ തുറന്നിട്ടുണ്ട്. ഉടൻ തന്നെ വർക്ക് അവാർഡ് ചെയ്ത് എത്രയും വേഗം ഭൂകമ്പമാപിനികൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

### ശുപാർശ

റൂർക്കി ഐ.ഐ.ടി. സമർപ്പിച്ച റിപ്പോർട്ട് തികച്ചും സാങ്കേതികവും ശാസ്ത്രീയവും ആയതിനാൽ ഇത് പൂർണ്ണമായും മനസ്സിലാക്കുന്നതിനും സെസ്സ് ശാസ്ത്രജ്ഞൻ ഉന്നയിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനുമായി ജലവിഭവ വകുപ്പിലെ ഉന്നതഉദ്യോഗസ്ഥർ, സെസ്സ് ശാസ്ത്രജ്ഞർ, റൂർക്കി ഐ.ഐ.ടി.യുടെ ഒരു പ്രതിനിധി എന്നിവരുമായി ഒരു ചർച്ച നടത്തണമെന്നും ഇതിനായി ഐ.ഐ.ടി.യുടെ പ്രതിനിധികളോട് അടിയന്തരമായി കേരളത്തിലെത്താൻ ആവശ്യപ്പെടണമെന്നും ജലവിഭവ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

### സ്വീകരിച്ച നടപടി

സബ്ജക്റ്റ് കമ്മിറ്റിയുടെ (ജലവിഭവം) 25-1-2012-ലെ യോഗതീരുമാനപ്രകാരം 10-4-2012-ൽ ഐ.ഐ.ടി. റൂർക്കിയിലെ പ്രൊഫസർ ഡോ. എസ്. കെ. മിശ്ര, റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ, ജലവിഭവ വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന്

ഐ.ഐ.ടി. റൂർക്കിയിൽ വച്ച് ഒരു ചർച്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചയിൽ പഠന റിപ്പോർട്ടിൽ വേണ്ട മാറ്റങ്ങൾ വരുത്താമെന്നും കരട് പഠന റിപ്പോർട്ടിൽ വേണ്ട മാറ്റങ്ങൾ ഉൾക്കൊള്ളിച്ചതിനുശേഷമേ അന്തിമപഠനറിപ്പോർട്ട് തയ്യാറാക്കുകയുള്ളൂവെന്നും ഡോ. മിശ്ര ഉറപ്പുതന്നിരുന്നു. ഈ ചർച്ചയിൽ സെസ്സ് പ്രതിനിധികൾ പങ്കെടുത്തിരുന്നില്ല.

## IV. 12-4-2012-ലെ യോഗം

### ശുപാർശ നമ്പർ 1

പഴശ്ശി പദ്ധതിയുടെ ഷട്ടറുകളെല്ലാം ദ്രവിച്ച് കുടിവെള്ളംപോലും കിട്ടാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും, ആഴത്തിൽ ഷട്ടറുകൾ ഡിസൈൻ ചെയ്തതാണ് പ്രശ്നമെന്നും സമിതി അഭിപ്രായപ്പെട്ടു. പഴശ്ശി ഡാമിന്റെ ഷട്ടറുകളുടെ പണി സമയ ബന്ധിതമായി പൂർത്തിയാക്കണമെന്ന് സമിതി ശുപാർശ ചെയ്തു. അതിനായി കെൽ സമർപ്പിച്ചിട്ടുള്ള പ്രോജക്ട് എസ്റ്റിമേറ്റ് ഒരു പ്രത്യേക കേസായി ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം നേടിയെടുക്കുവാൻ ജലവിഭവ വകുപ്പ് സെക്രട്ടറിയെ സമിതി ചുമതലപ്പെടുത്തി.

### സ്വീകരിച്ച നടപടി

പഴശ്ശി പദ്ധതിയുടെ മോശമായ 14 റേഡിയൽ ഗേറ്റുകൾ സമയബന്ധിതമായി മാറ്റി സ്ഥാപിക്കുന്നതിന് പതിമൂന്നാം ധനകമ്മീഷന്റെ അവാർഡിൽ ഉൾപ്പെടുത്തി സർക്കാർ സ്ഥാപനമായ കെല്ലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

### ശുപാർശ നമ്പർ 2

പല പദ്ധതികൾക്കും അനുവദിക്കുന്ന തുക സമയബന്ധിതമായി വിനിയോഗിക്കപ്പെടുന്നില്ലായെന്നും അതുകൊണ്ട് മേയ് മാസം അവസാനമാകുമ്പോഴേക്കും ഇതിന്റെയെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കണമെന്നും സമിതി ജലവിഭവ വകുപ്പിന് നിർദ്ദേശം നൽകി. ജലവിഭവ വകുപ്പിന്റെ വിവിധ പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ പരിശോധിച്ച് പദ്ധതികൾ നീണ്ടുപോകാതെ നിർദ്ദിഷ്ട സമയത്തിനുള്ളിൽത്തന്നെ അവ പൂർത്തീകരിക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്നും സമിതി നിർദ്ദേശിച്ചു.

### സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശ കർശനമായി പാലിക്കണമെന്ന് എല്ലാ വകുപ്പുതലവൻമാർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

### ശുപാർശ നമ്പർ 3

മുല്ലപ്പെരിയാർ ഡാം പോലെ അപകടാവസ്ഥയിലാണ് ചിമ്മിനി ഡാമെന്ന് വിലയിരുത്തിയ സമിതി, ഡാമിന്റെ സുരക്ഷിതത്വം എത്രമാത്രമുണ്ടെന്ന് അടിയന്തരമായി പരിശോധനനടത്തി റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു. പ്രസ്തുത റിപ്പോർട്ട് ലഭ്യമായശേഷം ചിമ്മിനി ഡാം സന്ദർശിക്കുന്നതിന് സമിതി തീരുമാനിച്ചു.

സ്വീകരിച്ച നടപടി

അപകടാവസ്ഥയിലായ ചിമ്മിനിഡാമിന്റെ സുരക്ഷിതത്വം എത്രമാത്രമുണ്ടെന്ന് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി ചെന്നൈ ഐ.ഐ.റ്റി.യെ സർക്കാർ ചുമതലപ്പെടുത്തുകയുണ്ടായി.

ശുപാർശ നമ്പർ 4

ഭാരതപ്പുഴയുടെ തീരത്ത് ചമ്രവട്ടത്തിന്റെ അപ്സീട്രീമിൽ വെള്ളിയാം കല്ലിൽ ടൂറിസത്തിൽ വളരെയധികം സാദ്ധ്യതകളുള്ള സ്ഥലമുണ്ടെന്നും ഒരു കൺസോളി ഡേറ്റഡ് പ്രൊപ്പോസൽ കൊണ്ടുവന്നാൽ ഇത് പരിശോധിക്കാമെന്നും ഇത് സംബന്ധിച്ച് ഒരു റിപ്പോർട്ട് നൽകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

സ്വീകരിച്ച നടപടി

ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.) റിപ്പോർട്ട് തയ്യാറാക്കി വരികയാണ്.

## V. 17-4-2012-ലെ യോഗം

ശുപാർശ നമ്പർ 1

എം.എൽ.എ.മാരുടെ മുൻഗണനാ പ്രവൃത്തികൾക്കായി അനുവദിച്ചിരിക്കുന്ന ഹെഡിലേക്ക് കൂടുതൽ തുക വകയിരുത്താനുള്ള പ്രൊവിഷനുണ്ടെന്നും ആയതിനാൽ പ്രസ്തുത പ്രവൃത്തികളിൽ നിലവിലുള്ള പ്രോജക്ടുകളുടെ നവീകരണം, എക്സ്റ്റെൻഷൻ തുടങ്ങിയവ നടത്തുന്നതിലേക്കായി പത്തുകോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്വീകരിച്ച നടപടി

നിലവിൽ ഓരോ എം.എൽ.എ.യ്ക്കും നൽകിവന്നിരുന്ന 'പ്രത്യേക വികസനനിധി' ആയ ഒരു കോടി രൂപ കൂടാതെ ഈ വർഷം മുതൽ ഓരോ എം.എൽ.എ.യ്ക്കും 'അസറ്റ് ഡെവലപ്മെന്റ് ഫണ്ട്' എന്ന പേരിൽ അഞ്ച് കോടി രൂപ വീതം കൂടി അനുവദിച്ച് ഉത്തര വായിട്ടുണ്ട്.

ശുപാർശ നമ്പർ 2

മൈനർ ഇറിഗേഷനിൽവരുന്ന ചെക്ക്ഡാമുകൾ ടെണ്ടർ ചെയ്തതിന്റെ ജില്ലതിരിച്ചുള്ള ലിസ്റ്റ് അംഗങ്ങൾക്ക് നൽകണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്വീകരിച്ച നടപടി

ചെക്ക്ഡാമുകൾ ടെണ്ടർ ചെയ്തത് സംബന്ധിച്ച് 30-10-2012 തീയതിയിലെ 20302/എം.ഐ.2/12/ജല.വി.വ. നമ്പർ കത്ത് മുഖേന ജലവിഭവ (എം.ഐ.) വകുപ്പ് ലഭ്യമാക്കിയ ലിസ്റ്റ് അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ശുപാർശ നമ്പർ 3

ഓരോ പഞ്ചായത്തിലും ഒരു കുളം വീതം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും, അതാത് സ്ഥലത്തെ മൈനർ ഇറിഗേഷൻ വകുപ്പാണ് ഇത് ചെയ്യേണ്ടതെന്നും ചെയർമാൻ അറിയിച്ചു. ഈ കുളങ്ങളിൽ വിദ്യാർത്ഥികൾക്ക് നീന്തൽ പഠിക്കുവാനുള്ള സൗകര്യമുണ്ടാക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

<u>സ്വീകരിച്ച നടപടി</u>

ഓരോ പഞ്ചായത്തിലും ഓരോ കുളം പദ്ധതിക്കുള്ള ഡിവിഷൻ തിരിച്ച് ലഭിച്ചിട്ടുള്ള എസ്റ്റിമേറ്റുകൾ പരിശോധിച്ചുവരുന്നു. കുളങ്ങൾ പുനരുദ്ധരിക്കുന്നതിനോടൊപ്പം പടവുകളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് നീന്തൽ പഠിക്കുവാനുള്ള സൗകര്യമുണ്ടാകുന്ന കാര്യം ടെക്നിക്കൽ സാംഗ്ഷൻ നൽകുമ്പോൾ ഉൾപ്പെടുത്തുന്നതിനായി നിർദ്ദേശം നൽകുന്നതാണ്.

<u>ശുപാർശ നമ്പർ 4</u>

ജലവിഭവ വകുപ്പിനുകീഴിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇൻവെസ്റ്റിഗേഷൻ, ടെക്നിക്കൽ സാംഗ്ഷൻ, അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ എന്നിവ നേടിയെടുക്കുന്നതിന് ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ ചെയ്തതിൻപ്രകാരം കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ എല്ലാ വകുപ്പുതലവൻമാരും സത്വരം സ്വീകരിക്കേണ്ടതും സർക്കാരിന്റെ ഇടപെടലുകൾ ആവശ്യമായിവരുന്നപക്ഷം കാലവിളംബം കൂടാതെ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണെന്നും എല്ലാ വകുപ്പ് തലവൻമാർക്കും സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ശുപാർശ നമ്പർ 5</u>

പാലക്കാട് ജില്ലയിൽ ചിറ്റൂർ, കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ബ്ലോക്ക്, തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ, കോഴിക്കോട് ജില്ലയിൽ കോഴിക്കോട് ബ്ലോക്ക്, തിരുവനന്തപുരം ജില്ലയിൽ അതിയന്നൂർ എന്നിവിടങ്ങളിൽ ജലദൗർലഭ്യം വർദ്ധിച്ചുവരികയാണെന്നും അത്തരം സ്ഥലങ്ങളിൽ കുടിവെള്ള പദ്ധതികൾക്ക് മുൻഗണന നൽകണമെന്നും ചെക്ക്ഡാമുകൾ നിർമ്മിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കണമെന്നും പുതിയ ഉറവിടം കണ്ടെത്താനുള്ള നടപടി ഉണ്ടാകണമെന്നും സമിതി ശുപാർശ ചെയ്തു.

<u>സ്വീകരിച്ച നടപടി</u>

പാലക്കാട് ജില്ലയിൽ ചിറ്റൂർ, തത്തമംഗലം മുനിസിപ്പാലിറ്റികൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ വിപുലീകരണത്തിനുവേണ്ടി യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതിയിൽ ഉൾപ്പെടുത്തി 650 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ചിറ്റൂർ പുഴയിൽ കൂമ്പൻപാറക്കടവ് എന്ന ഭാഗത്ത് 262 ലക്ഷം രൂപ ചെലവിൽ ഒരു തടയണ നിർമ്മിക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകി എഗ്രിമെന്റ് 8-8-2012-ൽ വച്ചു. പ്രസ്തുത പദ്ധതി പ്രാവർത്തികമാകുന്നതോടെ ചിറ്റൂർ, തത്തമംഗലം മുനിസിപ്പാലിറ്റികളിലെ ശുദ്ധ ജലക്ഷാമം പരിഹരിക്കപ്പെടും.

കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ചെങ്കള, മധുർ, മൊഗ്രാൽ, പുത്തൂർ, കുമ്പള, ബദിയഡുക്ക, ചെമ്മനാട് എന്നീ 6 പഞ്ചായത്തുകളാണുള്ളത്. ഇതിൽ ചെങ്കള, മധുർ, മൊഗ്രാൽ, പുത്തൂർ എന്നിവയ്ക്കായി 6835 ലക്ഷം രൂപയുടെ ഒരു സമഗ്ര കുടിവെള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതി മൂന്ന് ഘട്ടമായാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഒന്നാംഘട്ട പദ്ധതിക്ക് എൻ.ആർ.ഡബ്ല്യൂ.പി. സ്കീമിൽ ഉൾപ്പെടുത്തി 1980 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടം നടപ്പിലാക്കുന്നതിലേക്കായി നബാർഡിന്റെ സാമ്പത്തികസഹായം ലഭ്യമായിട്ടുണ്ട്. മൂന്നാംഘട്ട പദ്ധതിയ്ക്കാവശ്യമായ തടയണ ജലസേചന വകുപ്പാണ് നിർമ്മിക്കുന്നത്. മൂന്നാംഘട്ടത്തിൽ ഉൾപ്പെട്ട വിതരണ ശൃംഖലയ്ക്കുള്ള എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഒന്നും രണ്ടും ഘട്ടത്തിന്റെ പുരോഗതിക്കും ഫണ്ടിന്റെ ലഭ്യതയ്ക്കുമനുസരിച്ച് മൂന്നാം ഘട്ടം നടപ്പിലാക്കുന്നതാണ്. ബദിയഡുക്ക ഗ്രാമപഞ്ചായത്തിൽ നിലവിൽ എ.ആർ.പി. സ്കീമിൽ ഉൾപ്പെട്ട 2006-ൽ നടപ്പാക്കിയ ഒരു പദ്ധതി പ്രവർത്തിക്കുന്നുണ്ട്. ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ നാല് ചെറുകിട പദ്ധതികൾവഴി നടത്തുന്ന ശുദ്ധജലവിതരണം അപര്യാപ്തമായതിനാൽ 100 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന അജാനൂർ, പള്ളിക്കര, ഉദുമ, ചെമ്മനാട് എന്നീ പഞ്ചായത്തുകൾക്കും കുളത്തൂർ വില്ലേജിനുമായി ഒരു ശുദ്ധജലവിതരണ പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മേൽപ്പറഞ്ഞ പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്.

തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ നിലവിലുള്ള പദ്ധതിയിൽ നിന്നും മേത്തല, ഏറിയാട് എന്നീ പ്രദേശങ്ങളിലേക്ക് വെള്ളം നല്കിയിരുന്നു. എന്നാൽ ഇപ്പോൾ മേത്തല, ഏറിയാട്, കടുകുറ്റി പദ്ധതി നബാർഡിന്റെ സഹായത്തോടെ ഭാഗികമായി കമ്മീഷൻ ചെയ്ത് ഈ പ്രദേശത്തേക്ക് കുടിവെള്ള വിതരണം നടത്തുന്നുണ്ട്. ഇതുമൂലം നിലവിലുള്ള കൊടുങ്ങല്ലൂർ സ്കീമിലെ വെള്ളം കൊടുങ്ങല്ലൂരിൽ തന്നെ വിതരണം ചെയ്യാൻ കഴിയുന്നതുകൊണ്ട് ഇപ്പോൾ അവിടെ കുടിവെള്ളക്ഷാമം നേരിടുന്നില്ല.

കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിലെ കടലുണ്ടി, ചെറുവണ്ണൂർ-നല്ലളം ബേപ്പൂർ, ഒളവണ്ണ എന്നീ പഞ്ചായത്തുകൾക്ക് ജിക്ക പദ്ധതിയിൽ നിന്നും ഫറൂക്ക് പഞ്ചായത്തിന് ചീക്കോടിനും സമീപ വില്ലേജകുൾ ക്കുമായുള്ള പദ്ധതി കമ്മീഷൻ ചെയ്യുന്ന മുറയ്ക്ക് ശുദ്ധജലക്ഷാമം പരിഹരിക്കപ്പെടുന്നതാണ്. കൂടാതെ ഫറൂക്ക്, കരുവൻതുരുത്തി വില്ലേജുകൾക്ക് ജിക്ക പദ്ധതിയിൽ നിന്നും ജലം ലഭ്യമാക്കി രാമനാട്ടുകര പഞ്ചായത്തിന്, ചീക്കോട് രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി ശുദ്ധജലക്ഷാമം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ പഞ്ചായത്തിലെ നിലവിലുള്ള പദ്ധതി അതിയന്നൂർ അരുവിയെയും കോട്ടുകാൽ തോടിനെയും ആശ്രയിച്ചുള്ളതാണ്. ഇവിടെ നിന്നുള്ള ജലലഭ്യത അപര്യാപ്തമാണ്. ഒരു ശുദ്ധജല വിതരണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

ജലദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനു വേണ്ടിയുള്ള പുതിയ പദ്ധതികൾ രൂപകല്പന ചെയ്ത് ധനലഭ്യതക്കനുസരിച്ച് നടപ്പിലാക്കുന്ന

താണ്. സ്രോതസ്സുകളിൽ ജലലഭ്യത കുറവായ സ്ഥലങ്ങളിൽ ആവശ്യാനുസരണം തടയണകൾ നിർമ്മിക്കുന്നതാണ്.

ശുപാർശ നമ്പർ 6

കാഡയുടെ ഇപ്പോഴത്തെ പ്രവത്തന രീതി, അതിന്റെ ഘടന, പ്രവർത്തനങ്ങൾ എങ്ങനെ മെച്ചപ്പെടുത്താം എന്നിവയെ കുറിച്ചെല്ലാം അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് രണ്ട് മാസത്തിനകം സമിതിക്ക് നല്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്വീകരിച്ച നടപടി

ജലവിഭവ (കാഡാ) വകുപ്പിൽ നിന്നും 7-8-2012 തീയതിയിലെ 8126/കാഡാ2/2012/ ജലവിവ. നമ്പർ കത്ത് മുഖേന ലഭ്യമായിട്ടുള്ള കാഡയുടെ പ്രവർത്തനത്തെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണം സമിതിയിൽ സമർപ്പിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 7

1981-ൽ നിലവിൽ വന്ന മാള പദ്ധതി, എല്ലാ പൈപ്പുകളും പൊട്ടി ജലം ലഭ്യമാക്കാൻ പറ്റാത്ത അവസ്ഥയിലാണെന്ന് സമിതിയംഗം അഭിപ്രായപ്പെട്ടു. വെള്ളാങ്കല്ലൂർ, പൊയ്ക എന്നീ പഞ്ചായത്തുകൾക്ക് വേണ്ടി അഡീഷണൽ ഗ്രാവിറ്റി മെയിൻ കൊടുക്കണെമെന്നും, കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും വേണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്വീകരിച്ച നടപടി

മാളയ്ക്കും സമീപ പഞ്ചായത്തുകൾക്കും കുടിവെള്ളം എത്തിക്കുന്നതിന് വാട്ടർ അതോറിറ്റിയും ജലനിധിയും സംയുക്തമായി ചേർന്ന് 60 കോടി രൂപയുടെ വിപുലീകരണ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയിൽ കിണർ പുനരുദ്ധാരണം പ്ലാന്റിന്റെ നവീകരണം, മോട്ടോർ സ്ഥാപിക്കൽ, പുതിയതായി ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ, ഒരോ പഞ്ചായത്തിനും വേണ്ടി പ്രത്യേക ടാങ്കുകൾ, ജലവിതരണ ശൃംഖല നവീകരണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. മാസ്റ്റർ ടാങ്കായ കോടോത്തുകുന്നിൽ നിന്നും വെള്ളാങ്കല്ലൂർ പൊയ്ക എന്നീ പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള പഞ്ചായത്തുകളിലേക്കും പ്രത്യേക ഗ്രാവിറ്റി മെയിൻ ഇടുന്നതിനും വിവിധ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും 7-9-2012-ൽ 20.2 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയുടെ പൊതു ഘടകങ്ങളായ ട്രീറ്റ്മെന്റ് പ്ലാന്റ്, കിണർ, പമ്പ് ഹൗസ് മോട്ടോർ സ്ഥാപിക്കൽ, പുതിയ ടാങ്കുകൾ എന്നിവ കേരള വാട്ടർ അതോറിറ്റിയാണ് നടപ്പിലാക്കുന്നത്. ഡിസ്ട്രിബ്യൂഷൻലൈനിന്റെ നവീകരണം ജലനിധിയുടെ നേതൃത്വത്തിൽ പഞ്ചായത്തുതല കമ്മിറ്റികൾ രൂപീകരിച്ചും നടപ്പിലാക്കുന്നതാണ്. 2045-ൽ എല്ലാവർക്കും 70 lpcd എന്ന കണക്കിൽ കുടിവെള്ളം എത്തിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി നടപ്പിലാക്കാൻ പഞ്ചായത്ത് പ്രസിഡന്റുമാരും കേരള വാട്ടർ അതോറിറ്റി, മാനേജിംഗ് ഡയറക്ടറും ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടറും കരാർ ഒപ്പുവച്ചിട്ടുണ്ട്.

## ഭാഗം IV

## സമിതിയുടെ സ്പെഷ്യൽ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ

## I. ജലനിധിയുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട്

### ശുപാർശ

കുറ്റിപ്പുറത്ത് ഡിസ്ട്രിബ്യൂഷൻ ലൈനും പമ്പിംഗും പൂർത്തിയായെങ്കിലും ജലവിതരണം ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ആയത് ജലനിധി പദ്ധതിയുമായി ബന്ധപ്പെടുത്തി പ്രവർത്തനക്ഷമമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ചവറ-പന്മനയിൽ ജലവിഭവ വകുപ്പിന്റെ വിതരണം മുഴുവൻ ജലനിധി പദ്ധതിയിലൂടെ നടത്തുന്നുവെന്നും എൽ.ഐ.സി. പദ്ധതികളുടെ 20% ഇത്തരത്തിൽ ചെയ്യാനുദ്ദേശിക്കുന്നുണ്ടെന്നും വകുപ്പ് അധികൃതർ അറിയിച്ചു. എൽ.ഐ.സി. യുമായി ബന്ധപ്പെട്ട് മുടങ്ങിക്കിടന്ന പദ്ധതികൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

### സ്വീകരിച്ച നടപടി

കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് ജലനിധി രണ്ടാം ഘട്ടത്തിലെ ഒന്നാം ബാച്ചിൽ ഉൾപ്പെട്ട പഞ്ചായത്താണ്. മുടങ്ങികിടക്കുന്ന LIC പദ്ധതികൾ NABARD-ന്റെ SPAN പദ്ധതിയിലുൾപ്പെടുത്തി KWA നടപ്പിലാക്കിവരുന്നു.

### ശുപാർശ

മെഗാ പദ്ധതികളിൽ ജലസ്രോതസ്സിൽ നിന്നും സംഭരണികൾ വരെ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളും അതിനുവേണ്ടിയുള്ള ഉപകരണങ്ങളും ജല അതോറിറ്റിയിൽ നിന്നും ലഭ്യമാക്കാനും തുടർന്നുള്ള വിതരണവും ഗുണഭോക്തൃ സംഘടന രൂപീകരിക്കുന്നതും മറ്റും ജലനിധിയുടെ ആഭിമുഖ്യത്തിൽ സന്നദ്ധ സംഘടനകളോ പഞ്ചായത്തുകളോ ചേർന്ന് ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

### സ്വീകരിച്ച നടപടി

ജലനിധി രണ്ടാം ഘട്ടത്തിലും ശുപാർശ പ്രകാരമുള്ള ചവറ പന്മന മാതൃകയിൽ പദ്ധതികൾ ഉദ്ദേശിക്കുന്നുണ്ട്.

### ശുപാർശ

ജലനിധി പദ്ധതികളുടെ വിജയകരമായ നിർവ്വഹണം ഗുണഭോക്തൃ സമിതികളുടെ പങ്കിനെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. നിലവിൽ ജലനിധി പദ്ധതികളുടെ ഗുണഭോക്തൃ വിഹിതം 15% എന്നത് 10% മായി കുറയ്ക്കുവാനുള്ള നിർദ്ദേശം അടിയന്തിരമായി നടപ്പിൽവരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

## സ്വീകരിച്ച നടപടി

ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം ജനറൽ വിഭാഗത്തിന് 10% (5% പണമായും 5% തൊഴിലായും) എസ്.സി./എസ്.ടി/ഫിഷർമെൻ വിഭാഗത്തിന് 5% (1% പണമായും 4% തൊഴിലായും) എന്ന രീതിയിൽ കുറവ് ചെയ്തിട്ടുണ്ട്.

## ശുപാർശ

ഗുണഭോക്തൃ സമിതികൾ കൂടുതൽ ശക്തിപ്പെടുത്തുകയും അവ നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്നതിന് കൂടുതൽ ഊന്നൽ കൊടുക്കുന്നത് പദ്ധതിയുടെ രണ്ടാം ഘട്ടത്തിനും നിലവിലുള്ള പദ്ധതികളുടെ തുടർ നടത്തിപ്പിനും ഏറെ സഹായകരമാകുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. സാമൂഹ്യബോധവും നേതൃഗുണവുമുള്ളവർ നേതൃത്വം കൊടുക്കുന്ന ഗുണഭോക്തൃ സമിതികൾ നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ടെങ്കിലും ഗുണഭോക്തൃ സമിതികളുടെ പഞ്ചായത്ത്തല അപ്പെക്സ് ഫെഡറേഷന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് നിലവിൽ ലഭ്യമല്ല എന്നത് ഇവയുടെ പ്രവർത്തനത്തെ മന്ദീഭവിക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. പലപ്പോഴും ചുമതലക്കാർ സ്വന്തം കയ്യിൽ നിന്നും പണം ചെലവാക്കിയാണ് ഇവയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നത്. ഇത് കണക്കിലെടുത്ത് ഗുണഭോക്തൃ സമിതികളുടെ അപ്പെക്സ് ഫെഡറേഷന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ റിവോൾവിംഗ് ഫണ്ട് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

## ശുപാർശ

ജലനിധി പദ്ധതികളുടെ അറ്റകുറ്റപ്പണികൾ ഇപ്പോൾ ഗുണഭോക്തൃ സമിതികളാണ് ചെയ്തുവരുന്നത്. എന്നാൽ ചില അടിയന്തിര ഘട്ടങ്ങളിൽ പല സമിതികൾക്കും ഇതിനുള്ള സാമ്പത്തിക സ്ഥിതിയും സാങ്കേതിക ജ്ഞാനവും ഇല്ലാത്തത് പദ്ധതി നടത്തിപ്പിന് വിഘാതമാകുന്നു എന്ന് സമിതി മനസ്സിലാക്കുന്നു. ജലനിധി പദ്ധതികളുടെ ഇപ്രകാരമുള്ള അറ്റകുറ്റപ്പണികൾ ചെയ്യുന്നത് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള ബി.ജി. അപ്പെക്സ് ഫെഡറേഷന്റെ മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലും ആകുന്നത് ഗുണകരമായിരിക്കും എന്ന് സമിതി വിലയിരുത്തുന്നു. ഇതിനാവശ്യമായ ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് അലോക്കേഷനായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

## സ്വീകരിച്ച നടപടി (ഖണ്ഡിക 57, 58)

ബി.ജി. ഫെഡറേഷന് പുതിയ നിയമാവലി ഉണ്ടാക്കുകയും ആയത് എല്ലാ ജലനിധി പഞ്ചായത്തുകൾക്കും അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം സമർപ്പിക്കാൻ ജലനിധിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

ശുപാർശ നമ്പർ 59

ഗുണഭോക്തൃ സമിതികൾ നടത്തുന്ന അറ്റകുറ്റപ്പണികൾ സംബന്ധിച്ച ചെലവുകൾക്ക് ഒരു പൊതുമാനദണ്ഡം പാലിക്കുന്നതായി കാണുന്നില്ല. പഞ്ചായത്തുകൾതോറും ഇത് വ്യത്യാസപ്പെട്ടിരിക്കുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളിലെല്ലാം പദ്ധതിയുടെ നിർവഹണവും അറ്റകുറ്റപ്പണികളും സംബന്ധിച്ച് ചെലവിന്റെ കാര്യത്തിൽ കഴിയുന്നതും ഐക്യരൂപ്യം ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

ഒരോ കുടിവെള്ള പദ്ധതിക്കും ഒ&എം പ്ലാൻ തയ്യാറാക്കി ഒ&എം പരിശീലനം നൽകിയതിനുശേഷമാണ് ഗുണഭോക്തൃ സമിതികൾക്ക് തുടർനടത്തിപ്പിനായി കൈമാറുന്നത്. ഒരോ പദ്ധതിക്കും ആവശ്യമായിവരുന്ന അറ്റകുറ്റപ്പണികൾ വേറിട്ട സ്വഭാവമുള്ളതിനാൽ പൊതുമാനദണ്ഡം നിശ്ചയിക്കുക പ്രായോഗികമല്ല. എന്നിരുന്നാലും പദ്ധതി നടപ്പിലാക്കുന്ന ഗുണഭോക്തൃസമിതിക്ക് തുടർനടത്തിപ്പിനുള്ള പരിശീലനം നൽകുമ്പോൾ അറ്റകുറ്റപ്പണികൾക്ക് ചെലവ് കുറയ്ക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകാറുണ്ട്.

ശുപാർശ

ജലനിധിയുടെ മേജർ പദ്ധതികളുടെ നടത്തിപ്പും അറ്റകുറ്റപ്പണികളും സംബന്ധിച്ച ചെലവുകൾ നിലവിൽ ഗുണഭോക്തൃ സമിതികൾ തന്നെ വഹിച്ചുവരുന്നുവെങ്കിലും ഭാവിയിൽ ഈ ഇനത്തിൽ ഉണ്ടാകാവുന്ന ഭാരിച്ച ചെലവ് ഇവർക്ക് താങ്ങുവാൻ കഴിയാതെ വരും എന്ന് സമിതി വിലയിരുത്തുന്നു. ഗുണഭോക്തൃ സമിതികൾക്ക് പ്രസ്തുത ചെലവ് താങ്ങാനാവാത്ത അവസ്ഥ സംജാതമാകുന്നപക്ഷം ഇതു വഹിക്കുവാൻ പഞ്ചായത്തുകൾക്ക് അധികാരം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സ്വീകരിച്ച നടപടി

ജലനിധി രണ്ടാം ഘട്ടത്തിൽ പദ്ധതിയിലൂടെ നിർമ്മിക്കുന്ന കുടിവെള്ള പദ്ധതികളുമായിബന്ധപ്പെട്ട ആസ്തികളിൽ പഞ്ചായത്തിനുകൂടി ഉടമസ്ഥാവകാശം നൽകിക്കൊണ്ട് പ്രശ്നപരിഹാരം കാണുന്നതാണ്.

ശുപാർശ

പദ്ധതി ചെലവിന്റെ 15% മാത്രമേ ഗുണഭോക്തൃ സമിതി വഹിക്കേണ്ടതുള്ളൂ എന്ന വ്യവസ്ഥയുള്ള നിലയ്ക്ക് ബാക്കി തുക പൂർണ്ണമായും സർക്കാർ വിഹിതമായതിനാൽ ഇതിന്റെ 4% നികുതി കൊടുക്കണമെന്ന വ്യവസ്ഥ ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സ്വീകരിച്ച നടപടി

പദ്ധതിയുടെ നിർമ്മാണഘട്ടത്തിൽ ഇത്തരം പ്രശ്നങ്ങൾ ജലനിധി ഇടപെട്ട് തീരുമാനമെടുത്തിട്ടുണ്ട്. പിന്നീടുള്ള പ്രവർത്തനങ്ങളിൽ ബി.ജി. ഫേഡറേഷനും പഞ്ചായത്തിനും ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കാവുന്നതാണ്.

ശുപാർശ

ജലസ്രോതസ്സുകൾ കണ്ടെത്തുന്നതിൽ പ്രശ്നങ്ങൾ നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഹൈഡ്രോളജി വകുപ്പിന്റെ സേവനം ഇതിനായി പ്രയോജനപ്പെടുത്തുന്നുണ്ടെങ്കിലും ഇതിൽ ശാസ്ത്രീയമായ രീതി അവലംബിക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പലപ്പോഴും ജലസ്രോതസ്സുകൾ വറ്റുന്നത് കുടിവെള്ള വിതരണം തടസ്സപ്പെടുത്തുന്നുമുണ്ട്. ജലലഭ്യത ഉറപ്പുവരുത്താതെ വളരെയധികം പണം ചെലവാക്കി കിണറുകൾ കുഴിക്കുന്നത് വളരെയധികം പാഴ്ചെലവ് വരുത്തിവെക്കുന്നതായി സമിതി കണ്ടെത്തുകയുണ്ടായി. ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിന് ആധുനികവും കൃത്യതയുള്ളതുമായ റിമോട്ട് സെൻസിംഗ് പോലെയുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കണ്ടെത്തിയ വിവരങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സ്വീകരിച്ച നടപടി

രണ്ടാം ഘട്ടത്തിൽ ജലനിധി നടപ്പിലാക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ സമിതി നിർദ്ദേശിച്ച റിമോട്ട് സെൻസിംഗ് സാങ്കേതിക വിദ്യയുൾപ്പെടെ ശാസ്ത്രീയമായ ജലസുരക്ഷാ പഠനം നടപ്പിലാക്കിയ ശേഷമാണ് ജലസ്രോതസ്സുകൾ കണ്ടെത്തുന്നത് (Water Security and Development Plan)

ശുപാർശ

ഗുണഭോക്തൃ സമിതികളുടെ സംഘാടനത്തിലും നടത്തിപ്പിലും ഇപ്പോൾ പ്രധാന പങ്ക് വഹിച്ചുവരുന്നത് സന്നദ്ധ സംഘടനകളാണ്. ഇവ തെരഞ്ഞെടുക്കുന്നതിന് അവലംബിച്ചിട്ടുള്ള മാനദണ്ഡങ്ങളെക്കുറിച്ചും അവയുടെ പ്രർത്തനങ്ങളെ സംബന്ധിച്ചും ധാരാളം പരാതികൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇത് കണക്കിലെടുത്ത് സന്നദ്ധ സംഘടനകളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്തുകൾക്ക് അധികാരം നൽകുന്നത് നന്നായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. സമിതികളുടെ കോൺഫെഡറേഷനുകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിക്കുകയും പഞ്ചായത്ത് പ്രസിഡന്റുമാരെ അതിന്റെ ചെയർമാൻമാരാക്കുകയും ചെയ്യുന്നതുവഴി പഞ്ചായത്തുകൾക്ക് ഇവയുടെ മേൽ നിയന്ത്രണം ഉണ്ടാക്കുവാൻ സഹായിക്കുമെന്ന് സമിതി കരുതുന്നു. ഈ ദിശയിലുള്ള പ്രവർത്തനങ്ങളുടെ പ്രായോഗികത പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

## സ്വീകരിച്ച നടപടി

ലോകബാങ്ക് നിർദ്ദേശിച്ച മാനദണ്ഡങ്ങൾക്കനുസരിച്ച് സംഘടനകളുടെ ചുരുക്കപ്പട്ടിക KRWSA തയ്യാറാക്കുകയും ആയത് ഗ്രാമപഞ്ചായത്തുകൾക്ക് നൽകുകയും ചെയ്യുന്നു. ഗ്രാമപഞ്ചായത്തുകളാണ് സന്നദ്ധ സംഘടനയെ തിരഞ്ഞെടുക്കുന്നത്. സമിതി പരാമർശിച്ചിരിക്കുന്ന രീതിയിൽ തന്നെയാണ് നിയമാവലി രൂപപ്പെടുത്തിയിരിക്കുന്നത്.

## ശുപാർശ

ജലവിതരണ രംഗത്ത് പ്രവർത്തിക്കുന്ന രണ്ട് ഏജൻസികളെന്ന നിലയിൽ വാട്ടർ അതോറിറ്റിയും ജലനിധിയും തമ്മിൽ സഹകരിച്ചുള്ള പ്രവർത്തനം പലയിടത്തും കാണാൻ കഴിഞ്ഞില്ല എന്ന വസ്തുത ഖേദകരമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ജലനിധി പദ്ധതി നടപ്പിലാക്കിയ പ്രദേശങ്ങളിലെ പൊതു ടാപ്പുകൾ അകാരണമായി പൂട്ടുന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. വാട്ടർ അതോറിറ്റിയുടെയും ജലനിധിയുടേയും ഏകോപിച്ചുള്ള പ്രവർത്തനം ഉണ്ടായാൽ മാത്രമേ ജലവിതരണ രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനും കൂടുതൽ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുവാനും കഴിയൂ എന്ന് സമിതി അഭിപ്രായപ്പെടുന്നു.

(ഖണ്ഡിക 65)

## സ്വീകരിച്ച നടപടി

ജലനിധി രണ്ടാം ഘട്ടത്തിൽ വാട്ടർ അതോറിറ്റിയും ജലനിധിയും സംയുക്തമായി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നത് വിഭാവനം ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു.

## ശുപാർശ

ജലനിധിയുടെ ഒരോ പദ്ധതിയുടെ നടത്തിപ്പിനും നാൽപ്പതു മുതൽ അമ്പതു വരെ ഗുണഭോക്തൃ സമിതികൾ ഉണ്ടെന്നതിനാൽ ഇവയ്ക്കായി ഒരു വൻതുക ചെലവഴിക്കേണ്ടി വരുന്നുണ്ട്. ആയതിനാൽ പത്തിരുപത്തഞ്ച് പദ്ധതികളെങ്കിലും KRWSA-യും വാട്ടർ അതോറിറ്റിയും ചേർന്ന് സംയുക്തമായി ഏറ്റെടുത്ത് നടപ്പിലാക്കുകയും ജലവിതരണത്തിന്റെ ചുമതല ഗുണഭോക്തൃ സമിതികളെയോ പഞ്ചായത്തുകളെയോ ഏൽപ്പിക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

## ശുപാർശ

ചവറ-പന്മന മോഡലിൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള മാതൃക ഏറെ അനുകരണീയമാണെന്നും ഇത് സംസ്ഥാനത്താകമാനം ജലനിധിയുടെ ഫോളോ ഓൺ പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സ്വീകരിച്ച നടപടി (ഖണ്ഡിക 66, 67)

ചെലവ് കുറയ്ക്കുന്ന രീതിയിലുള്ള മൾട്ടി പഞ്ചായത്ത് പദ്ധതികൾ ഇതിനോടകം തന്നെ ജലനിധി ഒന്നാം ഘട്ടപദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുണ്ട്. ചവറ-പന്മന പോലുള്ള പദ്ധതികൾ രണ്ടാംഘട്ടത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

## II. പെപ്സി കമ്പനിയുടെ അമിത ജലഉപയോഗവും ജലമലിനീകരണവും സംബന്ധിച്ച റിപ്പോർട്ട്

ശുപാർശ നമ്പർ 32-ൻമേലുള്ള അധികവിവരം സംബന്ധിച്ച്

ശുപാർശ

ഭൂഗർഭജലം അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായങ്ങൾക്ക് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് വഴി അനുമതി നൽകുന്നതിന് മുമ്പായി ജലവിഭവ വകുപ്പുമായും മറ്റ് അനുബന്ധ സ്ഥാപനങ്ങളുമായും ജനപ്രതിനിധികളുമായും ചർച്ച ചെയ്യണമെന്നും ഇത് സംബന്ധിച്ച് വ്യവസായ വകുപ്പിൽ നിന്നും കൂടുതൽ വിശദീകരണം ആരായണമെന്നും സമിതി നിർദ്ദേശിച്ചു.

സ്വീകരിച്ച നടപടി

ജലത്തിന്റെ ലഭ്യത സംബന്ധിച്ച് ഭൂഗർഭ ജലവകുപ്പുമായും തദ്ദേശസ്വയം ഭരണ സ്ഥാപനമായും ആലോചിച്ചിട്ടാണ് ബോർഡ് തീരുമാനമെടുക്കുന്നത്. പ്രസ്തുത വകുപ്പുകൾക്ക് ഭിന്നാഭിപ്രായമുണ്ടെങ്കിൽ അയതു കൂടി സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കണം എന്ന് ബോർഡിനോട് നിർദ്ദേശിക്കുന്നതാണ്.

## ഭാഗം V

സഭയിൽ സമർപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റുകളും ആന്വൽ പെർഫോർമൻസ് റിപ്പോർട്ടുകളും

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2010-11, 2011-12 എന്നീ വർഷങ്ങളിലെ ധനാഭ്യർത്ഥന നമ്പർ XXXVIII (ജലസേചനം), ധനാഭ്യർത്ഥന നമ്പർ XXIX, കൃഷി (ചെറുകിട ജലസേചനം) ധനാഭ്യർത്ഥന നമ്പർ XX ശുദ്ധജലവിതരണവും ശുചീകരണവും എന്നിവയെ സംബന്ധിക്കുന്ന ആന്വൽ പെർഫോർമൻസ് റിപ്പോർട്ടുകൾ 28-6-2012, 23-7-2012, 18-12-2012 എന്നീ തീയതികളിൽ സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

കൂടാതെ, ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2011-12 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 3, 5, 44, 45, 50, 51, 63, 73, 28 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണം അടങ്ങുന്ന സ്റ്റേറ്റ്മെന്റുകൾ 18-12-2012, 21-3-2012 എന്നീ തീയതികളിൽ സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

തിരുവനന്തപുരം,
2013 മേയ് 6.

**പി. ജെ. ജോസഫ്,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി III.*

840/2013.

<u>അനുബന്ധം</u>

## 12-4-2012-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2012 ഏപ്രിൽ മാസം 12-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'IV-F' സമ്മേളന ഹാളിൽ സമിതി ചെയർമാനും ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

| | | |
|---|---|---|
| 1. | ശ്രീ എ. എം. ആരിഫ്, | എം. എൽ. എ |
| 2. | ശ്രീ. വി. റ്റി. ബൽറാം, | ,, |
| 3. | ശ്രീ. വർക്കല കഹാർ, | ,, |
| 4. | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ,, |
| 5. | ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി, | ,, |
| 6. | ശ്രീ. റ്റി. എൻ. പ്രതാപൻ, | ,, |
| 7. | ശ്രീ. തോമസ് ഉണ്ണിയാടൻ, | ,, |

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. എം. ജോൺ മാത്യു, ജോയിന്റ് സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. വി. ജെ. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റ്.
2. ശ്രീ. കെ. സോമൻ, അഡീഷണൽ സെക്രട്ടറി, വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റ്.
3. ശ്രീ. എ. ആർ. അജയകുമാർ, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ടുമെന്റ്.
4. ശ്രീമതി. സി. കെ. രാധാമണി, ചീഫ് എഞ്ചിനീയർ, പ്രോജക്ട്-I, കോഴിക്കോട്
5. ശ്രീ. ടി. പി. പ്രേംചന്ദ്, ചീഫ് എഞ്ചിനീയർ, മെക്കാനിക്കൽ ഡിവിഷൻ
6. ശ്രീ. പി. അനിൽകുമാർ, ചീഫ് എഞ്ചിനീയർ, (കെ. പി.), ആലപ്പുഴ
7. ശ്രീ. എം. ജോർജ് ജോസഫ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ സെൻട്രൽ സർക്കിൾ, തൃശ്ശൂർ
8. ശ്രീ. എസ്. സോമശേഖരൻ നായർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ
9. ശ്രീ. അഹമ്മദ് ബഷീർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, നോർത്ത് സർക്കിൾ

10. ശ്രീ. ജി. അനിൽകുമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ (1), സൗത്ത് സർക്കിൾ, തിരുവനന്തപുരം

11. ശ്രീമതി എസ്. വി. കല, അണ്ടർ സെക്രട്ടറി, വ്യവസായ വകുപ്പ്

12. ശ്രീ. എം. കെ. മദനമോഹനൻ നായർ, സീനിയർ ഫിനാൻസ് ഓഫീസർ, പ്രോജക്ട്-II.

13. ശ്രീ. കെ. എം. രഘുവരൻ, സീനിയർ ഫിനാൻസ് ഓഫീസർ, പ്രോജക്ട്-I ചീഫ് എഞ്ചിനീയറുടെ ഓഫീസ്.

സമിതി 2012-13 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXXVIII ജലസേചനം സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തുകയും താഴെപ്പറയുന്ന ശുപാർശകൾ നൽകുകയും ചെയ്തു.

2700-01-101-98—പെരിയാർ നദീതട പദ്ധതി (വാണിജ്യപരം)

പെരിയാർ നദീതടപദ്ധതിയുടെ സംരക്ഷണ പണികൾക്കായി 6 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കനാലുകളുടെ സംരക്ഷണ പണികൾ കാലാകാലം തീർക്കേണ്ടതിനാൽ 4 കോടി രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-02-101-98—മലമ്പുഴ പദ്ധതി (വാണിജ്യപരം)

മലമ്പുഴ പദ്ധതിയുടെ സംരക്ഷണ പണികൾക്ക് 5 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-03-101-98-വാളയാർ പദ്ധതി (വാണിജ്യപരം)

വാളയാർ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി 1.50 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-04-101-98-മംഗലം പദ്ധതി (വാണിജ്യപരം)

മംഗലം പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ച ഒരു കോടി രൂപ അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-05-101-98-മീൻകര പദ്ധതി (വാണിജ്യപരം)

മീൻകര പദ്ധതിയുടെ സംരക്ഷണ പണികൾക്ക് ഈ ശീർഷകത്തിൽ അനുവദിച്ച 69.30 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-11-101-98—നെയ്യാർ ജലസേചന പദ്ധതി (വാണിജ്യപരം)

നെയ്യാർ ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ള 4.40 കോടി രൂപ അപര്യാപ്തമായതിനാൽ കനാലുകളുടെ പുനരുദ്ധാരണത്തിനായി ഒരു കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-12-101-98—പഴശ്ശി പദ്ധതി (വാണിജ്യേതരം)

പഴശ്ശി പദ്ധതിയുടെ സംരക്ഷണ പണികൾക്ക് 1.21 കോടി രൂപയാണ് നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നത്. പഴശ്ശി പദ്ധതിയുടെ മോശമായ 14 റേഡിയൽ ഗേറ്റുകൾ പുനഃസ്ഥാപിക്കുന്നതിന് ഈയിനത്തിൽ 8 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-13-101-98—കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)

കുറ്റ്യാടി ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്ക് 2.4 കോടി രൂപയും തോട്ടങ്ങളുടെ സംരക്ഷണ പണികൾക്കായി 2 ലക്ഷം രൂപയുമാണ് 2012-13-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ സംരക്ഷണ പണികൾക്ക് 2 കോടി രൂപയും, തോട്ടങ്ങളുടെ സംരക്ഷണ പദ്ധതികൾക്കായി 3 ലക്ഷം രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-14-101-98—വടക്കാഞ്ചേരി പദ്ധതി (വാണിജ്യേതരം)

വടക്കാഞ്ചേരി (വാഴാനി) പദ്ധതിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള ബഡ്ജറ്റ് വിഹിതം 1.32 കോടി രൂപയാണ്. ഇത് അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-16-101-98—പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)

പമ്പാ ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകകൊള്ളി ച്ചിട്ടുള്ള 4 കോടി രൂപ അപര്യാപ്തമായതിനാൽ ഒരു കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-18-101-98—കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

കാഞ്ഞിരപ്പുഴ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ള 2.4 കോടി രൂപ അപര്യാപ്തമായതിനാൽ 2.8 കോടി രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-25-101-98—മൂലത്തറ വലതുകര കനാൽ (വാണിജ്യേതരം)

2012-13-ലെ ബഡ്ജറ്റിൽ മൂലത്തറ പദ്ധതികളുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിട്ടുള്ള 5.39 ലക്ഷം രൂപയും ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ അനുവദിച്ചിട്ടുള്ള 4 ലക്ഷം രൂപയും അപര്യാപ്തമായതിനാൽ ഈയിനങ്ങളിൽ യഥാക്രമം 80 ലക്ഷം രൂപയും 4 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-27-101-98—കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം)

കമ്മീഷൻ ചെയ്ത ഈ പദ്ധതിയുടെ പൂർത്തീകരിക്കുവാനുള്ള കനാൽ പണികൾക്കു വേണ്ടി 3 കോടി രൂപയും കനാൽ റോഡുകളുടെ നവീകരണത്തിനുവേണ്ടി 2 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-01-101-98—പീച്ചി ജലസംഭരണ പദ്ധതി (വാണിജ്യപരം)

പീച്ചി ജലസംഭരണ പദ്ധതിയുടെ സംരക്ഷണപണികൾക്ക് 5 കോടി രൂപയും വർക്ക്ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ 25 ലക്ഷം രൂപയുമാണ് വകകൊള്ളിച്ചിട്ടുള്ളത്. ഇവ അപര്യാപ്തമായതിനാൽ യഥാക്രമം 2.47 കോടി രൂപയും 21 ലക്ഷം രൂപയും ഈയിനങ്ങളിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-02-101-98—ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യപരം)

ഈ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ച 2 കോടി രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-31-001-98—ചീരക്കുഴി പദ്ധതി (വാണിജ്യപരം)

ചീരക്കുഴി പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ള 87 ലക്ഷം രൂപ തുലോം കുറവായതിനാൽ 25 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-14-101-98—ചിമ്മിണി മുപ്ലി പദ്ധതി (വാണിജ്യേതരം)

ചിമ്മിണി ഡാമിന്റെ സംരക്ഷണ പണികൾക്ക് വകയിരുത്തിയിട്ടുള്ളത് 60 ലക്ഷം രൂപയാണ്. ഡാം സേഫ്റ്റി കമ്മിറ്റിയുടെ ശുപാർശ പ്രകാരമുള്ള പണികൾ ചെയ്യുവാൻ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-20-101-99—വെള്ളിയാംകല്ല് കാസ്‌വേ പദ്ധതി (വാണിജ്യേതരം)

വെള്ളിയാംകല്ല് കാസ്‌വേ പദ്ധതിയുടെ വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ വകയിരുത്തിയിട്ടുള്ള 60,000 രൂപ അപര്യാപ്തമായതിനാൽ 1.10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-001-93—കാവേരി നദീതട പദ്ധതികൾ

കാവേരി നദീതട പദ്ധതിയുടെ ഡിവിഷൻ ഓഫീസുകളുടെ ഭരണ ചെലവിനായി 2 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-005-98—അന്വേഷണവും ഗവേഷണവും

പര്യവേഷണവും ഗവേഷണവും സംബന്ധിച്ച ചെറുകിട മരാമത്തു പണികൾക്കും മറ്റ് ചെലവുകൾക്കുമായി 24.50 ലക്ഷം രൂപയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത്. ഇത് അപര്യാപ്തമായതിനാൽ 20.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-005-97—അന്വേഷണവും രൂപകല്പനയും

ജലസേചന പദ്ധതികളുടെ പര്യവേഷണത്തിനും രൂപകല്പനകൾക്കും നില വിലുള്ള ഐ.ഡി.ആർ.ബി. ഓഫീസ് നവീകരണത്തിനുമായി വകകൊള്ളിച്ചിട്ടുള്ള 15 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 7.26 കോടി രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-005-96—മുല്ലപ്പെരിയാർ ഡാമിനെക്കുറിച്ചുള്ള വിശദപഠനം

പുതിയ ഡാമിന് വേണ്ടി ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ (ജി.എസ്.ഐ.) യുടെ റിപ്പോർട്ട് പ്രകാരമുള്ള അധിക ബോർഹോൾ എക്സ്പ്ലോറേഷൻ നടത്തുന്നതിനുവേണ്ടി 26.7 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-800-97—മറ്റു ജലസേചന പദ്ധതികളുടെ അറ്റകുറ്റപ്പണികളും സംരക്ഷണ പണികളും

പൂർത്തിയായ ജലസേചന പദ്ധതികളിൽ സംരക്ഷണ പണികൾക്ക് പ്രത്യേകമായി തുക കൊള്ളിച്ചിട്ടില്ലാത്തവയുടെ സംരക്ഷണ പണികൾക്കും തൃശൂർ കോൾ നിലങ്ങളിൽ ജലസേചന വികസന പ്രവർത്തനങ്ങൾക്കുമായി 2.50 കോടി രൂപയാണ് നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ 2 കോടി രൂപ കൂടി ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-800-94—കാവേരി ഉൾപ്പെടെയുള്ള അന്തർ-സംസ്ഥാന നദീജലം

ഐ.എസ്.ഡബ്ലിയു.യിലെ ജീവനക്കാർക്കും പ്രത്യേകിച്ച് കാവേരി നദീജലതർക്ക ട്രൈബ്യൂണലിനായി ഉണ്ടാക്കപ്പെട്ട പ്രത്യേക വിഭാഗത്തിലെ ഉദ്യോഗസ്ഥൻമാർക്ക് ശമ്പള ത്തിനും ഓഫീസ് ചെലവുകൾക്കും വക്കീൽ ഫീസിനും വകയിരുത്തിയിട്ടുള്ള 1.8934 കോടി രൂപ അപര്യാപ്തമായതിനാൽ 17 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-800-92—അണക്കെട്ടു സുരക്ഷാ സംഘടനയും സന്നാഹങ്ങളും

ഭരണച്ചെലവിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ വകയി രുത്തിയിട്ടുള്ള 10 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി അനുവദിക്ക ണമെന്ന് സമിതി ശുപാർശ ചെയ്തു.

2711-02-800-99—കടലാക്രമണ നിരോധനം സംബന്ധിച്ച പദ്ധതികൾ കോസ്റ്റൽ എറോഷൻ പദ്ധതികൾ സംബന്ധിച്ച പഠനം

കടലാക്രമണ നിരോധന പദ്ധതിയുടെ ഭാഗമായി കടൽതീര മണലൊലിപ്പ് തടയുന്നതിനായി കോസ്റ്റൽ ഇറോഷൻ സംബന്ധിച്ച പഠനം നടത്തുന്നതിനായി ഒരു ഡിവിഷനും 2 സബ്ഡിവിഷനുകളുടെയും 5 സെക്ഷനുകളുടെയും പ്രവർത്തനങ്ങൾക്കു മായി 2.1279 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ 1.6032 കോടി രൂപ കൂടി ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4700-02—മലമ്പുഴ പദ്ധതി (വാണിജ്യപരം)

നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈയിനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. മലമ്പുഴ ഉദ്യാനം രണ്ടാംഘട്ട പണിയുടെ പൂർത്തീകരണത്തിന് 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4700-20—ഇടമലയാർ പദ്ധതി (വാണിജ്യേതരം)

ഇടമലയാർ പദ്ധതിയുടെ മരാമത്ത് പണികൾക്കായി 14.0640 കോടി രൂപയും ലാന്റ് അക്വിസിഷൻ കേസുകൾക്കായി 30 ലക്ഷം രൂപയുമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഇത് അപര്യാപ്തമായതിനാൽ മരാമത്ത് പണികൾക്കായി 25 കോടി രൂപയും സ്ഥലമെടുപ്പിന് 5 കോടി രൂപയും സ്ഥലമെടുപ്പ് കേസുകൾക്ക് 3 കോടി രൂപയും കൂടാതെ ഭരണപരമായ ചെലവുകൾക്കായി 5 കോടി രൂപയും ചേർത്ത് ആകെ 38 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4700-22—മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)

4.50 കോടി രൂപയാണ് ഈ പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പണികൾക്ക് ഈ തുക അപര്യാപ്തമാണ്. 2012-13 വർഷത്തിൽ എ.ഐ.ബി.പി. ഗ്രാന്റ് ലഭ്യമാക്കുവാനായി 35 കോടി രൂപയും ഭരണപരമായ ചെലവുകൾക്ക് 15 കോടി രൂപയും, കൂടാതെ സ്ഥലമെടുപ്പിനായി 10 കോടി രൂപയും, സ്ഥലമെടുപ്പ് കേസുകൾക്കായി 5 കോടി രൂപയും ചേർത്ത് 65 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4701-12-800-97—അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് നടപ്പുസാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. അട്ടപ്പാടി സ്കീമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 4.159 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4701-18—ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ് (വാണിജ്യേതരം)

പ്രസ്തുത പദ്ധതിക്ക് നടപ്പുസാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിലും മരാമത്ത് പണികൾക്കുമായി 28.5696 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4701-22—പലകപ്പാണ്ടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യേതരം)

ഈയിനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 4-ാമത്തെ റീച്ചുകൂടി പൂർത്തീകരിക്കാനുള്ളതിനാൽ 2 കോടി രൂപ കൂടി നബാർഡ് ധനസഹായംവഴി ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4701-80-800-99—കേരള എഞ്ചിനീയറിംഗ് റിസർച്ച് സ്റ്റേഷൻ പീച്ചി സ്റ്റേജ് 2-ന്റെ വികസനം

പീച്ചിയിലെ ഗവേഷണ പഠനകേന്ദ്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന 85 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 3.65 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4701-80-800-93—നാഷണൽ ഹൈഡ്രോളജി പ്രോജക്ട്

ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതിയുടെ രണ്ടാംഘട്ട പരിപാടിക്കായി 3 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പ്രധാനമായ പ്രവൃത്തികളെല്ലാം 2012-13 കാലഘട്ടത്തിൽ തീർക്കേണ്ടതായിട്ടുള്ളതുകൊണ്ട് 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4701-80-800-81—ജലസേചന പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനുവേണ്ടിയുള്ള നിലവാര നിർണ്ണയം.

വിവിധ പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനായി വകയിരുത്തിയിട്ടുള്ള 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4701-80-800-76—മുൻഗണനാ പ്രവൃത്തികൾ

ഇടത്തരം ജലസേചന പദ്ധതികളിൽ മുൻഗണനാ പ്രവൃത്തികൾക്ക് വകയിരുത്തിയിരിക്കുന്ന ഒരു കോടി രൂപ അപര്യാപ്തമായതിനാൽ 100 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-800-79—ഓഫീസുകൾ നെറ്റ്വർക്കിംഗ്

ജലസേചന വകുപ്പിലെ ഓഫീസുകളിൽ നെറ്റ്വർക്കിംഗിനായി വകയിരുത്തിയിട്ടുള്ള 20 ലക്ഷം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2711-01-103-99—വെള്ളപ്പൊക്ക നിയന്ത്രണ പണികളുടെ സംരക്ഷണം

2711-01-103-98—വെള്ളപ്പൊക്കക്കെടുതികൾമൂലമുള്ള അറ്റകുറ്റപ്പണികൾ

സംസ്ഥാനത്തെ പൂർത്തിയാക്കപ്പെട്ട വെള്ളപ്പൊക്ക നിയന്ത്രണ പണികളുടെ പ്രത്യേകമായ സംരക്ഷണത്തിനും വെള്ളപ്പൊക്കംമൂലം ഉണ്ടാകുന്ന കെടുതികളുടെ അറ്റകുറ്റപ്പണികൾക്കുമായി 10 കോടി രൂപ വീതമാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ രണ്ട് കണക്കിനങ്ങളിലും 5 കോടി രൂപ വീതം അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2711-02-103-99—കടലാക്രമണ നിരോധന പണികൾ-സംരക്ഷണം.

നിരന്തരമായി കടലാക്രമണംമൂലം കടൽ ഭിത്തികൾ നേരിടുന്ന കെടുതികളുടെ സംരക്ഷണ പണികൾക്കും കൂടാതെ പ്രകൃതിക്ഷോഭത്തിൽ നിന്ന് കടൽ തീരത്തെ രക്ഷിക്കുന്നതിനുള്ള അടിയന്തര പണികൾക്കുമായി വകയിരുത്തിയിട്ടുള്ള 7.0001 കോടി രൂപ അപര്യാപ്തമായതിനാൽ 5 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4711-01-103-98—തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ

തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കക്കെടുതികൾ ഒഴിവാക്കുന്നതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ഈ കണക്കിനത്തിൽ 2012-13 വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ഭരണാനുമതി ലഭിച്ച 27 കോടി രൂപയുടെ പണികൾ പൂർത്തീകരിക്കുന്നതിന് 27 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4711-01-103-90—കുട്ടനാട് പാക്കേജ്

എം. എസ്. സ്വാമിനാഥൻ റിസേർച്ച് അഡ്മിനിസ്ട്രേഷന്റെ നിർദ്ദേശപ്രകാരം കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ നിലവിലുള്ള ബണ്ടുകൾ ഉയർത്തുകയും വശങ്ങൾ ബലപ്പെടുത്തുകയും ചെയ്ത് ഭാവിയിൽ വരുന്ന വെള്ളപ്പൊക്കത്തിൽ നിന്ന് പാടശേഖരങ്ങളെ സംരക്ഷിക്കാനുള്ള ജോലികൾക്കായുള്ള ഈ കണക്കിനത്തിൽ 200 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 75% കേന്ദ്ര ഗവൺമെന്റിൽ നിന്നും ഗ്രാന്റ് ലഭിക്കുന്ന ഈ പദ്ധതിക്ക് ഗ്രാന്റ് ലഭിക്കുന്നതിന് അനുസരിച്ച് കൂടുതൽ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4711-01-103-89—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികളുടെ മുൻഗണനാ പ്രവൃത്തികൾ

നോൺ പ്ലാൻ ശീർഷകത്തിൽ അനുവദിച്ച ഈ പുതിയ കണക്കിനത്തിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ കണക്കിനത്തിലേക്ക് 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4711-02-103-99—കടലാക്രമണ നിരോധന പദ്ധതികൾ

കടലാക്രമണം സംഭവിക്കുന്ന സ്ഥലങ്ങളിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും പഴയവ പുതുക്കിപ്പണിയുന്നതിനുമായി വകയിരുത്തിയിരിക്കുന്ന 35 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 50 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കടലാക്രമണ നിരോധനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ പുലിമുട്ടുകളിടാൻ 345 കോടി രൂപ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് സമിതി ചെയർമാൻ അറിയിച്ചു. ചേർത്തല താലൂക്കിലെ കായലിന്റെ ഓരത്തുണ്ടാകുന്ന വേലിയേറ്റത്തെക്കുറിച്ച് വിശദമായ പഠനം നടത്തണമെന്ന് അഭിപ്രായപ്പെട്ട സമിതി കാഡയുടെ സ്ഥിതി വളരെ ശോചനീയമാണെന്നും യാതൊരു പ്രവർത്തനവും നടക്കുന്നില്ലായെന്നും വിലയിരുത്തി.

പഴശ്ശി പദ്ധതിയുടെ ഷട്ടറുകളെല്ലാം ദ്രവിച്ച് കുടിവെള്ളംപോലും കിട്ടാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും, ആഴത്തിൽ ഷട്ടറുകൾ ഡിസൈൻ ചെയ്തതാണ് പ്രശ്നമെന്നും സമിതി അഭിപ്രായപ്പെട്ടു. പഴശ്ശി ഡാമിന്റെ ഷട്ടറുകളുടെ പണി സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് സമിതി ശുപാർശ ചെയ്തു. അതിനായി കെൽ സമർപ്പിച്ചിട്ടുള്ള പ്രോജക്ട് എസ്റ്റിമേറ്റ് ഒരു പ്രത്യേക കേസായി, ബഹു. ധനവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം നേടിയെടുക്കുവാൻ ജലവിഭവ വകുപ്പ് സെക്രട്ടറിയെ സമിതി ചുമതലപ്പെടുത്തി.

പല പദ്ധതികൾക്കും അനുവദിക്കുന്ന തുക സമയബന്ധിതമായി വിനിയോഗിക്കപ്പെടുന്നില്ലായെന്നും അതുകൊണ്ട് മേയ് മാസം അവസാനമാകുമ്പോഴേക്കും ഇതിന്റെയെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കണമെന്നും സമിതി ജലവിഭവ വകുപ്പിന് നിർദ്ദേശം നൽകി. ജലവിഭവ വകുപ്പിന്റെ വിവിധ പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ പരിശോധിച്ച് പദ്ധതികൾ നീണ്ടുപോകാതെ നിർദ്ദിഷ്ട സമയത്തിനുള്ളിൽത്തന്നെ അവ പൂർത്തീകരിക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്നും സമിതി നിർദ്ദേശിച്ചു.

കാസർഗോഡ് ജലവിതരണ പദ്ധതി വളരെ ശോചനീയമാണെന്നും അതിനെ UIDSSMT-ൽ ഉൾപ്പെടുത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു. ബാവിക്കര പദ്ധതി സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് തീരുമാനമെടുക്കാമെന്നും ചെയർമാൻ അറിയിച്ചു.

പുതുക്കിപ്പണിത മലമ്പുഴ ഡാമിനോടനുബന്ധിച്ചുള്ള ഗാർഡനിൽ സന്ദർശകരുടെ എണ്ണം വർദ്ധിച്ചതുമൂലം 40 ദിവസത്തെ കളക്ഷൻ 44 ലക്ഷം രൂപയാണെന്ന് സമിതി വിലയിരുത്തി. ഇതിന്റെയടിസ്ഥാനത്തിൽ കുറ്റ്യാടി, കാരാപ്പുഴ, പെരുവണ്ണാമൂഴി, വെള്ളിയാംകല്ല് കാസ്‌വേ എന്നീ ജലപദ്ധതികളുടെ പരിസരത്തും ടൂറിസം വകുപ്പുമായി സഹകരിച്ച് വിനോദസഞ്ചാരികളെയും നാട്ടുകാരേയും ആകർഷിക്കത്തക്കവിധത്തിൽ പൂന്തോട്ടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

മുല്ലപ്പെരിയാർ ഡാം പോലെ അപകടാവസ്ഥയിലാണ് ചിമ്മിനി ഡാമെന്ന് വിലയിരുത്തിയ സമിതി ഡാമിന്റെ സുരക്ഷിതത്വം എത്രമാത്രമുണ്ടെന്ന് അടിയന്തരമായി പരിശോധന നടത്തി റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു. പ്രസ്തുത റിപ്പോർട്ട് ലഭ്യമായശേഷം ചിമ്മിണി ഡാം സന്ദർശിക്കുന്നതിന് സമിതി തീരുമാനിച്ചു.

മലമ്പുഴ അണക്കെട്ടും സമീപപ്രദേശങ്ങളും സിനിമാനിർമ്മാണാവശ്യങ്ങൾക്കായി നൽകുമ്പോൾ, ഇപ്പോൾ പ്രതിദിനം 5,000 രൂപയാണ് വാടകയായി ഈടാക്കുന്നത്. ഇത് പ്രതിദിനം 25,000 രൂപയായി ഉയർത്തണമെന്നും സമിതി ശുപാർശ ചെയ്തു.

ഭാരതപ്പുഴയുടെ തീരത്ത് ചമ്രവട്ടത്തിന്റെ അപ്‌സ്ട്രീമിൽ വെള്ളിയാംകല്ലിൽ ടൂറിസത്തിൽ വളരെയധികം സാധ്യതകളുള്ള സ്ഥലമുണ്ടെന്നും, ഒരു കൺസോളിഡേറ്റഡ് പ്രൊപ്പോസൽ കൊണ്ടുവന്നാൽ ഇത് പരിശോധിക്കാമെന്നും ഇത് സംബന്ധിച്ച് ഒരു റിപ്പോർട്ട് നൽകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനായി കരമന-കിള്ളിയാർ ശുദ്ധീകരണം, തിരുവനന്തപുരം നഗരശുചീകരണം എന്നിവ പ്ലാൻ ചെയ്തുകൊണ്ട് കിഴക്കേക്കോട്ടയിലും തമ്പാനൂരിലും ഉണ്ടാകുന്ന വെള്ളപ്പൊക്കത്തെക്കുറിച്ച് ഒരു പഠനം നടത്താനായി റൈറ്റ്സിനെ ചുമതലപ്പെടുത്താൻ ക്യാബിനറ്റ് തീരുമാനിച്ചതായി സമിതി അറിയിച്ചു.

ഉച്ചയ്ക്ക് 1.00 മണിക്ക് യോഗം പിരിഞ്ഞു.

## 17-4-2012-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി III 2012 ഏപ്രിൽ മാസം 17-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ 'IV-F' സമ്മേളന ഹാളിൽ സമിതി ചെയർമാനും ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ എ. എം. ആരിഫ്
2. ശ്രീ. വി. റ്റി. ബൽറാം
3. ശ്രീ. കെ. കെ. ജയചന്ദ്രൻ
4. ശ്രീ. ജി. എസ് ജയലാൽ
5. ശ്രീ. കെ. കുഞ്ഞിരാമൻ, (ഉദുമ)
6. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
7. ശ്രീ. റ്റി. എൻ. പ്രതാപൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എം. ജോൺ മാത്യു, ജോയിന്റ് സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. വി. ജെ. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ്.
2. ശ്രീ. കെ. സോമൻ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീ. പി. എസ്. പ്രദീപ്, അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്.
4. ശ്രീ. എം. രാധാകൃഷ്ണൻ, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്.
5. ശ്രീ. എ. കെ. സിംഗ്, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി.
6. ശ്രീമതി സൂസൻ ജേക്കബ്, ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി.
7. ശ്രീമതി പി. ലതിക, ചീഫ് എഞ്ചിനീയർ പ്രോജക്ട് II, തിരുവനന്തപുരം.
8. ശ്രീ. ആർ. ഉണ്ണികൃഷ്ണൻ, ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ.

സമിതി ആദ്യം 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന നമ്പർ XX ശുദ്ധജല വിതരണവും ശുചീകരണവും), XXIX കൃഷി (ചെറുകിട ജലസേചനം) എന്നിവ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും താഴെപ്പറയുന്ന ശുപാർശകൾ നല്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും

### കേരള വാട്ടർ അതോറിറ്റി

1. 2012-13 സാമ്പത്തിക വർഷത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് 687.66 കോടി രൂപയാണ് പ്ലാനിനത്തിൽ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നത്. ഇതിൽ 300 കോടി രൂപ ജിക്ക സഹായത്തോടെയുള്ള പദ്ധതികൾക്കും ബാക്കി 387.68 കോടി രൂപ മറ്റ് പദ്ധതികൾക്കുമാണ് വകയിരുത്തിയിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് വിഹിതമായി എൻ.ആർ.ഡി.ബ്ല്യൂ.പി.യിൽ നിന്ന് 2012-13 സാമ്പത്തിക വർഷം ഏകദേശം 160 കോടി രൂപ യാണ് പ്രതീക്ഷിക്കുന്നത്. ആയതിനാൽ, പ്രസ്തുത തുകയുടെ 75% ആയ 120 കോടി രൂപ യാണ് സംസ്ഥാന വിഹിതമായി വകയിരുത്തേണ്ടത്. 2012-13-ലെ ബഡ്ജറ്റിൽ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്ന 56 കോടി രൂപ അപര്യാപ്തമായതിനാൽ 64 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2. 4215-01-102-98—നബാർഡ് സഹായത്തോടെ ഗ്രാമീണ ജലവിതരണ പദ്ധതികൾ 4. നബാർഡ് സഹായത്തോടെ RIDF XIV-ൽ 36 സ്കീമുകളും RIDF XVI-ൽ പമ്പുകൾ മാറ്റിവയ്ക്കുന്നതിനുവേണ്ടിയും RIDF XVII-Â 2 പദ്ധതികളുമാണ് അനുവദിച്ചി ട്ടുള്ളത്. എന്നാൽ ഈ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 36 കോടി രൂപ അപര്യാപ്ത മായതിനാൽ 164 കോടി രൂപ കൂടി 4215 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3. 2215-01-102-97—കുമരകത്തും പാറശ്ശാലയിലും പുതിയ കുടിവെള്ള പദ്ധതി കൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 10 കോടി രൂപ അപര്യാപ്തമായതിനാൽ 40 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4. 2012-13 സാമ്പത്തിക വർഷത്തേക്ക് പദ്ധതിയേതര സഹായമായി വകയിരുത്തി യിട്ടുള്ളത് 175.38 കോടി രൂപയാണ്. ഇത് തികച്ചും അപര്യാപ്തമായതിനാൽ 441.50 കോടി രൂപ കൂടി അധിക പദ്ധതിയേതര സഹായമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി (ചെറുകിട ജലസേചനം)

5. 2702-02-005-77 രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി—കുടിവെള്ള ലഭ്യത പൂർണ്ണ മായോ ഭാഗികമായോ ഉറപ്പുവരുത്തുവാൻ സാധിക്കാത്ത സ്ഥലങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുള്ള ഈ പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം 1 കോടി രൂപയാണ്. ഈ തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ കൂടി ഈ ശീർഷ കത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

6. 2702-02-005-99- (എം.& ഇ.) പുതിയ റിഗ്ഗുകൾ വാങ്ങുവാനുള്ള അധികതുക സംബന്ധിച്ച്. — സംസ്ഥാനത്ത് കുടിവെള്ള ലഭ്യതയ്ക്ക് കുഴൽകിണറുകളെയും ആശ്രയി ക്കുന്നുണ്ട്. എന്നാൽ വിവിധ തരം റിഗ്ഗുകളുടെ അപര്യാപ്തതമൂലം കുഴൽ കിണർ നിർമ്മാണം സമയബന്ധിതമായി നടത്തുവാൻ കഴിയുന്നില്ല. ആയതിനാൽ വിവിധതരം ആധുനിക റിഗ്ഗുകൾ വാങ്ങുവാൻ 11.5 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

7. 2702-03-101-98-01—പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ച ചെറുകിട ജലസേചന പണികൾ നന്നാക്കുന്നതിന് മറ്റ് പരിപാടികൾ ക്രോസ് ബാറുകൾ, വിയറുകൾ, തുടങ്ങിയവ നിർമ്മിച്ച് 50 ഹെക്ടർ വരെ ജലസേചനം ഏർപ്പെടുത്തുന്നതിനുള്ള, ഈ പദ്ധതിയ്ക്കായി ഒരു കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. പുതിയ പ്രവൃത്തികൾ ചെയ്യുന്നതിനും ഏറ്റെടുത്ത പണികൾ ചെയ്ത് തീർക്കുന്നതിനും ഈ തുക തികച്ചും അപര്യാപ്തമായതിനാൽ 1 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

8. 2702-03-101-98-02—ചെറുകിട ജലസേചന പണികളുടെ കേടുപാടുപോക്കൽ.—ജലസേചന വകുപ്പിൻ കീഴിൽ നിരവധി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും ചെറുകിട ജലസേചന പദ്ധതികളുടെയും കേടുപാടു തീർക്കുന്നതിനായി ഈയിനത്തിൽ വകയിരുത്തിയിട്ടുള്ള 1 കോടി രൂപ അപര്യാപ്തമായതിനാൽ ഒരു കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

9. 2702-03-101-99—വർക്ക് ചാർജ്ഡ് എസ്റ്റാബ്ളിഷ്മെന്റ്.—വെള്ളപ്പൊക്കംമൂലം ചെറുകിട ജലസേചന പദ്ധതികൾക്ക് നേരിടുന്ന കെടുതികൾ പോക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 10.20 കോടി രൂപ അപര്യാപ്തമായതിനാൽ 5 കോടി രൂപ കൂടി ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

10. 4702-00-101-99—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനം.—ചെക്ക് ഡാമുകൾ, റഗുലേറ്ററുകൾ, ബണ്ടുകൾ, ചെറിയ തോടുകൾ, ക്രോസ് ബാറുകൾ മുതലായവ നിർമ്മിച്ച് 2000 ഹെക്ടർ വരെ ജലസേചനമേർപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിയാണിത്. ഈ പദ്ധതിയിൻകീഴിൽ ഏറ്റെടുത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പണികൾ പൂർത്തിയാക്കുന്നതിനും ബില്ലുകൾ കൊടുത്തുതീർത്തശേഷം പുതിയ പണികൾ ഏറ്റെടുക്കുന്നതിനുമായി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 2 കോടി രൂപ അപര്യാപ്തമായതിനാൽ 5 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

11. 4702-00-101-99-ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ് നബാർഡ് സഹായപദ്ധതി.—നബാർഡിന്റെ സഹായമുള്ള പ്രവൃത്തികൾക്ക് ഈ കണക്കിനത്തിൽ നിന്നും ചെലവു വഹിക്കുന്നു. കർഷക ആത്മഹത്യ കൂടുതലായുള്ള വയനാട്, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകൾക്കായി കേന്ദ്ര സർക്കാർ അംഗീകരിച്ച സ്പെഷ്യൽ പാക്കേജിൻ കീഴിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 15 കോടി രൂപ അപര്യാപ്തമായതിനാൽ 10 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു

12. 4702-00-101-90-ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കൽ.—നെൽക്കൃഷിക്കുവേണ്ടി അനേകം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ സംസ്ഥാനത്തുള്ളതിൽ ഭൂരിഭാഗവും പൂർണ്ണമായും പ്രവർത്തനക്ഷമമല്ല. ഇവയുടെ പുനരുദ്ധാരണത്തിനും നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതിക്ക് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഏറ്റെടുത്ത പണികൾ പൂർത്തീകരിക്കുന്നതിനും കുടിശ്ശിക ബില്ലുകൾ കൊടുത്തുതീർക്കുന്നതിനും 75 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

മലബാർ പാക്കേജ് പദ്ധതിയിൽ നിലവിൽ ടെണ്ടർ ചെയ്തിട്ടുള്ള പൂർത്തിയാക്കാത്ത വർക്കുകൾ പൂർത്തീകരിക്കണമെന്നും, പദ്ധതികളുടെ പ്രോഗ്രസ് ചീഫ് എഞ്ചിനീയറുടേയും പ്രിൻസിപ്പൽ സെക്രട്ടറിയുടേയും സാന്നിദ്ധ്യത്തിൽ സ്പെഷ്യൽ റിവ്യൂ നടത്തണമെന്നും സമിതി ശുപാർശ ചെയ്തു.

എം.എൽ.എ.മാരുടെ മുൻഗണനാ പ്രവൃത്തികൾക്കായി അനുവദിച്ചിരിക്കുന്ന ഹെഡ്ഡിലേക്ക് കൂടുതൽ തുക വകയിരുത്താനുള്ള പ്രൊവിഷനുണ്ടെന്നും ആയതിനാൽ പ്രസ്തുത പ്രവൃത്തികളിൽ നിലവിലുള്ള പ്രോജക്ടുകളുടെ നവീകരണം, എക്സ്റ്റെൻഷൻ തുടങ്ങിയവ നടത്തുന്നതിലേക്കായി പത്ത് കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

മൈനർ ഇറിഗേഷനിൽ വരുന്ന ചെക്ക് ഡാമുകൾ ടെണ്ടർ ചെയ്തതിന്റെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അംഗങ്ങൾക്ക് നല്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ഓരോ പഞ്ചായത്തിലും ഒരു കുളം വീതം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും, അതാത് സ്ഥലത്തെ മൈനർ ഇറിഗേഷൻ വകുപ്പാണ് ഇത് ചെയ്യേണ്ടതെന്നും ചെയർമാൻ അറിയിച്ചു. ഈ കുളങ്ങളിൽ വിദ്യാർത്ഥികൾക്ക് നീന്തൽ പഠിക്കുവാനുള്ള സൗകര്യമുണ്ടാക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കല്ലട ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിലെ ചാത്തന്നൂർ വില്ലേജിൽപ്പെട്ട ചിറക്കര പഞ്ചായത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ നിന്ന് ഒരു മുനിസിപ്പാലിറ്റിക്കോ പഞ്ചായത്തിനോ വെള്ളം ലഭിച്ചിട്ടില്ല. ആയതിനാൽ ഇതു സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ച് തീരുമാനമെടുക്കണമെന്നും, പ്രവർത്തിക്കാത്ത ഒരു പദ്ധതിക്കുവേണ്ടി വൈദ്യുതി ചാർജ് ഇനത്തിൽതന്നെ ലക്ഷക്കണക്കിന് രൂപ നഷ്ടപ്പെടുന്നുവെന്നും സമിതി അഭിപ്രായപ്പെട്ടു.

ജലവിഭവ വകുപ്പിനുകീഴിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇൻവെസ്റ്റിഗേഷൻ, ടെക്നിക്കൽ സാംഗ്ഷൻ, അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ എന്നിവ നേടിയെടുക്കുന്നതിന് ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

പാലക്കാട് ജില്ലയിൽ ചിറ്റൂർ, കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ബ്ലോക്ക്, തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ, കോഴിക്കോട് ജില്ലയിൽ കോഴിക്കോട് ബ്ലോക്, തിരുവനന്തപുരം ജില്ലയിൽ അതിയന്നൂർ എന്നിവിടങ്ങളിൽ ജലദൗർലഭ്യം വർദ്ധിച്ച് വരികയാണെന്നും അത്തരം സ്ഥലങ്ങളിൽ കുടിവെള്ള പദ്ധതികൾക്ക് മുൻഗണന നല്കണമെന്നും, ചെക്ക് ഡാമുകൾ നിർമ്മിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കണമെന്നും, പുതിയ ഉറവിടം കണ്ടെത്താനുള്ള നടപടി ഉണ്ടാകണമെന്നും സമിതി ശുപാർശ ചെയ്തു.

കാഡയുടെ ഇപ്പോഴത്തെ പ്രവർത്തനരീതി, അതിന്റെ ഘടന, പ്രവർത്തനങ്ങൾ എങ്ങനെ മെച്ചപ്പെടുത്താം എന്നിവയെ കുറിച്ചെല്ലാം അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് രണ്ട് മാസത്തിനകം സമിതിക്ക് നല്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കാഡയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആദ്യം കർഷക സമിതികൾ രൂപീകരിക്കണമെന്നും, കോ-ഓപ്പറേറ്റീവ്, റവന്യൂ എന്നീ വിഭാഗങ്ങളാണ് ഇത് രൂപീകരിക്കേണ്ടതെന്നും വില്ലേജ് ഓഫീസർമാരില്ലാതെ ഇത് ചെയ്യാനാവില്ലെന്നും ചീഫ് എഞ്ചിനിയർ പ്രോജക്ട് II

അറിയിച്ചു. വില്ലേജ് ഓഫീസർമാരുടെ സേവനം ലഭ്യമാക്കാനുള്ള നടപടി ഉണ്ടാകണമെന്നും, വിശദമായ റിപ്പോർട്ട് ലഭിച്ചതിനുശേഷം കാഡയുടെ ധനാഭ്യർത്ഥന പരിഗണിക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു.

ശബരിമല കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈനിന്റെ പണികളെയും സ്വീവേജ് പ്ലാന്റിന്റെ പണികളെയും സംബന്ധിച്ച വിശദവിവരം സമിതി ആരാഞ്ഞു. ശബരിമല ജലവിതരണ പദ്ധതിയുടെ ടെണ്ടർ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് 'നീതി' എന്ന സ്ഥാപനത്തിൽ നിന്നുള്ള വിശദമായ ഡിസൈൻ ലഭിച്ചിട്ടുണ്ടെന്നും, ഇപ്പോൾ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും, ഒരാഴ്ചയ്ക്കുള്ളിൽ ടെണ്ടർ ചെയ്യാൻ സാധിക്കുമെന്നും അതോറിറ്റി സമിതിയെ അറിയിച്ചു.

ജെ.ബി.ഐ.സി. സഹായമുള്ള മീനാട് പദ്ധതിയുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ടുള്ള ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞു. മീനാട് പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ നെറ്റ്‌വർക്ക് ഒഴികെ ബാക്കിയെല്ലാം പൂർത്തീകരിച്ചുവെന്നും, ഡിസ്ട്രിബ്യൂഷൻ നെറ്റ്‌വർക്ക് ഏറ്റെടുത്തിരുന്ന കോൺട്രാക്ടർ വർക്ക് ഉപേക്ഷിച്ചു പോയതിനാൽ എംപവേർഡ് കമ്മിറ്റി പ്രസ്തുത വർക്ക് ഇപ്പോൾ റീ-ടെണ്ടർ ചെയ്തിട്ടുണ്ടെന്നും, ആവശ്യമുള്ള സമയങ്ങളിൽ റോഡ് കട്ട് ചെയ്യുവാനുള്ള അനുമതി ലഭിക്കാറില്ലെന്നും, പ്രസ്തുത വർക്ക് ഒരു വർഷം കൊണ്ടുതന്നെ പൂർത്തീയാക്കാൻ സാധിക്കുമെന്നും ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഇപ്പോൾ കമ്മീഷൻ ചെയ്ത ചേർത്തല പദ്ധതി, എക്സിസ്റ്റിംഗ് ലൈനുകളിലേക്ക് കൊടുത്തതോടുകൂടി ചോർച്ച കൂടിയെന്നും, ഇത് നടപ്പാക്കിയ സ്ഥലത്തെ ആളുകൾക്ക് ജലം ലഭിക്കുന്നില്ലായെന്നും സമിതിയംഗം അഭിപ്രായപ്പെട്ടു. എക്സിസ്റ്റിംഗ് ലൈനിൽ വളരെ പഴക്കമുള്ള പൈപ്പുകളുണ്ടായിരുന്നെന്നും അവ മാറ്റി പുതിയവ ഇടാൻ ആവശ്യത്തിന് ജീവനക്കാരില്ലെന്നും അതോറിറ്റി സമിതിയെ അറിയിച്ചു. സപ്ലിമെന്ററി ഹെഡ് അനുവദിച്ചിട്ട് 3 മാസമായെന്നും, എന്തൊക്കെ വർക്കുകളാണ് ചെയ്യേണ്ടത് എന്നത് സംബന്ധിച്ച് പ്രൊപ്പോസലുകൾ തയ്യാറാക്കണമെന്നും, ജീവനക്കാരില്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ, ഡെയ്‌ലി വേജസ്സായോ ആളുകളെ നിയമിച്ച് എത്രയുംവേഗം ജോലി പൂർത്തിയാക്കണമെന്ന് സമിതി ചെയർമാൻ നിർദ്ദേശിച്ചു.

1992-ൽ തുടങ്ങിയ ചീക്കോട് പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് സമിതിയംഗം ആരാഞ്ഞു. 5 പാക്കേജുകളുള്ള ചീക്കോട് പദ്ധതിയിൽ 2 പാക്കേജുകളുടെ പണി തുടങ്ങിയിട്ടുണ്ടെന്നും ഒരു പാക്കേജിന്റെ 15% കരാറുകാരന്റെ സർട്ടിഫിക്കറ്റിന്റെ അഭാവംമൂലം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാതെ വന്നുവെന്നും, ഇപ്പോഴത് ലഭ്യമായിട്ടുണ്ടെന്നും, കൂടാതെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ചെയ്യുന്ന കരാറുകാരനെ ടെർമിനേറ്റ് ചെയ്തിട്ടുണ്ടെന്നും, എസ്റ്റിമേറ്റ് തയ്യാറാക്കി കിട്ടുന്നതിനനുസരിച്ച് ടെണ്ടർ ചെയ്യുമെന്നും വാട്ടർ അതോറിറ്റി എം.ഡി. സമിതിയെ അറിയിച്ചു. ചീക്കോട് പദ്ധതിയുമായി ബന്ധപ്പെട്ട ബാക്കി ജോലികൾ എത്രയുംവേഗം നടപ്പിലാക്കണമെന്ന് സമിതി ചെയർമാൻ നിർദ്ദേശിച്ചു.

ജലനിധി നടപ്പാക്കിയിട്ടുള്ള പഞ്ചായത്തുകളിൽ, അതിന്റെ പ്രവർത്തനം നടക്കുന്നില്ലായെങ്കിൽ അതിനുള്ള കാരണങ്ങളെന്തൊക്കെയാണെന്ന് അറിയിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

സാധാരണയായി എം.എൽ.എ. ഫണ്ട് മെയിന്റനൻസിനു കൊടുക്കാൻ സാധിക്കില്ല. ചില സ്കീമുകൾക്ക് ധനകാര്യ വകുപ്പുമന്ത്രിയിൽ നിന്ന് സ്പെഷ്യൽ ഓർഡർ വാങ്ങിക്കാറുണ്ടെന്നും ആയതിനാൽ എം.എൽ.എ. ഫണ്ടിന്റെ നോംസിൽ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കും മെയിന്റനൻസിനും ഉൾപ്പെടെ സാധനങ്ങൾ വാങ്ങുന്നതിനു

വേണ്ടി കൂടുതൽ തുക ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ധനകാര്യ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർക്ക് ചെയർമാൻ ഒരു കുറിപ്പ് നൽകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഉടുമ്പൻഞ്ചോല പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് സമിതിയംഗം ആരാഞ്ഞു. അവിടെ റോഡിന്റെ ഡാമേജ് വർക്കുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുണ്ടെന്നും അതിനെക്കുറിച്ച് ഉടൻതന്നെ പരിശോധിച്ചിട്ട് മറുപടി നല്കാമെന്നും വാട്ടർഅതോറിറ്റി സമിതിയെ അറിയിച്ചു.

ഇരട്ടയാർ പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ ചാർജ്ജ് ചെയ്ത് കൊടുത്തുകൊണ്ടിരിക്കുകയാണെന്നും അത് ഉടൻ പൂർത്തിയാകുമെന്നും അതോറിറ്റി സമിതിയെ അറിയിച്ചു.

പത്ത് പഞ്ചായത്തിനുവേണ്ടിയുള്ള ബൃഹത്തായ കുടിവെള്ള പദ്ധതിയായ പാവററ്റി കുടിവെള്ള പദ്ധതി ട്രീറ്റ്മെന്റ് പ്ലാന്റില്ലാത്ത അപൂർവ്വംചില പദ്ധതികളിലൊന്നാണെന്നും, ആയതിനാൽ പ്രസ്തുത പദ്ധതിക്ക് മുൻഗണന നല്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

1981-ൽ നിലവിൽ വന്ന മാള പദ്ധതി, എല്ലാ പൈപ്പുകളും പൊട്ടി ജലം ലഭ്യമാക്കാൻ പറ്റാത്ത അവസ്ഥയിലാണെന്ന് സമിതിയംഗം അഭിപ്രായപ്പെട്ടു. വെള്ളാങ്കല്ലൂർ, പൊയ്ക എന്നീ പഞ്ചായത്തുകൾക്കുവേണ്ടി അഡീഷണൽ ഗ്രാവിറ്റി മെയിൻ കൊടുക്കണമെന്നും, കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും വേണമെന്ന് സമിതി ശുപാർശ ചെയ്തു.

ബേക്കൽ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് സമിതി ആരാഞ്ഞു. ഇത് വാട്ടർ അതോറിറ്റിയുടെ പദ്ധതി അല്ലെന്നും ബി.ആർ.ഡി.സി. നേരിട്ട് നടപ്പാക്കിയ പദ്ധതിയാണെന്നും എം.ഡി. സമിതിയെ അറിയിച്ചു.

ബോട്ടിൽ വാട്ടർ പ്രോജക്ടിൽ നല്ല പങ്കാളിത്തം ഒന്നും വന്നിട്ടില്ലെന്നും ഒന്നും രണ്ടും ടെണ്ടറുകൾ ക്യാൻസൽ ചെയ്തുവെന്നും മൂന്നാമതായി ടെണ്ടർ കിട്ടിയിട്ടുണ്ടെന്നും ഇതിന്റെ റിസൽട്ട് അറിഞ്ഞതിനുശേഷം മാത്രമേ മുന്നോട്ടുപോകാൻ കഴിയുകയുള്ളു എന്നും എം.ഡി. സമിതിയെ അറിയിച്ചു.

വാട്ടർ അതോറിറ്റി ടെക്നിക്കൽ സബ്റൂളിന്റെ സ്ഥിതി എന്താണെന്ന് സമിതിയംഗം ആരാഞ്ഞു. അത് നടപ്പായിട്ടില്ലെന്നും ഇപ്പോഴത് നിയമവകുപ്പിലാണെന്നും ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

സബ്ജക്ട് കമ്മിറ്റികൾ പലപ്പോഴും ഒരു പാർലമെന്ററി പ്രാക്ടീസായി മാത്രം മാറാറുണ്ടെന്നും, എടുത്ത തീരുമാനങ്ങൾ, ധനകാര്യ വകുപ്പിലേക്ക് നടത്തിയ ശുപാർശകൾ, ഇവയിൽ എല്ലാമുണ്ടായ തീരുമാനം കൂടി സബ്ജക്ട് കമ്മിറ്റിയിൽ വരുന്നത് നന്നായിരിക്കുമെന്നും, സബ്ജക്ട് കമ്മിറ്റിയിലുണ്ടാകുന്ന ശുപാർശകളിൽ 10% മാത്രമാണ് അഡീഷണൽ ആതറൈസേഷന് പരിഗണിക്കുന്നതെന്നും, ഫിനാൻസിൽ നിന്നു ലഭിക്കുന്ന മറുപടി കണക്കിലെടുത്തുകൊണ്ട് കമ്മിറ്റി കൂടണമെന്നും സമിതിയംഗം അഭിപ്രായപ്പെട്ടു. ഇന്നത്തെ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ് പ്രകാരം സ്വീകരിച്ച നടപടികളിന്മേൽ അടുത്ത മൂന്ന് മാസത്തിനുള്ളിൽ കമ്മിറ്റിയിൽ ചർച്ച ചെയ്യണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഉച്ചയ്ക്ക് 12.45-ന് യോഗം പിരിഞ്ഞു.

## 2-5-2012-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2012 മേയ് മാസം 2-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ 'IV-F' സമ്മേളന ഹാളിൽ സമിതി ചെയർമാനും, ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

1. ശ്രീ എ. എം. ആരിഫ്
2. ശ്രീ. കെ. കെ. ജയചന്ദ്രൻ
3. ശ്രീ. ജി. എസ്. ജയലാൽ
4. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
5. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
6. ശ്രീ. തോമസ് ചാണ്ടി
7. ശ്രീ. തോമസ് ഉണ്ണിയാടൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എം. ജോൺ മാത്യു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി.

സമിതി 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു:

പൊതുശുപാർശയിലെ മൂന്നാമത് ഖണ്ഡികയിൽ താഴെപ്പറയും പ്രകാരം ഭേദഗതി വരുത്താൻ സമിതി തീരുമാനിച്ചു: "മുല്ലപ്പെരിയാർ പോലെ അപകടാവസ്ഥയിലാണ് ചിമ്മിണി ഡാമെന്ന് വിലയിരുത്തിയ സമിതി ഈ ഡാമിന്റെ സുരക്ഷിതത്വം എത്രമാത്രമാണെന്ന് ഡാം സേഫ്റ്റി അതോറിറ്റി വിദഗ്ദ്ധമായ പരിശോധന നടത്തി ഇത് സംബന്ധിച്ച റിപ്പോർട്ട് ഒരു മാസത്തിനകം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു."

അരൂർ നിയോജകമണ്ഡലത്തിൽ ഇപ്പോൾ കുടിവെള്ള പദ്ധതിയിൻകീഴിലുള്ള പൈപ്പുകളെല്ലാം കാലപ്പഴക്കം കൊണ്ട് പൊട്ടിപ്പോകുന്നതിനാൽ കുടിവെള്ളം ലഭിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെന്നും, ജപ്പാൻ കുടിവെള്ള പദ്ധതിയുടെ

വർക്കുകൾ ത്വരിതഗതിയിൽ നടത്തുന്നതിന് അടിയന്തിരസംവിധാനം ഉണ്ടാകണമെന്നുമുള്ള സമിതി അംഗത്തിന്റെ ആവശ്യത്തിന് പൈപ്പുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരുമിച്ച് ടെണ്ടർ ചെയ്യുമ്പോൾ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാനുള്ള സംവിധാനത്തെ കുറിച്ച് വാട്ടർ അതോറിറ്റി എം.ഡി.യുമായി ചർച്ച ചെയ്ത്, അടിയന്തിരമായി ചെയ്യേണ്ട വർക്കുകൾ ടെണ്ടർ ചെയ്യാതെതന്നെ പരിഹരിക്കാനുള്ള സംവിധാനം ഏർപ്പെടുത്താമെന്ന് സമിതി ചെയർമാൻ മറുപടി നൽകി.

ചിമ്മിണി ഡാമിന്റെ സുരക്ഷിതത്വം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായതിനുശേഷം പ്രസ്തുത ഡാം സന്ദർശിക്കാമെന്നും സമിതി തീരുമാനിച്ചു.

മലമ്പുഴ അണക്കെട്ടും സമീപപ്രദേശങ്ങളും സിനിമ-സീരിയൽ എന്നിവയുടെ ഷൂട്ടിംഗ് ആവശ്യത്തിനായി നൽകുമ്പോൾ ഡെപ്പോസിറ്റ് തുക വാങ്ങിയതിനുശേഷം മാത്രം അനുവാദം നൽകണമെന്നും രണ്ടിനങ്ങൾക്കും വ്യത്യസ്ത ബഡ്ജറ്റായതിനാൽ വെവ്വേറെ തുക ഈടാക്കണമെന്നും സമിതിയംഗം അഭിപ്രായപ്പെട്ടു.

തുടർന്ന് 31-3-2012 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

സമിതി ഉച്ചയ്ക്ക് 12 മണിക്ക് യോഗം പിരിഞ്ഞു.

## 19-7-2012-ലെ യോഗനടപടികുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 19-7-2012, വ്യാഴാഴ്ച വൈകുന്നേരം 4.15-ന് നിയമസഭാ സമുച്ചയത്തിലെ 'V എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ജല വിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
2. ശ്രീ. റ്റി. എൻ. പ്രതാപൻ
3. ശ്രീ. വർക്കല കഹാർ

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. ജോൺ മാത്യൂ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. ജനറ്റ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. വി. ജെ. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ്.
2. ശ്രീ. കെ. സോമൻ, അഡീഷണൽ സെക്രട്ടറി, വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ്.

3. ശ്രീമതി ലതിക, പി., ചീഫ് എഞ്ചിനീയർ (ഐ&എ), തിരുവനന്തപുരം.

4. ശ്രീ. മുഹമ്മദ് ബഷീർ, എം., ചീഫ് എഞ്ചിനീയർ, കുട്ടനാട്.

5. ശ്രീ. കെ. ജി. മദനകൃഷ്ണൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ്.

6. ശ്രീ. വി. എസ്. പ്രദീപ്, എഫ്.എം., സി.എ.ഒ.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകൾക്ക് ജലവിഭവ വകുപ്പിൽ നിന്നും ലഭിച്ച താഴെപ്പറയുന്ന മറുപടികൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

1. 2007-08-ലെ 2-ാമത് റിപ്പോർട്ട്

   ശുപാർശ നമ്പർ 21

   ഫയൽ നമ്പർ 13723/സബ്.സി.എ1/07/ലെജി.

2. 2011-12-ലെ 1-ാമത് റിപ്പോർട്ട്

   ശുപാർശ നമ്പർ 4, 14 മുതൽ 22 വരെ.

   ഫയൽ നമ്പർ 4929/സബ്.സി.എ1/11/ലെജി.

2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിൽ വാട്ടർ അതോറിറ്റിയുടെ 1-ഉം ഭൂജല വകുപ്പിന്റെ 2-ഉം കാഡയുടെ 7-ഉം ശുപാർശകളിൽ മാത്രമാണ് മറുപടി ലഭ്യമായിട്ടുള്ളതെന്നും, ബാക്കിയുള്ള (ധനാഭ്യർത്ഥന നമ്പർ XX-ൽ ശുപാർശ നമ്പർ 3, 5, ധനാഭ്യർത്ഥന നമ്പർ XXIX-ൽ ശുപാർശ നമ്പർ 6 മുതൽ 13 വരെ, ധനാഭ്യർത്ഥന നമ്പർ XXXVIII-ൽ ശുപാർശ നമ്പർ 23 മുതൽ 76 വരെ) ശുപാർശകളിന്മേൽ മറുപടി ലഭ്യമാകാത്തതിന്റെ കാരണമെന്താണെന്നും സമിതി ചെയർമാൻ ആരാഞ്ഞു. ശുപാർശകൾക്ക് 18-1-2012-ൽ മറുപടി നൽകിയിട്ടുണ്ടെന്ന് ചീഫ് എഞ്ചിനീയർ (ഐ&എ) അറിയിച്ചുവെങ്കിലും വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റിന് പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് ഇതുവരെ ലഭിച്ചിട്ടില്ലെന്ന് അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ വെളിപ്പെടുത്തി. വകുപ്പ് ഇതൊരു special case ആയി പരിഗണിച്ച് ശുപാർശകൾക്കുള്ള മറുപടി വളരെ വേഗംതന്നെ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ഇക്കാര്യത്തിൽ വകുപ്പിന്റെ ഭാഗത്ത് നിന്നും ചെയ്യാൻ കഴിയുന്നിടത്തോളം ചെയ്യുമെന്ന് ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി.

തുടർന്ന് സമിതി 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് അംഗീകരിച്ചു.

യോഗം വൈകുന്നേരം 5 മണിക്ക് പിരിഞ്ഞു.

## 31-10-2012-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 31-10-2012, ബുധനാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V A' സമ്മേളനഹാളിൽ സമിതി ചെയർമാനും ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. എ. എം. ആരിഫ്, എം.എൽ.എ.
2. ശ്രീ. വി. റ്റി. ബൽറാം, ,,
3. ശ്രീ. ജി. എസ്. ജയലാൽ, ,,
4. ശ്രീ. വർക്കല കഹാർ, ,,
5. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി, ,,
6. ശ്രീ. റ്റി. എൻ. പ്രതാപൻ, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. ജോൺ മാത്യു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എ. ജനറ്റ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. വി. ജെ. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ്.
2. ശ്രീ. അശോക് കെ. സിംഗ്, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി.
3. ശ്രീമതി ആർ. സുലോചന, ജോയിന്റ് സെക്രട്ടറി, വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ്.
4. ശ്രീ. ബാബു എൻ. ജോസഫ്, ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്.
5. ശ്രീമതി ലീനാ ജോർജ്ജ്, ജോയിന്റ് ഡയറക്ടർ, ഐ.ഡി.ആർ.ബി., തിരുവനന്തപുരം.
6. ശ്രീമതി ആനിയമ്മ അലക്സ്, ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി.), കേരള വാട്ടർ അതോറിറ്റി.
7. ശ്രീ. ബി. ജയറാം, ചീഫ് എഞ്ചിനീയർ, പ്രോജക്ട് II, തിരുവനന്തപുരം.
8. ശ്രീ. വി. കെ. മഹാനുദേവൻ, ചീഫ് എഞ്ചിനീയർ, ഐ. ആന്റ് ഡി. (ഐ.ഡി.ആർ.ബി.), തിരുവനന്തപുരം.
9. ശ്രീമതി സി. കെ. രാധാമണി, ചീഫ് എഞ്ചിനീയർ, പ്രോജക്ട് I, കോഴിക്കോട്.
10. ശ്രീമതി പി. എസ്. ശോഭന, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ).

11. ശ്രീമതി എ. കെ. രമണി, ചീഫ് എഞ്ചിനീയർ, സി. ആർ., കെ.ഡബ്ലിയു.എ., എറണാകുളം.

12. ശ്രീ. കെ. കെ. കറുപ്പൻകുട്ടി, ചീഫ് എഞ്ചിനീയർ (ഡാം സേഫ്റ്റി), കെ.എസ്.ഇ.ബി., പട്ടം, തിരുവനന്തപുരം.

13. ശ്രീ. കെ. കെ. രമേശൻ, അഡ്മിനിസ്ട്രേറ്റർ, കാഡ, തൃശ്ശൂർ.

2011-12, 2012-2013 എന്നീ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലേയും, 25-11-2010, 25-1-2012, 12-4-2012, 17-4-2012 എന്നീ തീയതികളിലെ യോഗനടപടിക്കുറിപ്പുകളിലേയും, ജലനിധിയുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടിലേയും ശുപാർശകളിൻമേലും 2011-ലെ കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ സർവ്വീസ് റൂൾസ് സംബന്ധിച്ച കരട് ചട്ടം സംബന്ധിച്ചും ജലവിഭവ വകുപ്പ് ലഭ്യമാക്കിയ മറുപടികൾ സമിതി പരിഗണിക്കുകയും താഴെപ്പറയും പ്രകാരം ചർച്ച നടത്തുകയും ചെയ്തു:

## 2012-2013 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3056/സബ്.സി.എ1/2012/ലെജി)

പൊതുശുപാർശ നമ്പർ 1 (സർക്കാർ കത്ത് നമ്പർ 18929/എം.പി.3/12/ ജല.വി.വ. തീയതി 30-10-2012)

പഴശ്ശി പദ്ധതിയുടെ മോശമായ 14 റേഡിയൽ ഷട്ടറുകൾ പുനഃസ്ഥാപിക്കുന്നതിനായി ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2012-2013 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 21-ാം നമ്പർ ഖണ്ഡികയിൽ ശുപാർശ ചെയ്തിരുന്ന 8 കോടി രൂപയിൽ 7 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഇതിന്റെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പൊതുശുപാർശ നമ്പർ 3 (സർക്കാർ കത്ത് നമ്പർ 25823/എം.പി.2/12/ ജല.വി.വ. തീയതി 30-10-2012)

ചിമ്മിനി ഡാമിന്റെ സുരക്ഷ സംബന്ധിച്ച ശുപാർശയ്ക്ക് ടോമോഗ്രാഫി ടെസ്റ്റ് ചെയ്താൽ മാത്രമേ ഡാമിനുള്ളിലെ കാവിറ്റി വ്യക്തമായി മനസ്സിലാക്കുന്നതിനും, ഡാമിന് സ്ട്രക്ച്ചറലായി എന്തെങ്കിലും പാളിച്ചകളുണ്ടോയെന്ന് കൃത്യമായി മനസ്സിലാക്കുന്നതിനും സാധിക്കുകയുള്ളൂവെന്നും ഇറ്റലിയിലുള്ള ഒരു കമ്പനി ഇതിനുവേണ്ട സഹായം നൽകാമെന്ന് സമ്മതിച്ചിട്ടുണ്ടെന്നും പ്രസ്തുത ടെസ്റ്റിന് 15 ലക്ഷം രൂപയാകുമെന്നും ഇത് ഐ.ഐ.റ്റി.യെ ഏൽപ്പിക്കുന്നതിനുള്ള സംവിധാനം ഉടൻതന്നെ ചെയ്യുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിക്ക് മറുപടി നൽകി. കൂടാതെ ഡ്രെയിനേജിനുവേണ്ടി എടുത്ത കുഴികളിൽ പലതും അടഞ്ഞിരിക്കുകയാണെന്നും അവ വൃത്തിയാക്കുന്നതിനുള്ള സംവിധാനം ചെയ്യുമെന്നും, വെള്ളം പുറത്തേക്കുവിടാതെ സംരക്ഷിക്കുന്ന ജിയോമെമ്പറൈൻ സംവിധാനം നടപ്പിലാക്കുന്നതിന് ഏകദേശം 12 കോടി രൂപയാണ് കണക്കാക്കിയിരിക്കുന്നതെന്നുകൂടി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

ചിമ്മിനി ഡാമിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട ടോമോഗ്രാഫി റിപ്പോർട്ടുകൂടി ലഭിച്ചതിനുശേഷം പ്രസ്തുതവിഷയം സമിതിയിൽ ചർച്ച ചെയ്യാമെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു.

12-4-2012-ലെ യോഗനടപടിക്കുറിപ്പിലെ ശുപാർശകൾ

(ഫയൽ നമ്പർ 3045/സബ്.സി.എ1/2012/ലെജി.)

ജലവിഭവ വകുപ്പിന്റെ വിവിധ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന സമിതി ശുപാർശയിന്മേൽ ലഭ്യമാക്കിയ മറുപടി പരിഗണനയ്ക്കെടുത്തപ്പോൾ വാട്ടർ അതോറിറ്റിയിൽ ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പാക്കുന്നതിന് ധനകാര്യ വകുപ്പിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടെന്നും ഇപ്രകാരം ഇ-ടെണ്ടറിംഗ്, ടൈപ്പ് ഡിസൈൻ എന്നീ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഫലമായി പദ്ധതികൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽതന്നെ പൂർത്തീകരിക്കാനും പെട്ടെന്ന് എസ്റ്റിമേറ്റ് എടുക്കുന്നതിനും ഡ്രോയിംഗ്സ് ലഭിക്കുന്നതിനും സാധിക്കുമെന്നും നിലവിൽ ഈ ആവശ്യങ്ങൾക്ക് കോൺട്രാക്ടർമാരെയാണ് ആശ്രയിക്കുന്നത് എന്നതിനാൽ, ഇവ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണെന്നും മറുപടിയായി ജലവിഭവവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

(സർക്കാർ കത്ത് നമ്പർ 17741/പി1/12/ജ.വി.വ. തീയതി 30-10-2012)

വെള്ളിയാംകല്ലിൽ ടൂറിസം പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് നൽകാമെന്ന സമിതി ശുപാർശയ്ക്ക് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ സർവ്വേ നടത്തിക്കൊണ്ടിരിക്കുകയാണെന്നും ഇതിനായി ബഡ്ജറ്റിൽ ഒരു കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ടെന്നും, ഈ പ്രോജക്ടിന്റെ കൂടെ മലങ്കര, ചമ്രവട്ടം, കാരാപ്പുഴ, കുറ്റ്യാടി തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, ഇതിനായി 147 ലക്ഷം രൂപ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഇതിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കണമെങ്കിൽ ഫണ്ട് അനുവദിച്ചുകിട്ടേണ്ടതുണ്ടെന്നും ചീഫ് എഞ്ചിനീയർ ഐ. ആന്റ് ഡി. (ഐ.ഡി.ആർ.ബി.) സമിതിയെ അറിയിച്ചു.

(സർക്കാർ കത്ത് നമ്പർ 18929/എം.പി.3/12/ജ.വി.വ. തീയതി 30-10-2012)

17-4-2012-ലെ യോഗനടപടിക്കുറിപ്പിലെ ശുപാർശകൾ

(ഫയൽ നമ്പർ 3045/സബ്.സി.എ1/2012/ലെജി.)

എം.എൽ.എ.മാരുടെ മുൻഗണനാ പ്രവൃത്തികൾക്കായി അനുവദച്ചിട്ടുള്ള ശീർഷകത്തിൽ കൂടുതൽ തുക അനുവദിക്കണമെന്ന സമിതി ശുപാർശയിൻമേൽ വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി ഈ പദ്ധതിക്കുവേണ്ടി പ്രത്യേക ഫണ്ടാണ് സമിതി ആവശ്യപ്പെട്ടിരുന്നതെന്ന കാര്യം ധനകാര്യവകുപ്പിനെ അറിയിക്കണമെന്ന് നിർദ്ദേശിച്ചു. ധനകാര്യവകുപ്പിന്റെ പരിഗണനയ്ക്ക് വീണ്ടും അയയ്ക്കാമെന്ന് വകുപ്പ് സെക്രട്ടറി മറുപടി നൽകി.

(സർക്കാർ കത്ത് നമ്പർ 20312/പി1/12/ജ.വി.വ. തീയതി 30-10-2012)

മൈനർ ഇറിഗേഷനിൽ വരുന്ന ചെക്ക് ഡാമുകൾ ടെണ്ടർ ചെയ്തതിന്റെ ലിസ്റ്റ് പരിശോധിച്ചതിൽ വകുപ്പ് ലഭ്യമാക്കിയ ലിസ്റ്റിൽ ആകെ 29 എണ്ണമാണ് ഉള്ളതെന്നും

അതിൽ 20 എണ്ണവും കോട്ടയത്താണെന്നും പ്രസ്തുത ലിസ്റ്റ് പൂർണ്ണമല്ലെന്നും അഭിപ്രായപ്പെടുകയും, ചെക്ക് ഡാം പണിയുന്നതിനുള്ള കോടിക്കണക്കിന് രൂപ കെട്ടിക്കിടക്കുന്നതിലും, റവന്യൂ വകുപ്പിൽനിന്നും ലഭിക്കുന്ന റിവർ മാനേജ്മെന്റ് ഫണ്ട് കൂടാതെ നബാർഡിൽ നിന്നും ധാരാളം ഫണ്ട് ലഭിച്ചിട്ടുകൂടി ഫണ്ട് ശരിയായ രീതിയിൽ വിനിയോഗിക്കാൻ വകുപ്പിന് കഴിയാത്തതിലും അതൃപ്തി രേഖപ്പെടുത്തുകയും ചെയ്ത സമിതി ചെക്ക് ഡാമുകൾ ടെണ്ടർ ചെയ്തത് സംബന്ധിച്ച് കഴിഞ്ഞ വർഷത്തെയും ഈ വർഷത്തെയും ലിസ്റ്റ്, നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടിയുള്ള മുൻസാമ്പത്തിക വർഷത്തെ വർക്കുകളുടെ ലിസ്റ്റ്, ലഭ്യമായ പുതിയ പ്രൊപ്പോസലുകളുടെ ലിസ്റ്റ്, അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്നുള്ളവയുടെ വിശദാംശം, കഴിഞ്ഞ സാമ്പത്തികവർഷത്തെയും ഈ സാമ്പത്തികവർഷത്തെയും ടെണ്ടർ ചെയ്ത ലിസ്റ്റുകൾ പരിശോധിച്ചതിൽ പൊരുത്തക്കേട് കാണുന്നതിനാൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ പ്രൊപ്പോസൽ സമർപ്പിച്ചവരുടെയും സമർപ്പിക്കാത്തവരുടെയും ലിസ്റ്റ് എന്നിവ സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകി.

(സർക്കാർ കത്ത് നമ്പർ 20302/എം.ഐ2/12/ജല.വി.വ. തീയതി 30-10-2012)

ഓരോ പഞ്ചായത്തിലും ഒരു കുളംവീതം നിർമ്മിക്കണമെന്ന സമിതി ശുപാർശയിന്മേലുള്ള പദ്ധതിക്ക് 35 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമെന്നും പ്രസ്തുത തുക പ്രകാരമുള്ള കരട് ലിസ്റ്റിൽ പദ്ധതിയിൽ പറഞ്ഞിട്ടുള്ള എല്ലാ പഞ്ചായത്തുകളും പരിഗണിക്കണമെങ്കിൽ ഇനിയും തുക ആവശ്യമായതിനാൽ ഇതുസംബന്ധിച്ച് ധനകാര്യവകുപ്പുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണെന്നും ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

(സർക്കാർ കത്ത് നമ്പർ 20302/എം.ഐ.2/12/ജല.വി.വ. തീയതി 30-10-2012)

എന്നാൽ പഞ്ചായത്ത് പ്രസിഡന്റുമാരുമായി ആലോചിച്ച് തയ്യാറാക്കിയ പ്രയോറിറ്റി ലിസ്റ്റ് അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും അവർ അതുപ്രകാരം ഒരു എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തുവെങ്കിലും അതാത് നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യോടുപോലും ആലോചിക്കാതെയാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കരട് ലിസ്റ്റ് തയ്യാറാക്കിയതെന്ന് അഭിപ്രായപ്പെട്ട സമിതി ഇത്തരത്തിൽ ഒരു കരട് ലിസ്റ്റ് തയ്യാറാക്കിയതിൽ പ്രതിഷേധം രേഖപ്പെടുത്തി.

ധനകാര്യ വകുപ്പിലേക്ക് അംഗീകാരത്തിനായി അയച്ചിരിക്കുന്ന പ്രസ്തുത ലിസ്റ്റ് പിൻവലിക്കണമെന്നും അതാത് സ്ഥലത്തെ എം.എൽ.എ.-മാരുമായി ചർച്ച ചെയ്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർവഴി ശരിയായ ലിസ്റ്റ് വാങ്ങി പുതിയ റേറ്റ് ഉൾപ്പെടുത്തി ഒരു മാസത്തിനകം ഫൈനലൈസ് ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു.

എം.എൽ.എ.മാരുമായി ചർച്ച ചെയ്ത് തയ്യാറാക്കിയ ലിസ്റ്റാണെന്ന ധാരണയിലാണ് പ്രസ്തുത ലിസ്റ്റ് ധനകാര്യ വകുപ്പിലേക്ക് അയച്ചതെന്നും, പ്രസ്തുത ലിസ്റ്റ് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അത് പിൻവലിക്കാമെന്നും പ്രസ്തുത ലിസ്റ്റിൽ എം.എൽ.എ.മാർ പറഞ്ഞകാര്യങ്ങൾ വിട്ടുപോയിട്ടുണ്ടോയെന്നുള്ള കാര്യം പരിശോധിക്കാമെന്നും ജലവിഭവവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

(സർക്കാർ കത്ത് നമ്പർ 20312/പി.1/12/ജല.വി.വ. തീയതി 30-10-2012)

ജലവിഭവ വകുപ്പിന് കീഴിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ, ടെക്നിക്കൽ സാംഗ്ഷൻ എന്നിവയ്ക്ക് വരുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന സമിതി തീരുമാനം ചർച്ച ചെയ്യവേ പി.ഡബ്ല്യൂ.ഡി.-യിൽ ചെയ്യുന്നതുപോലെ ജലവിഭവ വകുപ്പിലും സി.ഇ.-യുടെ ഒരു കമ്മിറ്റി ഉണ്ടാക്കുന്നതിന് ഒരു പ്രൊപ്പോസലുണ്ടാക്കണമെന്നും ഇത് സംബന്ധമായ ഒരു കുറിപ്പ് ധനകാര്യ വകുപ്പുമന്ത്രിക്ക് അയയ്ക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ടെക്നിക്കലായിട്ടുള്ള അറിവ് കൂടുതലായി ആവശ്യമായതിനാൽ ഇത് ഗവൺമെന്റിലേക്ക് വരുന്നതിനേക്കാൾ സി.ഇ.-യുടെ കമ്മിറ്റി തന്നെ ചെയ്യുന്നതാണ് നല്ലതെന്ന് ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

(സർക്കാർ കത്ത് നമ്പർ 20312/പി.1/12/ജല.വി.വ. തീയതി 30-10-2012)

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കണമെന്ന സമിതി നിർദ്ദേശത്തിന്റെ പരിഗണനാവേളയിൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ നിലവിലുള്ള പദ്ധതിയിൽനിന്നും മേത്തല, ഏറിയാട് എന്നീ പ്രദേശങ്ങളിലേക്ക് വെള്ളം നൽകിയിരുന്നെന്നും, എന്നാൽ ഇപ്പോൾ മേത്തല, ഏറിയാട്, കടുകുറ്റി പദ്ധതി നബാർഡിന്റെ സഹായത്തോടെ ഭാഗികമായി കമ്മീഷൻ ചെയ്ത് ഈ പ്രദേശത്തേക്ക് കുടിവെള്ള വിതരണം നടത്തുന്നതിനാൽ, നിലവിലുള്ള കൊടുങ്ങല്ലൂർ പദ്ധതിയിലെ വെള്ളം അവിടെത്തന്നെ വിതരണം ചെയ്യാൻ കഴിയുന്നു ണ്ടെന്നും ആയതിനാൽ, അവിടെ കുടിവെള്ളക്ഷാമമില്ലെന്നും, കൂടാതെ ഇപ്പോൾ ജലനിധിയിൽ കൊടുങ്ങല്ലൂർ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകൾക്കും വെള്ളം എത്തിക്കാനുള്ള പദ്ധതി ഉണ്ടെന്നും ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പാവറട്ടി പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് സംബന്ധമായ കാര്യത്തിൽ ബഹു. സ്ഥലം എം.എൽ.എ.-യെക്കൂടി വിളിച്ച് ചർച്ചചെയ്ത് തീരുമാനമെടുക്കണമെന്ന് സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

(സർക്കാർ കത്ത് നമ്പർ 20346/സി.1/12/ജല.വി.വ. തീയതി 30-10-2012)

കാഡയുടെ പ്രവർത്തനം സംബന്ധിച്ച വിശദീകരണക്കുറിപ്പ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(സർക്കാർ കത്ത് നമ്പർ 8126/കാഡാ.2/2012/ജല.വി.വ. തീയതി 17-8-2012)

മാള ജലവിതരണ പദ്ധതി പുനരുദ്ധരിക്കുന്നത് സംബന്ധിച്ച സമിതി ശുപാർശയിന്മേൽ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

(സർക്കാർ കത്ത് നമ്പർ 20331/ബി.1/12/ജല.വി.വ. തീയതി 30-10-2012)

മലബാർ പാക്കേജ് പദ്ധതി പൂർത്തിയാക്കുന്നത് സംബന്ധിച്ച സമിതി ശുപാർശയിന്മേൽ മലബാർ പാക്കേജ് പദ്ധതിയിൽ അനുവദിച്ച മോട്ടോറുകൾ സ്റ്റാർട്ടറുകൾ ഇല്ലാത്തതിന്റെ പേരിൽ ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുകയാണെന്നും, ഇതുവരെയും ഒരു മോട്ടോറും വർക്ക് ചെയ്തിട്ടില്ലായെന്നും അതിനാൽ പ്രസ്തുത പാക്കേജ് പ്രകാരം അനുവദിച്ച പദ്ധതികൾ എന്തുകൊണ്ട് സമയബന്ധിതമായി പൂർത്തിയാകുന്നില്ല എന്നതിനെ സംബന്ധിച്ച് ഒരു മോണിറ്ററിംഗ് നടത്തണമെന്ന് സമിതി നിർദ്ദേശിക്കുകയും അപ്രകാരം ചെയ്യാമെന്ന് ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകുകയും ചെയ്തു.

ശബരിമല കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പമ്പുസെറ്റുകൾ മുഴുവൻ മാറ്റിയിട്ടുണ്ടെന്നും, രണ്ട് റീച്ചുകളുടെ പണി, പമ്പ് ഹൗസുകളുടെ നവീകരണം എന്നിവ പൂർത്തിയായിട്ടുണ്ടെന്നും ബാക്കി വർക്കുകൾ ഒൻപത് മാസത്തിനകം പൂർത്തിയാക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

മീനാട് പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ നെറ്റ്‌വർക്കിന്റെ നിർമ്മാണം സംബന്ധിച്ച ശുപാർശ പരിഗണനയ്ക്കെടുത്തപ്പോൾ പ്രസ്തുത പദ്ധതിയുടെ മുടങ്ങിക്കിടന്ന വർക്ക് അവാർഡ് ചെയ്ത് പണി തുടങ്ങിക്കഴിഞ്ഞുവെന്നും, കെ.എസ്.ടി.പി. റോഡുകളുടെ പ്രശ്നംമൂലമാണ് കാലതാമസം വരുന്നതെന്നും, വർക്ക് പൂർത്തീകരിക്കാൻ 18 മാസമാണ് സമയം നൽകിയിരിക്കുന്നതെന്നും ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ചേർത്തല പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച് ഒരു മോട്ടോർ മാത്രമേ ഇൻ-ടേക്കിൽ ഇപ്പോൾ വർക്ക് ചെയ്യുന്നുള്ളൂവെന്നും, രണ്ട് മോട്ടോറുകളും വർക്ക് ചെയ്താൽ മാത്രമേ വെള്ളം ലഭിക്കുകയുള്ളൂവെന്നും, രാത്രിയിലും പമ്പിംഗ് നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാകണമെന്നും സമിതി അഭിപ്രായപ്പെട്ടു. പൈപ്പ് ലൈൻ പൊട്ടി അപകടമുണ്ടാകുമെന്ന് കരുതിയാണ് രാത്രി സമയത്ത് പമ്പിംഗ് നടത്താതിരുന്നതെന്നും ഇതുസംബന്ധിച്ച് മോണിറ്ററിംഗ് നടത്തുന്നതിനും ഒരു ക്യാമ്പ് ഓഫീസ് തുറക്കുന്നതിനുമുള്ള സംവിധാനം ചെയ്തിട്ടുണ്ടെന്നും എയർവാൽവുകൾ റീ-കണ്ടീഷൻ ചെയ്തതിനാൽ പൈപ്പ് ലൈനുകൾ പൊട്ടാനുള്ള സാധ്യത ഇപ്പോൾ വളരെ കുറവാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

ജി.ആർ.പി. പൈപ്പിട്ടതുകൊണ്ടാണ് ഈ പ്രശ്നം ഉണ്ടായിട്ടുള്ളതെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് രണ്ടാഴ്ചയ്ക്കകം ലഭിച്ചാലുടൻ പൈപ്പ് ലൈൻ മാറ്റുന്നതടക്കമുള്ള നടപടി ഉണ്ടാകുമെന്നും ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുന്നതുവരെയുള്ള ജലക്ഷാമം പരിഹരിക്കുന്നതിന് ട്യൂബ് വെൽ പ്രവർത്തനക്ഷമമാക്കണമെന്നും ഇത് സംബന്ധിച്ച് യോഗം വിളിച്ചു ചേർക്കണമെന്നും സമിതി നിർദ്ദേശിച്ചു.

മെയിന്റനൻസ് നടക്കാത്തതിന്റെ പേരിലും, മെയിന്റൻസ് നടന്നതിൽ കൊടുക്കാനുള്ള തുക കൊടുക്കാത്തതിന്റെ പേരിലും പ്രശ്നങ്ങളുണ്ടെന്ന് മനസ്സിലാക്കിയ സമിതി ഇത് സ്പെഷ്യൽ കേസായി ക്യാബിനറ്റിൽ മൂവ് ചെയ്യിപ്പിക്കണമെന്ന് അഭിപ്രായപ്പെട്ടു. എല്ലാ മാസവും 24 കോടി രൂപ കമ്മിയാണെന്നും വെള്ളത്തിന്റെ ചാർജ് കൂട്ടുക മാത്രമാണ് ഇതിനൊരു പരിഹാരമാർഗ്ഗമെന്നും ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ചീക്കോട് പദ്ധതിയുടെ ശേഷിക്കുന്ന ജോലികൾ സംബന്ധിച്ച് പത്ത് വില്ലേജുകളിലായി നടപ്പിലാക്കുന്ന ചീക്കോട് പദ്ധതിയിൽ രണ്ട് വില്ലേജിൽ മാത്രമാണ് ഹൗസ് കണക്ഷൻ നൽകുന്നതിനുവേണ്ടി പൈപ്പുകളിട്ടിട്ടുള്ളതെന്നും, പൈപ്പ് ലൈനിന്റെ പണി പൂർത്തിയായാലും ജനങ്ങൾക്ക് വെള്ളം ലഭിക്കാത്ത ഒരവസ്ഥയാണ് ഉള്ളതെന്നും സമിതി അഭിപ്രായപ്പെട്ടു.

ചീക്കോട് പദ്ധതിയുമായി ബന്ധപ്പെട്ട ബാക്കി വില്ലേജുകളിൽ ഹൗസ് കണക്ഷനുവേണ്ട ശരിയായ എസ്റ്റിമേറ്റുണ്ടാക്കിയശേഷം അത് വീണ്ടും എസ്.എൽ.എസ്.സി.-ക്ക് നൽകണമെന്നും ഇക്കാര്യം സെക്രട്ടറി പരിശോധിക്കണമെന്നും സമിതി

നിർദ്ദേശിച്ചു. ചീക്കോട് പദ്ധതിയിലെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം ഏറ്റെടുത്ത കരാറുകാരൻ പണിപൂർത്തിയാക്കാത്തതിനാൽ അത് റീ-ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിരിക്കുകയാണെന്നും പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ എന്നിവയ്ക്ക് മാത്രമേ ഇനി വർക്ക് ഓർഡർ നൽകേണ്ടതായുള്ളൂ എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമതിയെ അറിയിച്ചു. പൈപ്പുലൈനുകളുടെ പണിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയശേഷം എം.എൽ.എ. ഫണ്ട് പഞ്ചായത്തിൽ കൊടുത്ത് അവിടെനിന്നും അവരെക്കൊണ്ടുതന്നെ കണക്ഷൻ കൊടുപ്പിക്കാമെന്നും ആ രീതി തുടരാമെന്നും ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഉടുമ്പഞ്ചോല, ഇരട്ടയാർ എന്നീ പദ്ധതികളുടെ ജോലി പുരോഗമിക്കുകയാണെന്ന് ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

### 25-1-2012-ലെ യോഗനടപടിക്കുറിപ്പിലെ ഭൂകമ്പമാപിനി സ്ഥാപിക്കണമെന്ന നിർദ്ദേശത്തിൻമേൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലഭ്യമാക്കിയ മറുപടി

(ഫയൽ നമ്പർ 81/സബ്.സി.എ1/2012/ലെജി)

(സർക്കാർ കത്ത് നമ്പർ MGP/Sub. Committee/2012-13/497 തീയതി 6-10-2012)

മറുപടി സമിതി അംഗീകരിച്ചു.

### 2011-2012 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേൽ ലഭ്യമാക്കിയ മറുപടി.

(ഫയൽ നമ്പർ 4929/സബ്.സി.എ1/2011/ലെജി)

ശുപാർശ നമ്പർ 6 മുതൽ 13 വരെ

(കത്ത് നമ്പർ 24864/എം.ഐ.2/11/ജ.വി.വ. തീയതി 4-8-2012)

ശുപാർശ നമ്പർ 23, 38, 39, 48, 55.

(കത്ത് നമ്പർ 25019/എം.പി.1/11/ജ.വി.വ. തീയതി 3-9-2012)

ശുപാർശ നമ്പർ 24, 29, 33, 34, 53, 56, 59, 62.

(കത്ത് നമ്പർ 24808/എം.പി.3/11/ജ.വി.വ. തീയതി 9-10-2012)

പ്രസ്തുത ശുപാർശകളിൻമേൽ ലഭ്യമാക്കിയ മറുപടികൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### ജലനിധിയുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേൽ ലഭ്യമാക്കിയ മറുപടി

(ഫയൽ നമ്പർ 16670/സബ്.സി.എ1/2008/ലെജി.)

ശുപാർശ നമ്പർ 51, 55-61, 63-67

(കത്ത് നമ്പർ 20287/ബി.2/2008/ജ.വി.വ. തീയതി 13-8-2012)

2014-ൽ കമ്മീഷൻ ചെയ്യപ്പെടുന്ന ജലനിധി പദ്ധതിയുമായി ബന്ധപ്പെട്ട ചർച്ചയിൽ വാട്ടർ അതോറിറ്റിയുടെ സ്കീമിൽ നിന്നും ഹൗസ് കണക്ഷൻ കൊടുക്കുന്നത് ഒരു

കാരണവശാലും തടയരുതെന്നും ജലസേചന പദ്ധതികളുടെ പ്രോജക്ട് മെയിന്റനൻസിന് ലഭിച്ച തുക അടിയന്തരമായി നൽകണമെന്നുമുള്ള സമിതി നിർദ്ദേശത്തിന്മേൽ അപ്രകാരം ചെയ്യാമെന്ന് ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉറപ്പുനൽകി.

25-11-2010-ലെ യോഗനടപടിക്കുറിപ്പിലെ എ.ആർ.പി. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്ന രീതിയിൽ നടപടികൾ ആവിഷ്കരിക്കണമെന്നും വാട്ടർ അതോറിറ്റിയുടെ ബോർഡിന്റെ അധികാരപരിധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നുമുള്ള സമിതി ശുപാർശയിന്മേൽ ലഭ്യമാക്കിയ മറുപടി

(ഫയൽ നമ്പർ 14318/സബ്.സി.എ1/2010/ലെജി.)

(കത്ത് നമ്പർ 1715/സി.1/2011/ജ.വി.വ. തീയതി 1-8-2012)

മറുപടി സമിതി അംഗീകരിച്ചു.

2011-ലെ കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ സർവ്വീസ് റൂൾസ്-കരട് ചട്ടം സംബന്ധിച്ച് ലഭ്യമാക്കിയ മറുപടി.

(ഫയൽ നമ്പർ 3693/സബ്.സി.എ1/2011/ലെജി.)

(കത്ത് നമ്പർ 30992/സി.2/97/ജ.വി.വ. തീയതി 30-10-2012)

സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയ പുതുക്കിയ കരട് ചട്ടം നിയമവകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് അയച്ചിരിക്കുകയാണെന്ന മറുപടി സമിതി അംഗീകരിച്ചു.

കൊല്ലത്ത് ചിറക്കര കെ.ഐ.പി.-യുടെ ലിഫ്റ്റ് ഇറിഗേഷനുമായി ബന്ധപ്പെട്ട പ്രോജക്ടിൽ ഇലക്ട്രിസിറ്റി ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി ഒരു മീറ്റിംഗ് വിളിക്കുന്നതോടൊപ്പം ഇതിന്റെ മറ്റ് നടപടികളും ത്വരിതപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

ഗംഗാനദിയുടെ മലിനീകരണം കുറയ്ക്കുന്നതിനും, നദീതടസംരക്ഷണം ഉറപ്പു വരുത്തുന്നതിനും അധികാരമുള്ള അതോറിറ്റിയാണ് ഗംഗാ റിവർ ബെയ്സിൻ അതോറിറ്റി എന്നതിനാൽ ആ മാതൃകയിൽ കേരള സംസ്ഥാനത്തെ 44 നദികളുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നതിലേക്കായി ഒരു നദീതട അതോറിറ്റി രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുവാൻ സമിതി ഏകകണ്ഠമായി തീരുമാനിച്ചു. ഇത് നടപ്പിലാക്കുന്നതിനായി നിയമവകുപ്പുമായി കൂടിയാലോചിക്കുന്നതിന് ജലവിഭവവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണെന്നും അതിന്റെ അടിസ്ഥാനത്തിൽ എടുക്കുന്ന നടപടികൾ അടുത്ത സബ്ജക്ട് കമ്മിറ്റി യോഗത്തിൽ റിപ്പോർട്ട് ചെയ്യണമെന്നും, ഏറ്റവുമടുത്ത നിയമസഭാ സമ്മേളനത്തിൽ ഈ നിയമം പ്രാബല്യത്തിൽ കൊണ്ടുവരാൻ ജലസേചന വകുപ്പ് മുൻകൈയെടുക്കണമെന്നും ഈ തീരുമാനം ജലസേചന വകുപ്പ് സെക്രട്ടറിയെ സ്പെഷ്യൽ നോട്ടുവഴി അടിയന്തരമായി അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 1.30-ന് പിരിഞ്ഞു.

## 6-3-2013-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III 6-3-2013 ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷത യിൽ യോഗംചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. വർക്കല കഹാർ, എം.എൽ.എ.
2. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ), എം.എൽ.എ.
3. ശ്രീ. റ്റി. എൻ. പ്രതാപൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. ബി. സുരേഷ്, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. വി. ജെ കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ്.
2. ശ്രീ. വി. സോമസുന്ദരം, അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ്.
3. ശ്രീ. അശോക് കുമാർ സിങ്, മാനേജിംഗ് ഡയറക്ടർ, കേരളാ വാട്ടർ അതോറിറ്റി.
4. ശ്രീ. കെ. സോമൻ, അഡീഷണൽ സെക്രട്ടറി, വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റ്.
5. ശ്രീമതി എസ്. രഹ്ന ബീഗം, ജോയിന്റ് സെക്രട്ടറി, വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റ്.
6. ശ്രീ. വി. എസ്. പ്രദീപ്, എഫ്.എം & സി.എ.ഒ., കേരള വാട്ടർ അതോറിറ്റി.
7. ശ്രീ. ബി. ജയറാം, ചീഫ് എഞ്ചിനീയർ (പ്രോജക്ട് II), തിരുവനന്തപുരം.
8. ശ്രീമതി ലതിക, പി., ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ.
9. ശ്രീ. എം.കെ. മദനമോഹനൻ നായർ, സീനിയർ ഫിനാൻസ് ഓഫീസർ (പ്രോജക്ട് II).
10. ശ്രീ. കെ. എസ്. മധു, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235എ പ്രകാരം "രാജീവ് ഗാന്ധി കുടിവെള്ള സംരംഭം" സംബന്ധിച്ച വിഷയത്തിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി. കൂടാതെ

2006-07, 2009-10, 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥന കളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേലും 18-10-2011, 3-8-2011, 25-1-2012 എന്നീ തീയതികളിലെ യോഗനടപടിക്കുറിപ്പിലെ സമിതി നിർദ്ദേശ ങ്ങളിന്മേലും സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ സമിതി പരിഗണിക്കുകയും താഴെപ്പറയും പ്രകാരം തീരുമാനങ്ങളെടുക്കുകയും ചെയ്തു:

**I. രാജീവ് ഗാന്ധി കുടിവെള്ള സംരംഭം സംബന്ധിച്ച് ചട്ടം 235എ പ്രകാരമുള്ള ചർച്ച**

(ഫയൽ നമ്പർ 85/സബ്.സി.എ1/2013/ലെജി.)

(സർക്കാർ കത്ത് നമ്പർ 5345/ഭൂ.ജല.1/2012/ജ.വി.വ.)

രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിപ്രകാരം കുഴൽക്കിണർ പദ്ധതികൾ നടപ്പിലാക്കി നിലവിലുള്ള വരൾച്ച നേരിടുന്നതിനായി ഭൂജല വകുപ്പിന് 100 ലക്ഷം രൂപ അധികമായി ലഭ്യമാക്കേണ്ടത് അത്യാവശ്യമാണെന്ന് സൂചിപ്പിച്ചുകൊണ്ട് ജലവിഭവ വകുപ്പ് ലഭ്യമാക്കിയ "രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്ന കുഴൽക്കിണർ കുടിവെള്ള വിതരണ പദ്ധതി" സംബന്ധിച്ച കുറിപ്പ് സമിതി ചർച്ചക്കെടുത്ത പ്പോൾ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിക്ക് സാധാരണ ഒരു കോടി രൂപയാണ് ബഡ്ജറ്റിൽ നൽകുന്നതെന്നും എന്നാൽ 12 കോടി രൂപ കൂടി നൽകി പ്രസ്തുത പദ്ധതിക്ക് ആകെ 13 കോടി രൂപയാണ് ഈ വർഷം ലഭിക്കുന്നതെന്ന് ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. തുടർന്ന്, 13 കോടി രൂപ അനുവദിച്ചിരിക്കുന്നതിനാൽ, ജലവിഭവ വകുപ്പ് ലഭ്യമാക്കിയ കുറിപ്പിൽ വ്യക്ത മാക്കിയിരിക്കുന്ന പ്രകാരം 100 ലക്ഷം രൂപ അധികമായി ലഭ്യമാക്കണമെന്ന ആവശ്യ ത്തിന് പ്രസക്തിയില്ലെന്ന് സമിതി വിലയിരുത്തി.

**II. (1) 2006-07-ലെ ഒന്നാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 12442/സബ്.സി.എ1/2006/ലെജി.)

ശുപാർശ നമ്പർ 27 (സർക്കാർ കത്ത് നമ്പർ 27036/ഐ.ആർ.2/2012/ജ.വി.വ. തീയതി 22-12-2012)

സംസ്ഥാനത്തെ ജലസംഭരണികളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും മണലും നീക്കംചെയ്യുന്നതിനായി ചീഫ് എഞ്ചിനീയർ മഹാനുദേവന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും മണ്ണും ചെളിയും മാറ്റി എടുക്കുന്നതിന് പുതിയ ടെക്നോളജി ഉപയോഗിക്കുവാൻ സാധിക്കുമോയെന്ന് പരീക്ഷിക്കുകയാണെന്നും ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത നടപടി വേഗത്തിലാക്കണ മെന്ന് സമിതി ചെയർമാൻ നിർദ്ദേശിക്കുകയും ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉറപ്പ് നൽകുകയും ചെയ്തു.

(2) **2009-10-ലെ നാലാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 15819/സബ്.സി.എ.1/2010/ലെജി.)

ശുപാർശ നമ്പർ 5 (സർക്കാർ കത്ത് നമ്പർ 487/സി.3/2012/ജ.വി.വ. തീയതി 9-12-2012)

ശുപാർശയിലെ ചവറ-പന്മന പദ്ധതിക്കായി റിവൈസ് ചെയ്ത 33 കോടി രൂപ സ്റ്റേറ്റ് പ്ലാനിലൂടെയും ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ഫണ്ടിലൂടെയുമാണ് അനുവദിച്ച് തന്നിട്ടുള്ളതെന്നും ആയതിന്റെ പണി പൂർത്തികരിച്ച് കഴിഞ്ഞുവെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. മറുപടി സമിതി അംഗീകരിച്ചു.

(3) **2011-12-ലെ ഒന്നാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 4929/സബ്.സി.എ1/2011/ലെജി.)

ശുപാർശ നമ്പർ 3 (സർക്കാർ കത്ത് നമ്പർ 24918/ബി3/2011/ജ.വി.വ. തീയതി 4-12-2012)

ശുപാർശയിൽ ചേർത്തിട്ടുള്ള ശുദ്ധജലവിതരണ പദ്ധതികൾക്കായി വകുപ്പിന് ലഭിച്ച തുക മതിയാകുമെന്നും, സംസ്ഥാന ഫണ്ടിൽ നിന്നും ലഭിച്ചില്ലെങ്കിലും കേന്ദ്ര ഫണ്ടിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിക്കാമെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

ശുപാർശ നമ്പർ 5 (സർക്കാർ കത്ത് നമ്പർ 24918/ബി3/2011/ജ.വി.വ. തീയതി 4-12-2012)

ശുപാർശയിൽ നോൺ പ്ലാൻ ഇനത്തിൽ അനുവദിച്ച തുക അറ്റകുറ്റപ്പണികൾക്ക് മാത്രമായിരുന്നെന്നും ശമ്പളത്തിനും മറ്റും കൂടുതൽ തുക ആവശ്യമുണ്ടായിരുന്നുവെന്നും വകുപ്പ് സമിതിയെ അറിയിച്ചു. വാട്ടർ അതോറിറ്റിയിലെ സാധാരണ ജോലിക്കാർക്ക് ശമ്പളം കൊടുക്കുന്നത് സംബന്ധിച്ച് കൃത്യമായ ഒരു മാർഗ്ഗരേഖ ഉണ്ടാക്കണമെന്ന് സമിതി ചെയർമാൻ നിർദ്ദേശിച്ചതിന് അപ്രകാരം ചെയ്യാമെന്ന് ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ശുപാർശ നമ്പർ 44, 50

സർക്കാർ കത്ത് നമ്പർ 24807/ഐ.എസ്.ഡബ്ല്യൂ.സി1/2011/ജ.വി.വ. തീയതി 2-11-2012

കേരള ഡാം സുരക്ഷാ അതോറിറ്റി, കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം എന്നിവയെ സംബന്ധിച്ച ശുപാർശയിന്മേൽ വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

ശുപാർശ നമ്പർ 45

സർക്കാർ കത്ത് നമ്പർ 24875/പി1/2011/ജ.വി.വ. തീയതി 19-11-2012

ഗുണനിയന്ത്രണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട്, ഗുണനിലവാരം പരിശോധിക്കുന്നതിന് ധാരാളം ഉപകരണങ്ങളുടെ ആവശ്യമുണ്ടെന്ന് വകുപ്പ് ഉദ്യോഗസ്ഥർ

സമിതിയെ അറിയിച്ചു. ഗുണനിലവാരം പരിശോധിക്കുന്ന സാധനങ്ങൾ വാങ്ങുന്നതിൽ ധനദൗർലഭ്യത ഉണ്ടാകരുതെന്നും അതിനായി ബഡ്ജറ്റിൽ കൂടുതൽ തുക ആവശ്യപ്പെടണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ശുപാർശ നമ്പർ 51, 63

സർക്കാർ കത്ത് നമ്പർ 24875/പി1/2011/ജ.വി.വ. തീയതി 19-11-2012

ശുപാർശകളിന്മേൽ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

ശുപാർശ നമ്പർ 73

(സർക്കാർ കത്ത് നമ്പർ 24875/പി1/2011/ജ.വി.വ. തീയതി 19-11-2012)

മലബാർ പാക്കേജിന്റെ പല വർക്കുകളും അവസാന ഘട്ടത്തിലാണെന്നും പല പദ്ധതികളും തീർന്നിട്ടില്ലാത്തതിനാൽ അടുത്തവർഷം വരെ നീണ്ടുപോകുമെന്നും റെഗുലേറ്ററിന്റെ അനുമതി കിട്ടിയതിനുശേഷമാണ് ഇൻവെസ്റ്റിഗേഷൻ നടത്തി മാതൃകയെല്ലാം വാങ്ങിയതെന്നും, ആയതിനാൽ റെഗുലേറ്ററുകളുടെ പണികൾ ഇപ്പോൾ തുടങ്ങുന്നതേയുള്ളൂവെന്നും ജലവിഭവ വകുപ്പ് സമിതിയെ അറിയിച്ചു. മലബാർ പാക്കേജിൽ ഇപ്പോൾ പുതുതായി വർക്കുകൾ ഒന്നും എടുത്തിട്ടില്ലായെന്നും അനുമതി കിട്ടിയവ തീർക്കുകയാണെന്നും ചീഫ് എഞ്ചിനീയർ, ഐ. & എ. അറിയിച്ചു. ബേക്കൽ റിസോർട്ടിന്റെ റിപ്പയറിനും അറ്റകുറ്റപ്പണികൾക്കുമായി ടൂറിസം വകുപ്പ് 1 കോടി രൂപ നൽകിയിട്ടുണ്ടെന്നും അറ്റകുറ്റപ്പണികൾ നടത്തിയതിനുശേഷം ഏറ്റെടുക്കാമെന്നും വാട്ടർ അതോറിറ്റി എം.ഡി. സമിതിയെ അറിയിച്ചു.

(4) **2012-13-ലെ രണ്ടാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 3056/സബ്.സി.എ1/12/ലെജി.)

ശുപാർശ നമ്പർ 4, 5 (സർക്കാർ കത്ത് നമ്പർ 18994/സി1/12/ജ.വി.വ. തീയതി 30-11-2012)

നബാർഡിന്റെ സഹായത്തോടെയുള്ള RIDF പദ്ധതികൾക്ക് 36 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ടെന്നും 33.84 കോടി രൂപ അഡീഷണൽ ആതറൈസേഷൻ വഴി നല്കിയിട്ടുണ്ടെന്നും, വീണ്ടും 30 കോടി രൂപയുടെ അഡീഷണൽ ആതറൈസേഷൻ ആവശ്യപ്പെട്ടതിന്മേൽ ധനകാര്യ വകുപ്പ് നടപടി സ്വീകരിച്ചു വരികയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക സംബന്ധിച്ച് ബഡ്ജറ്റിൽ നിർദ്ദേശം കൊടുക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. ശുപാർശ നമ്പർ 4, 5 എന്നിവയിന്മേൽ ലഭ്യമായ മറുപടി സമിതി അംഗീകരിച്ചു.

ശുപാർശ നമ്പർ 9, 10, 12, 13, 14

(സർക്കാർ കത്ത് നമ്പർ 18960/എം.ഐ2/2012/ജ.വി.വ. തീയതി 19-10-2012)

പ്രസ്തുത ശുപാർശകളിന്മേൽ ജലവിഭവ വകുപ്പിൽ നിന്നും ലഭ്യമായ മറുപടി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ശുപാർശ നമ്പർ 24, 27, 52-57

(സർക്കാർ കത്ത് നമ്പർ 18894/ഐ.ആർ2/2012/ജലവിഭവ. തീയതി 28-12-2012)

പ്രസ്തുത ശുപാർശകളിന്മേൽ ജലവിഭവവകുപ്പിൽ നിന്നും ലഭ്യമായ മറുപടി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു

ശുപാർശ നമ്പർ 7, 8 (ഇടക്കാല മറുപടി)

(സർക്കാർ കത്ത് നമ്പർ 18943/ഭൂ.ജല.1/2012/ജ.വി.വ. തീയതി 5-12-2012)

പ്രസ്തുത ശുപാർശയിന്മേൽ വകുപ്പ് ലഭ്യമാക്കിയിട്ടുള്ള ഇടക്കാല മറുപടി സമിതി അംഗീകരിക്കുകയും അന്തിമ മറുപടി ലഭ്യമാക്കാൻ വകുപ്പിനോട് ആവശ്യപ്പെടണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തു.

(5) **പെപ്സി കമ്പനിയുടെ അമിത ജലഉപയോഗവും ജലമലിനീകരണവും സംബന്ധിച്ച റിപ്പോർട്ട്.**

ശുപാർശ നമ്പർ 32

18-10-2011-ലെ യോഗനടപടിക്കുറിപ്പിലെ അധിക വിവരം സംബന്ധിച്ച്

(ഫയൽ നമ്പർ 13848/സബ്.സി.എ.1/2010/ലെജി.)

(സർക്കാർ കത്ത് നമ്പർ 32599/ബി.3/2011/വ്യ.വ. തീയതി 24-12-2012)

പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശം അനുസരിച്ച് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് വഴി അനുമതി നല്കുന്നതിനുമുമ്പായി ബന്ധപ്പെട്ട വകുപ്പിന്റെ അഭിപ്രായംകൂടി പരിഗണിക്കാറുണ്ടെന്നും, കിൻഫ്രയുടെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ജലത്തിന് ദൗർലഭ്യം ഉള്ളതുകൊണ്ട് കിൻഫ്രയുടെ ബഡ്ജറ്റിൽ നിന്നും പണം ചെലവഴിച്ച് ഒരു ജലവിതരണ പദ്ധതിക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും വാട്ടർ അതോറിറ്റി അത് അംഗീകരിച്ചുകഴിഞ്ഞാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാവുന്നതാണെന്നും പ്രസ്തുത പദ്ധതികൂടി നടപ്പിലാക്കിക്കഴിഞ്ഞാൽ സമിതിയുടെ നിർദ്ദേശത്തിന്മേലുള്ള പരിഹാരമാകുമെന്നും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന് അപേക്ഷ കിട്ടിക്കഴിഞ്ഞാൽ തദ്ദേശ സ്വയംഭരണവകുപ്പുകൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങൾക്കും അയച്ചുകൊടുത്ത് അവരുടെ അഭിപ്രായംകൂടി അറിഞ്ഞതിനുശേഷമേ തീരുമാനമെടുക്കാറുള്ളുവെന്നും,

വാട്ടർ അതോറിറ്റിയും പഞ്ചായത്തും ഉൾപ്പെടെ എല്ലാ വകുപ്പുകളും ഇതിൽ അംഗങ്ങളാണെന്നും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. വ്യവസായ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(6) **3-8-2011-ലെ യോഗനടപടിക്കുറിപ്പിലെ ശുപാർശ**

ശുപാർശനമ്പർ 1, 2

ഫയൽ നമ്പർ 5681/സബ്.സി.എ1/11/ലെജി.

(സർക്കാർ കത്ത് നമ്പർ 26669/ഭൂ.ജ.ല1/2011/ജ.വി.വ. തീയതി 21-11-2012)

പ്രസ്തുത യോഗനടപടിക്കുറിപ്പിലെ സമിതി നിർദ്ദേശങ്ങളിന്മേൽ വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

(7) **25-1-2012-ലെ യോഗനടപടിക്കുറിപ്പിലെ ശുപാർശ**

ഫയൽ നമ്പർ 81/സബ്.സി.എ.1/2012/ലെജി.

(സർക്കാർ കത്ത് നമ്പർ 23911/ഐ.എസ്.ഡബ്ല്യൂ.സി1/2012/ജ.വി.വ., തീയതി 30-10-2012)

പ്രസ്തുത ശുപാർശ പരിഗണനയ്ക്കെടുത്ത സമിതി റൂർക്കിയിൽ വച്ച് നടന്ന ചർച്ചയിൽ സെസ്സിലെ പ്രതിനിധികൾ പങ്കെടുക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് ആരാഞ്ഞു. പ്രോ-മോഡലിംഗ് വിദഗ്ദ്ധനായ ഒരു ശാസ്ത്രജ്ഞനാണ് പ്രസ്തുത ചർച്ചയിൽ പങ്കെടുക്കാൻ പോയതെന്നും അതുകൊണ്ട് സെസ്സിലെ പ്രതിനിധികൾ പോകേണ്ട ആവശ്യം ഉണ്ടായിരുന്നില്ലെന്നും വകുപ്പ് സമിതിയെ അറിയിച്ചു.

ഉച്ചയ്ക്കുശേഷം 12.30-ന് സമിതി യോഗം പിരിഞ്ഞു.